ISSN-0971-8397

# യോജന

ഫെബ്രുവരി 2015 | ഒരു വികസനപത്രിക | ₹ 10

## ഇന്ത്യയും ഫെഡറൽ സംവിധാനവും



**സാമ്പത്തിക ഫെഡറൽ സംവിധാനവും നിതി ആയോഗും**
എം എ ഉമ്മൻ

**ഇന്ത്യയുടെ വിജയമന്ത്രമായി വൈവിധ്യത്തിന്റെ ആഘോഷം**
ഡോ. അഷ് എൻ. റോയ്

**പ്രത്യേക ലേഖനം**

**അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളും വളരുന്ന വിപണികളും**
അലോക് ഷീൽ

**ഫോക്കസ് ലേഖനം**

**ഡിജിറ്റൽ ഇന്ത്യാ പരിപാടി**
യോഗേഷ് കെ. ദ്വിവേദി



**ദേശീയ ഗെയിംസിന് മുന്നോടിയായി നടന്ന "റൺ കേരള റൺ", കേരളാ ഗവർണർ പി. സദാശിവം, മുഖ്യമന്ത്രി ഉമ്മൻചാണ്ടി, സച്ചിൻ തെണ്ടുൽക്കർ തുടങ്ങിയ പ്രമുഖരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്യുന്നു.**

ഫെബ്രുവരി 2015

വാല്യം 43 | ലക്കം 7


# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**രാജേഷ് കെ. ഝാ**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**

*എഡിറ്റർ:*
**ആർ. കെ. പിള്ള**




ഈ ലക്കത്തിൽ

## ഇന്ത്യയും ഫെഡറൽ സംവിധാനവും

**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695 001, ഫോൺ : 0471 - 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് - 4, ലെവൽ - 7, ആർ.കെ.പുരം, ന്യൂഡൽഹി - 110066, ഫോൺ : 26105590

വരിസംഖ്യ ഒരു വർഷം ₹ 100/-, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/-

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. പി.ജി ധോപെ

യോജന ഫെബ്രുവരി 2015




## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

# ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● ഫെബ്രുവരി 2015 ● വാല്യം 43 ● ലക്കം ഏഴ്

# ഉള്ളടക്കം

## ഇന്ത്യയും ഫെഡറൽ സംവിധാനവും

7 ഇന്ത്യയുടെ വിജയമന്ത്രമായി വൈവിധ്യത്തിന്റെ ആഘോഷം
ഡോ. അഷ്, എൻ. റോയ്

12 സാമ്പത്തിക ഫെഡറൽ സംവിധാനവും നിതി ആയോഗും പ്രാദേശിക ഗവൺമെന്റിന്റെ കാഴ്ചപ്പാടും
എം. എ. ഉമ്മൻ

18 സുപ്രീം കോടതിയുടെ സാമൂഹിക നീതി ബഞ്ച്
ഡോ. പി. എൻ. വിജയകുമാർ

23 ഡിജിറ്റൽ ഇന്ത്യ പരിപാടി – പൊതുഭരണ പരിഷ്ക്കരണത്തിനുള്ള മഹത്തായ ഉദ്യമം
വൈ. കെ. ദ്വിവേദി

29 കിഴക്കൻ ഇന്ത്യയുടെ കാർഷിക പരിവർത്തനം: സാധ്യതകളും വെല്ലുവിളികളും
അൻജാനി കുമാർ, പി.കെ. ജോഷി

36 സാങ്കേതിക വിദ്യയും ഹരിതവിപ്ലവവും
ടി. എൻ. ശ്രീനിവാസൻ, പവൻ കട്കർ

## പ്രത്യേക ലേഖനം

42 അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളും വളരുന്ന വിപണികളും
അലോക് ഷീൽ

48 വില കുറഞ്ഞാൽ പോരാ നിക്ഷേപം വർധിക്കണം
റ്റി.സി. മാത്യു

52 പെൺകുട്ടിയെ സംരക്ഷിക്കൂ, പെൺകുട്ടിയെ പഠിപ്പിക്കൂ

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

**മാർച്ച് 2015**

**ബജറ്റ് 2015–16**

## മുഖപ്രസംഗം

ഒരു രാഷ്ട്രത്തിന്റെ വിവിധ തലങ്ങളെ സംയോജിപ്പിക്കുന്ന തത്വമെന്ന രീതിയിൽ ഫെഡറൽ സംവിധാനം ഏറേ പഴക്കമുള്ള ഒരു ആശയമാണ്. പുരാതന ഗ്രീസിലെ നഗരങ്ങളിൽ ഇത് നിലനിന്നിരുന്നു. ബി.സി. 6-ാം നൂറ്റാണ്ടിൽ ഉത്തരേന്ത്യയിലെ ലിച്ചാവി രാജ്യം പ്രശസ്തമായ ഒരു റിപ്പബ്ലിക്കായിരുന്നു. ആധുനിക കാലത്ത് വലിയ രാഷ്ട്രങ്ങളായ അമേരിക്ക, ബ്രസീൽ, മെക്സിക്കോ, ഇന്ത്യ എന്നിവിടങ്ങളിലും ഏറ്റവും ജനപ്രിയമാണ് ഫെഡറൽ സംവിധാനം. രാജ്യാന്തര തലങ്ങളിൽ തന്നെ ഫെഡറൽ സംവിധാനം നിലവിൽ വന്നതിന്റെ ഉദാഹരണമാണ് യൂറോപ്യൻ യൂണിയൻ. 1990നുശേഷം യുദ്ധമോ മറ്റ് ആഭ്യന്തര പ്രശ്നങ്ങളാലോ വലിയ ഫെഡറൽ സംവിധാനത്തിൽ നിന്ന് അടർന്ന് മാറി ഏകദേശം 36-ഓളം രാഷ്ട്രങ്ങൾ രൂപീകരിക്കപ്പെട്ടുവെന്നത് ഒരു പക്ഷെ അതിശയമായി തോന്നാം. ഇതിൽ മിക്കവയിലും നിലനിന്നിരുന്ന ഫെഡറൽ സംവിധാനത്തിന്റെ തെറ്റായ പ്രവർത്തനമാണ് ആഭ്യന്തര പ്രശ്നങ്ങൾക്കും അവസാനം പുതിയ രാഷ്ട്രങ്ങളുടെ രൂപീകരണത്തിനും കാരണമായത്. ആഗോള തലത്തിൽ ഫെഡറൽ സംവിധാനത്തിന്റെ പ്രവണതകൾ വ്യാപകമാണെങ്കിലും പരിപൂർണ്ണമായ ഫെഡറൽ സംവിധാനം ഇല്ലായെന്ന് ഈ രംഗത്തെ പണ്ഡിതർ പറയുന്നു. സാംസ്കാരികപരമായും, ഭാഷാപരമായും, വർഗപരമായും ഏറേ വൈവിദ്ധ്യമുള്ള ഇന്ത്യപോലുള്ള ഒരു രാഷ്ട്രത്തിന് ഫെഡറൽ സംവിധാനമാണ് അനുയോജ്യമെന്ന് നമ്മുടെ ഭരണഘടനാ ശില്പിയായ ബാബാസാഹേബ് അംബേദ്കർ വിശ്വസിച്ചിരുന്നു. അതേ സമയം ഭരണഘടനയ്ക്കു ശക്തമായ യൂണിറ്ററി ചായ്വും ഉണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സർദാർ പട്ടേലും മറ്റ് രാഷ്ട്ര നേതാക്കളും ഇതിനോട് യോജിച്ചിരുന്നു. എന്നാൽ ഫെഡറൽ സംവിധാനത്തെക്കുറിച്ച് ഗാന്ധിജിയുടെ വിശ്വാസം ഏറെ വ്യത്യസ്തമായിരുന്നു. പഞ്ചായത്ത്തലത്തിലെ ഏറ്റവും ചെറിയ ഭരണ സംവിധാനത്തിലേയ്ക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നതിനാണ് അദ്ദേഹം നിലകൊണ്ടത്.

ആഗോളീകരണം ഫെഡറൽ സംവിധാനം എന്ന ആശയത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. രാഷ്ട്രങ്ങൾ ഏറെ ശക്തമായി പരസ്പരം ബന്ധപ്പെട്ടിരിക്കുകയും പ്രബലമായ സാമ്പത്തിക, രാഷ്ട്രീയ സ്ഥാപനങ്ങൾ സ്വാധീനം ചെലുത്തുകയും ചെയ്യുമ്പോൾ രാഷ്ട്രങ്ങൾക്ക് തികച്ചും സ്വതന്ത്രമായി പ്രവൃത്തിക്കാനുള്ള സ്വാതന്ത്ര്യം പരിമിതമാണ്. ഇത് പലപ്പോഴും പൊതു സ്ഥാപനങ്ങളുടെ ബലക്ഷയത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് മേലുള്ള നിയന്ത്രണങ്ങൾ സാവധാനം കുറച്ച്കൊണ്ട് ഇന്ത്യ സഹകരണ ഫെഡറൽ സംവിധാനത്തിന്റെ പാതയിൽ മുന്നേറിയിരിക്കുകയാണ്.

ജനാധിപത്യം ആഴത്തിൽ വേരോടുമ്പോഴും അതിന്റെ അടിസ്ഥാനം വ്യാപിപ്പിക്കുമ്പോഴും മാത്രമേ ഫെഡറൽ സംവിധാനം യഥാർത്ഥ അർത്ഥത്തിൽ വിജയകരമാകുകയുള്ളു. വിവിധ ഭാഷകൾ, സംസ്കാരം, മതം എന്നിവയോട് ഇന്ത്യയിൽ നിലനിൽക്കുന്ന സവിശേഷ ബഹുമാനം നമ്മുടെ ഫെഡറൽ സംവിധാനത്തെ പരിപോഷിപ്പിക്കുകയും രാഷ്ട്രത്തെ പൊതുവായി ശാക്തീകരിക്കുകയും ചെയ്യും. ബുദ്ധകാലത്തെ പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന നമ്മുടെ ഫെഡറൽ സംവിധാനത്തെ ഇപ്രകാരംമാത്രമേ മുന്നോട്ടു നയിക്കാൻ കഴിയുകയുള്ളൂ.

# ഇന്ത്യയുടെ വിജയമന്ത്രമായി വൈവിധ്യത്തിന്റെ ആഘോഷം

ഡോ. അഷ് എൻ. റോയ്

**എന്തുകൊണ്ടാണ് ഫെഡറലിസം അന്താരാഷ്ട്ര അഭിരുചിയായി മാറിയിരിക്കുന്നത്. ലോകമെമ്പാടും ഫെഡറലിസത്തോടുള്ള പുതിയ അഭിവാഞ്ഛയ്ക്കു കാരണം അതു പുലർത്തിപോരുന്ന മൂല്യങ്ങളാണ്. വൈവിധ്യത്തിലും ഐക്യത്തോടെ ജീവിക്കാൻ അത് പൗരന്മാർക്ക് സാഹചര്യം ഒരുക്കുന്നു.**

**ഫെ**ഡറലിസം ഇന്ന് ഒരു നവോത്ഥാനത്തിന്റെ അനുഭവത്തിലാണ്. അതായത്, കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ലോകമെമ്പാടും ഫെഡറൽ രാഷ്ട്രീയ പരിഹാരങ്ങളുടെ നവീകരണം നടന്നുകൊണ്ടിരിക്കുന്നു. കൂട്ടുകക്ഷി മന്ത്രിസഭകളിലൂടെ ഇന്ത്യ ഫെഡറൽ ഭരണത്തോട് ചേർന്നു നിന്ന് പോവുകയാണ്. അതെ സമയം ബൽജിയം പോലുള്ള രാജ്യങ്ങൾ പൂർണമായും ഫെഡറൽ രാജ്യമാകുന്നതിന് വേണ്ടി ഭരണഘടനതന്നെ മാറ്റി എഴുതി. വർണവിവേചന കാലത്തിനു ശേഷമുള്ള ദക്ഷിണാഫ്രിക്ക ഭരണഘടനയിൽ പല ഫെഡറൽ വകുപ്പുകളും കൂട്ടിച്ചേർത്തു. കുറച്ചു വെള്ളവും ചേർത്തിട്ടുണ്ട്. എന്തായാലും ദക്ഷിണാഫ്രിക്കയുടെയും ജനാധിപത്യവ്യവസ്ഥ ഫെഡറലിസം തന്നെ.

അതിലും പ്രധാനം സ്പെയിൻ, ഇംഗ്ലണ്ട് പോലുള്ള രാജ്യങ്ങൾപോലും അവരുടെ തദ്ദേശ സ്ഥാപനങ്ങളിൽ അധികാര വികേന്ദ്രീകരണം പോലുള്ള ഫെഡറൽ സംവിധാനങ്ങൾ അനുവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ യെമൻ ഫെഡറലിസം അംഗീകരിച്ചു കഴിഞ്ഞു. ഇറാക്ക്,നേപ്പാൾ, ദക്ഷിണ സുഡാൻ തുടങ്ങിയ രാജ്യങ്ങൾ ഫെഡറലിസത്തിലേയ്ക്കുള്ള നിശബ്ദ പാതയിലാണ്. ചുരുക്കത്തിൽ വർത്തമാനകാലം ഫെഡറലിസത്തിന്റേതാവുകയാണ്.

എന്തുകൊണ്ടാണ് ഫെഡറലിസം അന്താരാഷ്ട്ര അഭിരുചിയായി മാറിയിരിക്കുന്നത്. ലോകമെമ്പാടും ഫെഡറലിസത്തോടുള്ള പുതിയ അഭിവാഞ്ഛയ്ക്കു കാരണം അതു പുലർത്തിപോരുന്ന മൂല്യങ്ങളാണ്. വൈവിധ്യത്തിലും ഐക്യത്തോടെ ജീവിക്കാൻ അത് പൗരന്മാർക്ക് സാഹചര്യം ഒരുക്കുന്നു. പാരമ്പര്യങ്ങൾ, ഭാഷകൾ, ന്യൂനപക്ഷമതങ്ങൾ എന്നിവയെല്ലാം വികസിക്കുന്നതിനും അവരുടെ വ്യക്തിത്വം നിലനിർത്തുന്നതിനും ഈ രാജ്യങ്ങൾ അനുവദിക്കുന്നു. മാത്രവുമല്ല, രാഷ്ട്രീയ പ്രക്രിയയിൽ അടിസ്ഥാനതലം മുതലുള്ള വികസനത്തിനായി, വികേന്ദ്രീകൃത ഭരണക്രമത്തിന് അവർ അവസരം നല്കുകയും ചെയ്യുന്നു.

ഫെഡറലിസത്തിന്റെ വളർന്നു വരുന്ന അംഗീകാരത്തിനു മറ്റൊരു കാരണം അതിന്റെ വഴ

ക്കസ്വഭാവമാണ്. സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് അത് സ്വയം മാറുന്നു. വ്യത്യസ്ഥങ്ങളായ 25 ഫെഡറൽ രാജ്യങ്ങൾക്കും തമ്മിൽ ചില സമാനതകൾ ഉണ്ടാവും. പക്ഷെ, അവ തമ്മിൽ അധികാര വിതരണം, സാമ്പത്തിക ഫെഡറലിസം, ഫെഡറൽ സ്ഥാപനങ്ങൾ തുടങ്ങി അനേക കാര്യങ്ങളിൽ വളരെ അന്തരം ഉണ്ടായിരിക്കും. ഫെഡറലിസത്തിന്റെ വിജയപരാജയങ്ങൾ നിശ്ചയിക്കുന്നത് ഒരിക്കലും അവിടുത്തെ ഫെഡറൽ സ്ഥാപനങ്ങളോ നയരൂപീകരണ പ്രക്രിയയോ അല്ല, മറിച്ച് ആ രാജ്യത്തിന്റെ രാഷ്ട്രിയ സംസ്കാരമാണ്. വിവിധ തരം മണ്ണിൽ വിവിധ തരത്തിൽ ഫെഡറലിസം വളരുന്നു. അതിന്റെ ഒരു രാജ്യത്തെ വളർച്ചയായിരിക്കില്ല മറ്റൊരു രാജ്യത്ത്. പക്ഷെ മറ്റുള്ള രാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ഓരോ രാജ്യങ്ങൾക്കു പഠിക്കാൻ ധാരാളം ഉണ്ടാവും. ഫെഡറലിസത്തിലേയ്ക്കു മാറുമ്പോൾ ഒരു മാതൃക തീർച്ചയായും രൂപപ്പെടുത്തണം. ആരും അതു കണ്ടുപിടിക്കാൻ പോകുന്നില്ല. സംഘർഷാനന്തര സമൂഹങ്ങളിൽ ഫെഡറലിസം സ്ഥാപിക്കുക എന്നത് അത്ര എളുപ്പമല്ല. പ്രകൃതിയെ പോലെ അത് സ്വയം സംഭവിക്കുകയാണ്. അല്ലാതെ അതു വളർത്തിയെടുക്കുക സാധ്യമല്ല. അതിനുവേണ്ടി പ്രവർത്തിക്കണം. യാഥാർത്ഥ്യത്തിനു നേരെ പിടിക്കുന്ന ഒരു കണ്ണാടിയല്ല ഫെഡറലിസം, മറിച്ച് അടിച്ചു പരത്തി അതിനെ രൂപപ്പെടുത്തുന്നതിനുള്ള ചുറ്റികയാണ്.ഫെഡറലിസം നമ്മെ പ്രബുദ്ധരാക്കുന്നു, ചില സമയങ്ങളിൽ ആളുകളെ നല്ലവരാകാൻ, നന്നായി പെരുമാറാൻ നിർബന്ധിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ അത് ഇരുട്ടിലേയ്ക്കുള്ള ഒരു എടുത്തുചാട്ടമാണ്. ഫെഡറൽ ഘടന അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ സംവിധാനങ്ങളായിരിക്കും എപ്പോഴും പുതിയ സത്തകളെ സ്ഥിരമായി നില്ക്കാൻ കൂടുതൽ സഹായിക്കുക.

**വൈവിധ്യത്തിന്റെ ആഘോഷം**

വൈവിധ്യം നിറഞ്ഞ ഒരു പ്രപഞ്ചത്തിലാണ് നമ്മൾ അധിവസിക്കുന്നത്. ജീവിതത്തിന്റെ രുചി തന്നെ വൈവിധ്യമാണ്.അനുരൂപണം അഥവാ അനന്യത മനുഷ്യരെ ഹ്രസ്വവത്ക്കരിക്കുമെന്നാണ് അമർത്യ സെൻ പറയുന്നത്. അസ്വസ്ഥതകളിലേയ്ക്കും അക്രമത്തിലേയ്ക്കും ഇന്നു ലോകത്ത് കാണുന്ന ഭീകര പ്രവർത്തനങ്ങളിലേയ്ക്കും നയിക്കുന്നത് അതാണ്.

വൈവിധ്യം ഒരു ആസ്തിയാണ്.അല്ലാതെ ബാധ്യതയല്ല. വൈവിധ്യം നാശത്തിനുള്ള രൂചിക്കൂട്ടല്ല. ഭാവനാപൂർണ്ണമായി കൈകാര്യം ചെയ്താൽ വൈവിധ്യം വലിയ ഒരു ശക്തി തന്നെയാണ്. അതിനോടുള്ള ബഹുമാനം രാജ്യത്തെ ഒന്നിച്ചു നിർത്തും. വൈവിധ്യം മത്സരക്ഷമതയുള്ള ശക്തിയാണ്, അത് എപ്പോഴും പുതുമയെ പ്രോത്സാഹിപ്പിക്കുന്നു.

ഈ 21-ാം നൂറ്റാണ്ടിൽ വ്യത്യസ്ത സംസ്കാരങ്ങളുള്ള സമൂഹങ്ങളാണ് മാതൃക. ആഗോളവത്ക്കരണം, തത്സമയ ആശയവിനിമയം, കുടിയേറ്റം, വിശ്വാസങ്ങളുടെയും ആശയങ്ങളുടെയും ബാഹുല്യം എന്നിവ ഭാവിയിൽ ഈ വ്യത്യസ്ഥങ്ങളായ ജനങ്ങളെക്കൊണ്ട് നിറയ്ക്കും. ഇത് ലോകത്തിന്റെ മാറുന്ന മുഖമാണ്. പ്രൊഫ. ബിഖു പരേഖ് പറയുന്ന പോലെ, സാംസ്കാരികമായി ഒരുപോലിരിക്കുന്ന സമൂഹത്തിലെ അംഗങ്ങൾ യാന്ത്രികമായി വിശ്വാസങ്ങളിലും പ്രവൃത്തികളിലും സമാന വസ്തുവിനെ അനുകരിക്കുകയും ചെയ്യുന്നത് നരവംശശാസ്ത്രപരമായ ഒരു കെട്ടുകഥയല്ലാതെ എന്താണ്. ജനസംഖ്യാ പ്രസ്ഥാനങ്ങളും ആഗോളവത്ക്കരണവും ഫെഡറലിസത്തിന് പുത്തൻ ജീവിതത്തിന്റെ പാട്ടക്കരാർ നല്കിയിരിക്കുന്നു. മാത്രവുമല്ല, ബഹുസംസ്കാര സമൂഹങ്ങൾ ഒരുമിച്ചു ജീവിക്കാൻ പഠിച്ചില്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാവും. ബഹുസംസ്കാര സമൂഹങ്ങൾ നമ്മുടെ കാലത്തിനു പുതുമയൊന്നുമല്ല. റോമൻ സാമ്രാജ്യം, മധ്യയുഗ ഇന്ത്യ, ഓട്ടോമാൻ സാമ്രാജ്യം തുടങ്ങി എത്രയോ പൂർവാധുനിക സമൂഹങ്ങളിൽ സാംസ്കാരിക വൈവിധ്യത്തിന്റെ ഘടകങ്ങൾ ഉണ്ടായിരുന്നു.

ധാരാളം സമൂഹങ്ങൾ അവരുടെ വൈരുധ്യം ഒളിച്ചു വയ്ക്കാൻ ശ്രമിക്കുന്നവരും വൈജാത്യം അംഗീകരിക്കാൻ വിമുഖതയുള്ളവ

രുമാണ്. വൈവിധ്യത്തെ കൈകാര്യം ചെയ്യാനുള്ള ശരിയായ മാർഗം സ്വയം ഭരണത്തിന്റെയും പങ്കാളിത്ത ഭരണത്തിന്റെയും ഒരു മിശ്രണത്തിലാണ്. വൈവിധ്യത്തിന്റെ ആഘോഷമാണ് സമൂഹത്തിനും രാജ്യത്തിനും ശക്തി പകരുന്നത്. ബഹുസംസ്കാര സമൂഹങ്ങൾക്ക് ഫെഡറലിസമാണ് ആകർഷകമായ ഐശ്ചികം. ഫെഡറലിസം മുന്നോട്ടു വയ്ക്കുന്ന ഏകത്വത്തിന്റെയും വൈവിധ്യത്തിന്റെയും സങ്കലനം ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷങ്ങളാകാൻ പ്രാപ്തി നല്കുന്നു. വിവിധ ഭാഷകൾക്ക്, മതങ്ങൾക്ക്, സംസ്കാരങ്ങൾക്ക് അംഗീകാരം ലഭിക്കാൻ അതു കാരണമാകുന്നു. അത് വൈവിധ്യത്തെ പുണരുന്നു, വൈവിധ്യത്തെ വസ്തുതാപരമായി വിലയിരുത്തുന്നു, അതിനെ പ്രോത്സാഹിപ്പിക്കുന്നു, അങ്ങനെ അതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നു.

### ഇന്ത്യയുടെ സവിശേഷമായ നാനാത്വം

**ഇന്ത്യ പലതരം സവിശേഷതകളുള്ള ഒരു രാഷ്ട്രമാകുന്നു. യു.ആർ അനന്തമൂർത്തിയുടെ അഭിപ്രായത്തിൽ ഒരാൾക്ക് ഒരേ സമയത്ത് 12-ാം നൂറ്റാണ്ടിലും 21-ാം നൂറ്റാണ്ടിലും ജീവിക്കാൻ സാധിക്കുന്നത് ഇന്ത്യയിൽ മാത്രമാണ്. ഒപ്പം അതിനിടയിലുള്ള എല്ലാ നൂറ്റാണ്ടുകളിലും. ഒരു തരത്തിലും നിർവചിക്കാനാത്ത അത്ര സങ്കീർണമാണ് ഇന്ത്യ. നൂറ്റാണ്ടുകളുടെ ചരിത്രവും അതിന്റെ സംസ്കാര വൈവിധ്യവും ഇന്ത്യയെ മനസിലാക്കാൻ വൈവിധ്യമാർന്ന മാർഗ്ഗങ്ങൾ ഉണ്ടെന്ന് നമ്മോടു പറയുന്നു. വിശ്രുത അമേരിക്കൻ ഗ്രന്ഥകാരൻ മാർക്ക് ട്വൈൻ 1896 ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ പറഞ്ഞു, ദൈവത്തിനും മനുഷ്യർക്കും എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ഈ രാജ്യത്ത് ചെയ്തിട്ടുണ്ട് എന്ന്.**

അതെ, ഇന്ത്യ അമ്പരപ്പിക്കുന്ന ഒരു വൈവിധ്യമാണ്. ആളുകൾ, സംസ്കാരങ്ങൾ, ഭാഷകൾ, മതങ്ങൾ എന്തെല്ലാം... വിവിധ ജനസമൂഹങ്ങൾക്ക് വിഭിന്ന വ്യക്തിത്വങ്ങളും ആചാരങ്ങളും ഉണ്ടെങ്കിലും അവ സാമൂഹ്യ ശൂന്യതയിലല്ല സ്ഥിതി ചെയ്യുന്നത്. ഇന്ത്യയിലെ വൈവിധ്യങ്ങൾ എണ്ണമറ്റവ മാത്രമല്ല, സജീവവും ദൃഢവുമാണ്. വിശ്രുത ഇംഗ്ലീഷ് ചരിത്രകാരനായ ഇ.പി. തോംപ്സൺ നിരീക്ഷിക്കുന്നു", ലോകത്തിന്റെ ഭാവി ഇന്ത്യയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ലോകത്തിലെ സകല കേന്ദ്രീകൃത സ്വാധീനങ്ങളും ഈ സമൂഹത്തിലൂടെ പ്രവർത്തിക്കുന്നു. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, മതേതരത്വം, സ്റ്റാലിനിസം, ലിബറലിസം, മാവോയിസം, ജനാധിപത്യ സോഷ്യലിസം, ഗാന്ധിസം എല്ലാം... കിഴക്കോ പടിഞ്ഞാറോ ഉയർന്നിട്ടുള്ള എല്ലാ ചിന്തകളും ഇന്ത്യൻ മനസിലും സജീവമാണ്''. വൈവിധ്യത്തിന്റെ ആഘോഷത്തിലൂടെ ആധുനിക രാഷ്ട്രത്തിന്റെ കെട്ടുറപ്പ് ശാക്തീകരിക്കുന്ന ഇന്ത്യ,ഒരേസമയം വൈവിധ്യത്തിലൂടെ സങ്കീർണ ഏകത്വത്തിന്റെ മാതൃകയുമാകുന്നു. ഇന്ത്യയുടെ അവിശ്വസനീയമായ ഈ വൈവിധ്യം വിവിധ ദേശങ്ങളിൽ നിന്നുള്ള പല ജനസമൂഹങ്ങളെ പല കാലഘട്ടങ്ങളിൽ ആകർഷിച്ചിട്ടുണ്ട്. ഇന്ത്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും വിവിധ വംശങ്ങളുടെ മിശ്രണമാണ്. ലോകത്തിൽ പലയിടങ്ങളിലും നാം കാണുന്നത്, പ്രബല സംസ്കാരം മറ്റുള്ളവയെ ഒന്നുകിൽ ഉന്മൂലനം ചെയ്യും അല്ലെങ്കിൽ വിഴുങ്ങും. അതാണ് പതിവ്. എന്നാൽ ഇന്ത്യ ഒരിക്കലും അങ്ങനെ ആയിരുന്നില്ല. വൈവിധ്യത്തെ പോഷിപ്പിക്കുകയായിരുന്നു ഇന്ത്യയുടെ പ്രവണത. സംസ്കാരം കഴിഞ്ഞ കാലത്തിന്റെ, പാരമ്പര്യത്തിന്റെ, ഓർമകളുടെ, പൈതൃകത്തിന്റെ, ആചാരങ്ങളുടെ വെറും ഒരു വാഹനമല്ല. സമൂഹത്തെ വളർത്തുന്ന വൈവിധ്യമാർന്ന സാംസ്കാരങ്ങളുടെ, മതങ്ങളുടെ, ഭാഷകളുടെ മൂല്യമാണ്. ശരിയായ വൈവിധ്യം എന്നാൽ കൂടുതൽ ഗുണഭോക്താക്കൾ, കൂടുതൽ ഉത്സാഹം, കൂടുതൽ ശാക്തീകരണം എന്നാണ്. നാനാത്വമാണ് ഇന്ത്യൻ സമൂഹത്തിന്റെ പ്രത്യേകത. ഒപ്പം മതേതരത്വവും. ടിഎൻ മദന്റെ വാക്കുകളിൽ, ഇന്ത്യയുടെ മതേതരത്വമാണ് അതിന്റെ നാനാത്വം. നാനാത്വം ഒരു പ്രത്യയശാസ്ത്രമാണ് എന്നത്രെ ഐസയാ ബെർളിൻ നിരീക്ഷിക്കുന്നത്. അതിന് പല ലക്ഷ്യങ്ങളുണ്ട്. എല്ലാവരെയും മനസിലാക്കാൻ കഴിയുന്ന, എല്ലാവരോടും സഹതപിക്കുന്ന, എല്ലാവരിൽ നിന്നും വെളിച്ചം സ്വീകരിക്കുന്ന മനുഷ്യർ അത് അന്വേഷിക്കുന്നു. സ്ഥല

കാലങ്ങളിലെ സംസ്കാരങ്ങൾ തമ്മിലുള്ള ആശയവിനിമയം സാധ്യമാകുന്നത് മാനുഷികമായ ഏതോ പൊതു ഗുണമാണ്. അത് അവർക്കിടയിൽ സേതുബന്ധനം തീർക്കുന്നു. **ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വം മുഴുവൻ ഉൾക്കൊള്ളുന്നത് മഹാത്മ ഗാന്ധിയുടെ പ്രശസ്തമായ വരികളിലാണ്: "എന്റെ വീടിന് ചുറ്റും ഭിത്തികൾ നിർമ്മിക്കാനോ ജാലകങ്ങൾ അടയ്ക്കാനോ ഞാൻ ആഗ്രഹിക്കുന്നില്ല, എല്ലാ ഭൂവിഭാഗങ്ങളിൽ നിന്നുമുള്ള സംസ്കാരങ്ങളുടെ ശുദ്ധവായു യഥേഷ്ടം എന്റെ വീട്ടിലേയ്ക്ക് ആഞ്ഞടിക്കട്ടെ. പക്ഷെ എന്റെ കാലടികളെ ഇളക്കാൻ മാത്രം ഞാൻ ഒന്നിനെയും അനുവദിക്കില്ല".**

## വൈവിധ്യം തന്നെ ഏകത്വം

നാനത്വത്തിലെ ഏകത്വത്തെ തങ്ങളുടെ മുദ്രാവാക്യമായി പുതുതായി സ്വതന്ത്ര്യം നേടുന്ന രാജ്യങ്ങൾ സ്വീകരിച്ചു വന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ഈ മുദ്രാവാക്യം പ്രധാന വേളകളിൽ അവർ വിളിച്ചു പറയുകയും ചെയ്തിരുന്നു.ചില രാജ്യങ്ങൾ ഇത് അവരുടെ ഭരണഘടനയിൽ എഴുതി ചേർക്കുകപോലും ചെയ്തു. പിന്നീട് കുറച്ചു കൂടി പരിഷ്കരിച്ച രൂപം നാനാത്വത്തിലൂടെ ഏകത്വം എന്നായി. എന്നാൽ നാനാത്വമാണ് ഏകത്വം എന്ന് ഇന്ത്യ തെളിയിക്കുന്നു. സാംസ്കാരിക, മത, ഭാഷാ വൈവിധ്യത്തെ, ഇന്ത്യ പോഷിപ്പിക്കുകയും ചെയ്യുന്നു.

എന്താണ് ഇന്ത്യയുടെ വിജയത്തിന്റെ കേന്ദ്ര ശില. ഫെഡറലിസം. ഇന്ത്യ പോലെ അമ്പരപ്പിക്കുന്ന വൈവിധ്യങ്ങളുള്ള ഒരു രാജ്യത്ത് ഫെഡറലിസമാണ് ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ മാർഗം എന്ന് നാം തിരിച്ചറിഞ്ഞു.

നാനാത്വത്തിൽ ഏകത്വം മുദ്രാവാക്യം മാത്രമല്ല, ജനാധിപത്യത്തിൽ, ഫെഡറലിസത്തിൽ സഹിഷ്ണുതയിൽ, മതേതരത്വത്തിൽ അടിയുറച്ച ഒരു ജീവിത യാഥാർത്ഥ്യമാണ്. തുടക്കം മുതലെ ഇന്ത്യൻ സംസ്കാരത്തിന് ഒരു അനേകത്വ സ്വഭാവം ഉണ്ടായിരുന്നു. ഈ അനേകത്വവും സങ്കീർണതയും വേദകാലം മുതലുള്ളതാണ്. പിന്നീട് ബുദ്ധമതവും ജൈനമതവും മധ്യശതകങ്ങളിൽ ഉണ്ടായ ഭക്തി പ്രസ്ഥാനം പോലും പല കാര്യങ്ങളും ഇതിനോടു കൂട്ടിചേർത്തു.

മെക്സിക്കോയിൽ നിന്നുള്ള നൊബേൽ ജേതാവ് ഒക്ടോവിയോ പാസ് രസകരമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. ഇന്ത്യയുടെ പ്രത്യേകമായ സംസ്കാരം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.പരസ്പര വിരുദ്ധങ്ങളായ ഹിന്ദു- മുസ്ലിം അനുയായികൾ ഒരു രാജ്യത്ത് സമാധാനത്തോടെ ജീവിക്കുന്നു, ഒരു സംസ്കാരം അവയെ പരിപോഷിപ്പിക്കുന്നു. അസാധ്യം തന്നെ. പക്ഷെ, അദ്ദേഹം മനസിലാക്കുന്നുണ്ടോ ഇന്ത്യ ഒരു കടംകഥയാണ് എന്ന്. അതൊരു ഫെഡറേഷനാണ്. അതേസമയം വൈവിധ്യങ്ങളുടെ സമൂഹവും. ഒരു ഫെഡറേഷനായിരിക്കുകയും അതെ സമയം വൈവിധ്യസമൂഹമായിരിക്കുകയും വ്യത്യസ്തമാണ്. ഒരു ഏക രാഷ്ട്രത്തിൽ വൈവിധ്യ സ്വഭാവമുള്ള സമൂഹങ്ങൾ ആകാം. ഇന്ത്യൻ ഫെഡറേഷനെ നിലനിർത്തുന്നത് അധികാര വികേന്ദ്രീകരണവും എല്ലാ പൗരന്മാർക്കും നല്കിയിരിക്കുന്ന മൗലിക അവകാശങ്ങളുടെ ഉറപ്പുമാണ്.

## ഭാഷയും ന്യൂനപക്ഷ അവകാശങ്ങളും

പൗരന്മാർക്ക് മതസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾ ഉറപ്പു നല്കുന്ന ഒരു ചട്ടക്കൂടാണ് ഇന്ത്യൻ ഭരണഘടനയുടേത്. ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഇന്ത്യ ഒരു മതേതര രാജ്യമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട്. മതസ്വാതന്ത്ര്യം മൗലികാവകാശങ്ങളിൽ ഉറപ്പു നല്കുന്നുമുണ്ട്. ഏത് ഇന്ത്യൻ പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതു പ്രചരിപ്പിക്കാനും അവകാശമുണ്ട്. ഇതിന്റെ നാൾവഴി ചെന്നെത്തുന്നത് 1930 കളിലാണ്. അന്ന് സ്വാതന്ത്ര്യ സമര നേതാക്കൾ സ്വീകരിച്ചതാണ് ഈ നിലപാട്. ഭൂരിപക്ഷങ്ങൾ ന്യൂനപക്ഷങ്ങളെ ഞെരുക്കാൻ പാടില്ല. ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യം ഉറപ്പു നല്കുന്നതായിരിക്കണം ഇന്ത്യയുടെ നയം. ഇവിടുത്തെ പൗരന്മാർ, ഇവിടുത്തെ സംസ്കാരം, ദേശീയ പാരമ്പര്യം എല്ലാം മതേതരമാകയാൽ ഇന്ത്യ ഒരു മതേ

തര രാജ്യമായിരിക്കണം. മതേതരത്വമാണ് ഇന്ത്യയുടെ പ്രഖ്യാപിത ലക്ഷ്യം തന്നെ.

ഇന്ത്യ മതേതര രാജ്യമാണ്. പക്ഷെ, ലോകത്തിൽ മറ്റ് ഒരു മതേതര രാജ്യത്തും ഇത്രയധികം മത അവധി ദിനങ്ങൾ കാണില്ല. ഇന്ത്യൻ മതേതരത്വം ഒരിക്കലും മതാത്മകതയേയോ മത ആഘോഷങ്ങളെയോ നിരുത്സാഹപ്പെടുത്തുന്നില്ല. ഈ രാജ്യത്തിന്റെ സാമൂഹ്യ ഘടന തന്നെ മതവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

**കഴിഞ്ഞ കുറെ നാളുകളായി ഇത് രാജ്യത്ത് തർക്ക വിഷയമായിരിക്കുന്നു. മതേതരത്വത്തെ പിന്തുണയ്ക്കുന്നവർ പരാതിപ്പെടുന്നത് ഇന്ത്യ വേണ്ടത്ര മതേതരമല്ല എന്നാണ്. അതെ സമയം അതിനെഎതിർക്കുന്നവർ പറയുന്നു, ഇന്ത്യയുടേത് ന്യൂനപക്ഷങ്ങളെ പ്രീതിപ്പെടുത്താനുള്ള കപട മതേതരത്വമാണ് എന്ന്. മതേതരത്വം ഇന്ത്യൻ ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകമാണ്. തർക്കവിഷയമാക്കിയതുകൊണ്ട് അതിന്റെ പ്രാധാന്യം കുറയുമെന്നു കരുതേണ്ടതില്ല.**

ലോകത്തിന് വലിയ വാഗാദാനങ്ങളാണ് ഇന്ത്യയ്ക്കു നല്കാനുള്ളത്. പ്രത്യേകിച്ച് കാലങ്ങളായി ഇവിടെ ജീവിക്കുന്ന നാനാത്വത്തിന്റെ അനുഭവങ്ങളിൽ നിന്ന്. ഇതിനെതിരെ ധാരാളം വെല്ലുവിളികളും ഉയരുന്നുണ്ട്. സാമ്പത്തിക അസമത്വം, മത തീവ്രവാദം, വംശീയ സംഘട്ടനങ്ങൾ, വർഗ്ഗീയ സംഘർഷങ്ങൾ...

ഇന്ത്യയുടെ ഭാഷാപരമായ വൈവിധ്യവും അത്ഭുതപ്പെടുത്തുന്നതാണ്. ഭാഷ സംസ്കാരത്തിന്റെയും വ്യക്തിത്വത്തിന്റെയും അടയാളമാകുന്നു. ഭാഷാ വൈവിധ്യം ഇന്ത്യൻ ജീവിതത്തിന്റെ പ്രത്യേകതയാണ്. ഇന്ത്യയിലെ പല എഴുത്തുകാരും സംസാരിക്കുന്നതും എഴുതുന്നതും വ്യത്യസ്ത ഭാഷകളിലാണ്. ഒരേ ആളിന് ഒരേ സമയം വിവിധ ഭാഷകളിൽ പ്രാവീണ്യമുണ്ടാകാം. ഉദാഹരണത്തിന് വടക്കു കിഴക്ക് ഇന്ത്യയിലെ ഖാസി സ്ത്രീകൾ ഖാസി സ്ത്രീകളോട് സംസാരിക്കാൻ ഒരു ഗോത്ര ഭാഷ ഉപയോഗിക്കുന്നു. അവരുടെ പുരുഷന്മാരോട് മറ്റൊരു ഗോത്രഭാഷ (രണ്ടും ഖാസികളുടെ ഭാഷതന്നെ) ഉപയോഗിക്കുന്നു.

അതെ സമയം രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ഭാഷാടിസ്ഥാനത്തിലുള്ള ചില നീക്കങ്ങൾ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വലിയ ഭീഷണി ഉയർത്തുന്നുണ്ട്. പക്ഷെ, എല്ലാ ഭാഷകൾക്കും ദേശീയ പദവി നല്കി ഈ നീക്കത്തെ പരാജയപ്പെടുത്താനുള്ള വിവേകം കാണിച്ചു നമ്മുടെ രാഷ്ട്രിയ നേതൃത്വം.

ഇന്ത്യ എന്ന ആശയം, നാനാത്വത്തിലെ ഏകത്വം, സമഗ്രത, എല്ലാം കാലവും ചരിത്രവും പരീക്ഷിച്ച് അറിഞ്ഞതാണ്. മതേതര ജനാധിപത്യ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് സാമ്പത്തിക വികസനത്തിനായി നടത്തിയ പരീക്ഷണങ്ങളും സാമൂഹിക രാഷ്ട്രിയ ശാക്തീകരണവും ഇതര രാജ്യങ്ങൾക്കിടയിൽ ഇന്ത്യക്ക് പ്രത്യേകമായ ഒരു സ്ഥാനം നേടിക്കൊടുത്തിട്ടുണ്ട്.

എല്ലാവരും പറയുന്ന പോലെ, ബഹുസംസ്കാര ജീവിതത്തിന്റെ മഹത്തായ ഉദാഹരണമാണ് ഇന്ത്യ. വൈവിധ്യവും ന്യൂനപക്ഷ അവകാശ സംരക്ഷണവുമാണ് വികസനത്തിന്റെ നിർണായക ഘടകങ്ങൾ എന്ന് 2004 ലെ യുഎൻഡിപി റിപ്പോർട്ടിൽ പറയുന്നു. വൈവിധ്യങ്ങളുള്ള ദരിദ്ര രാജ്യങ്ങൾക്കു പോലും എപ്രകാരം ബഹുസംസ്കാര നയങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യയെയാണ്. ഒരു സംസ്കാരവും പൂർണമായി കേമമോ പൂർണമായി മോശമോ മികച്ച ജീവിതത്തിന്റെ പ്രതീകമോ അല്ല എന്നതാണ് ഇന്ത്യയുടെ അനുഭവം. സംസ്കാരങ്ങൾ തമ്മിലുള്ള സംവാദങ്ങളിൽ നിന്നാണ് രാജ്യങ്ങളും സമൂഹങ്ങളും നേട്ടങ്ങൾ ഉണ്ടാക്കേണ്ടത്.

**ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് ഡയറക്ടറാണ് ലേഖകൻ**

# സാമ്പത്തിക ഫെഡറൽ സംവിധാനവും *നിതി ആയോഗും* പ്രാദേശിക ഗവൺമെന്റിന്റെ കാഴ്ച്ചപ്പാടും

എം എ ഉമ്മൻ

**ഫെഡറേഷൻ** എന്നാൽ ഭരണത്തിന്റെ ബഹുതല സംയുക്ത സംവിധാനം. സാമ്പത്തിക ഫെഡറലിസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ക്രയ ഉത്തരവാദിത്തങ്ങളുടെ വിഭജനം, സാമ്പത്തിക ചുമതലകൾ, ഗവൺമെന്റുതലത്തിലുള്ള കൈമാറ്റ ക്രമീകരണങ്ങൾ, ഫെഡറേഷനുമായുള്ള സാമ്പത്തിക ബന്ധവ്യാപനം തുടങ്ങിയവയാണ്.

ഏതു നല്ല സാമ്പത്തിക ഫെഡറൽ ക്രമീകരണത്തിന്റെയും ലക്ഷ്യം വിവിധ ഭരണതലങ്ങളിൽ വിഭവങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും ഫലപ്രദവും കാര്യക്ഷമവും തുല്യവുമായ വിതരണവും ശക്തമായ ഫെഡറൽ സംവിധാനത്തിനു വേണ്ടിയുള്ള പ്രവർത്തനവുമാണ്. ഇന്ത്യൻ ഫെഡറേഷൻ തുടക്കം മുതൽ സംസ്ഥാനങ്ങളും കേന്ദ്രപ്രദേശങ്ങളും എന്നിങ്ങനെ ദ്വിവിധ ഭരണ സംവിധാനമാണ്. 73, 74 ഭേദഗതികളിലൂടെ ഭരണഘടനയിൽ ഒൻപത്, ഒൻപത് എ എന്നീ ഭാഗങ്ങൾ ചേർത്ത് ഭരണത്തിൽ ഒരു മൂന്നാം തലം കൂടി സൃഷ്ടിക്കപ്പെട്ടു. അതാണ് പഞ്ചായത്തിരാജ് എന്ന ത്രിതല ഭരണ സംവിധാനം. ഇതാണ് സത്യത്തിൽ ഇന്ത്യ എന്ന ഫെഡറൽ രാഷ്ട്രത്തെ പൊതുസമ്പത്തുള്ള ബഹുതല സംയുക്ത സംവിധാനമാക്കിയത്. ഈ ഭേദഗതികൾ പ്രാബല്യത്തിൽ വന്നിട്ട് ഏതാണ്ട് ഇരുപത് വർഷങ്ങൾ കഴിഞ്ഞു. 1994 ൽ ഈ നിയമങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയതാണ്. പ്രാദേശിക ഭരണത്തിൽ ജനപങ്കാളിത്തത്തിന് ജനാധിപത്യപരമായ ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ സാമ്പത്തിക വികേന്ദ്രീകരണം യഥാർത്ഥത്തിൽ ക്ലേശകരമായ യത്നമായിരുന്നു. സാമ്പത്തിക വികേന്ദ്രീകരണം എന്നാൽ പ്രാദേശിക ഭരണകൂടങ്ങളുടെ സാമ്പത്തിക ശാക്തീകരണം എന്ന് അർത്ഥം. ഇവിടെ സ്വാഭാവികമായും നിർണായകമായ ചോദ്യം ഉയരുന്നു: ഭരണഘടനയുടെ 243 ജി, 243 ഡബ്ല്യു എന്നീ വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രകാരം സാമ്പത്തികം, വികസനം, സാമൂഹ്യനീതി തുടങ്ങിയ ഉത്തരവാദിത്തങ്ങളുള്ള സ്വയം ഭരണ സ്ഥാപനങ്ങളായിട്ടാണോ നമ്മുടെ പ്രാദേശിക ഭരണകൂടങ്ങൾ പ്രവർത്തിക്കുന്നത്. ആസൂത്രണ കമ്മിഷനു പകരം ഇനി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോമിങ് ഇന്ത്യ (നിതി) ആയോഗ് എന്ന സ്ഥാപനമാണ് ഉണ്ടാവുക. 2015 ജനുവരി ഒന്നു മുതൽ ആയോഗ് പ്രാവർത്തികമായിരിക്കുന്നു. ഭരണഘടനയുടെ 243 സെഡ്,ഡി വകുപ്പു പ്രകാരം സ്ഥാപിതമായ ജില്ലാ ആസൂത്രണ കമ്മിറ്റി എന്ന ഭരണഘടനാ സ്ഥാപനത്തിന് എന്തെങ്കിലും പുതിയ ഉത്തരവാദിത്തം വിഭാവനം ചെയ്യുന്നുണ്ടോ എന്നൊരു ചോദ്യവും ഇവിടെ ഉയരാൻ സാധ്യതയുണ്ട്. കൈമാറ്റ ക്രമീകരണങ്ങൾക്കായി എന്തൊക്കെ പരിഷ്കാരങ്ങളാണ് ആവശ്യമായി വരിക? ഇത്തരത്തിലുള്ള പല സാമ്പത്തിക ഫെഡറൽ പ്രശ്നങ്ങളും അടുത്ത് നിന്ന് പരിശോധിക്കേണ്ടതുണ്ട്. ഇത്തരം ചില പ്രശ്നങ്ങളാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. ശരിയായ ചോദ്യങ്ങൾ ഉന്നയിക്കുന്നതാണ് തെറ്റായ ഉത്തരങ്ങൾ നല്കുന്നതിനെക്കാൾ പ്രധാനം എന്നു ഞാൻ കരുതുന്നു. പുതിയ ഗവൺമെന്റ് ഐകദാർഢ്യവും വിശ്വാസവും പ്രഖ്യാപിച്ചിരിക്കുന്ന ഇന്ത്യയുടെ സഹകരണ ഫെഡറൽ സംവിധാനം ലോകത്ത് മറ്റ് ഒരു ഫെഡറൽ രാഷ്ട്രവുമായും താരതമ്യപ്പെടുത്താനാവില്ല. ഉദാഹരണത്തിന് പ്രധാനപ്പെട്ട നയങ്ങൾ നിശ്ചയിക്കുകയും അവ വിവിധ തലങ്ങളിൽ നടപ്പാക്കുകയും ചെയ്യുന്ന നിർവഹണ സംവിധാനമായി

ഗവൺമെന്റ് പ്രവർത്തിക്കുന്ന ജർമ്മനിയും ദക്ഷിണാഫ്രിക്കയുമായി അതിന് ഒരു സാദൃശ്യവുമില്ല. ത്രിതല സ്വയം ഭരണാധികാര സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബ്രസീൽ മാതൃകയുമായും താരതമ്യപ്പെടുത്താനാവില്ല. സഹകരണ ഫെഡറലിസത്തിന്റെ മാർബിൾകേയ്ക്ക് മാതൃക എന്നും ഇന്ത്യയെ വിളിക്കാൻ സാധിക്കില്ല. കാരണം ഇന്ത്യയിൽ വിവിധ തലങ്ങൾ സമാന പങ്കാളികൾ എന്ന നിലയിലല്ല പരിഗണിക്കപ്പെടുന്നത്. യഥാർത്ഥത്തിൽ ഇന്ത്യൻ ഫെഡറൽ സംവിധാനം സ്ഥാപിച്ചിരിക്കുന്നത് സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും വിഭവങ്ങളുടെ വലിയ തിരശ്ചീന അസന്തുലിതാവസ്ഥയുടെയും ഉത്തരവാദിത്വങ്ങളുടെയും ഐക്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഫെഡറൽ സംവിധാനത്തിന്റെ ബഹുതല സവിശേഷതകൾ (സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമപ്പുറത്ത് ത്രിതല പഞ്ചായത്തി രാജ്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ) കുഴച്ചു മറിച്ചിരിക്കുന്ന, സേവനത്തിന്റെ വ്യത്യസ്ഥ ലക്ഷ്യങ്ങളുമായി നിലകൊള്ളുന്ന വിവിധ കൈമാറ്റ വഴികളാണ്.

## ഇന്ത്യയുടെ സഹകരണ ഫെഡറൽ സംവിധാവും ആശ്രിതത്വ തത്വവും

ഫലപ്രദവും സജീവവുമായ സാമ്പത്തിക ഫെഡറലിസം രൂപപ്പെടുത്തുന്നതിന് നടത്തിപ്പും ഉത്തരവാദിത്തങ്ങളും വിവിധ തലങ്ങളിലുള്ള ഗവൺമെന്റിന്റെ പങ്കും വിഭജിക്കണം. ഇതിന് രണ്ടു ചോദ്യങ്ങൾ മതി. ആര് എന്ത് ചെയ്യും. ആരെല്ലാം എവിടെയെല്ലാം എന്തെല്ലാം നികുതി പിരിക്കും.

പിന്തിരിഞ്ഞു നോക്കുമ്പോൾ ഇന്ത്യ ഇതുവരെ ഈ ചോദ്യങ്ങൾ ചോദിക്കുകയോ അവയ്ക്ക് തൃപ്തികരമായ ഉത്തരങ്ങൾ തേടുകയോ ചെയ്തിട്ടില്ല എന്നു കാണാൻ പ്രയാസമില്ല. ചെലവ്, ഉത്തരവാദിത്തങ്ങൾ, വരുമാനം ലഭിക്കുന്ന ജോലികൾ, നിയമപരമായ പ്രവർത്തനങ്ങൾ എന്നിവയുടെ വിഭജനത്തെ നയിക്കേണ്ട തത്വം ആശ്രിതത്വമാണ്. ഒരു പ്രത്യേക തലത്തിൽ എന്താണോ മികവോടെ ചെയ്യാൻ സാധിക്കുക അത് ആ തലത്തിൽ തന്നെ ചെയ്യുക, മുകൾത്തട്ടിൽ പാടില്ല. മറ്റു വാക്കുകളിൽ, ഗവൺമെന്റിന്റെ ഉയർന്ന ഒരോ പടികളിലും ചെയ്യേണ്ട ഓരോ ജോലികളും നിശ്ചയിക്കണം. പഞ്ചായത്ത് ഭരണത്തിന്റെ ഉത്ഭവം അങ്ങു വേദകാലങ്ങളിലാണെന്നു ചിലർ വാദിക്കുന്നുണ്ടെങ്കിലും, അതിന്റെ യഥാർത്ഥ തുടക്കം ബ്രിട്ടീഷുകാരുടെ കോളനി വാഴ്ച്ച കാലത്ത് ആരംഭിച്ച സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ. 1935-ലെ ഇന്ത്യഗവൺമെന്റ് നിയമവും, പ്രവിശ്യാ സ്വരാജിന്റെ ഉദ്ഘാടനവും ആണ് മുനിസിപ്പൽ, ഗ്രാമ, പഞ്ചായത്ത് തലങ്ങളിലെ ജനാധിപത്യ പ്രക്രിയയുടെ നടപടികളിലേയ്ക്ക് നയിച്ചത്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ കേന്ദ്രബിന്ദുവായി പ്രവർത്തിച്ചത് ഗ്രാമസ്വരാജ് ആണ് എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മാത്രവുമല്ല രാഷ്ട്രപിതാവായ ഗാന്ധിജി തന്നെ ഭാവി ഇന്ത്യയുടെ സാമൂഹിക ജീവിതത്തിന്റെ അടിസ്ഥാനമായ ഗ്രാമസ്വരാജ് സംബന്ധിച്ച അദ്ദേഹത്തിന്റ കാഴ്ച്ചപ്പാടു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും ഭരണഘടനയുടെ ആർട്ടിക്കിൾ 40 ലാണ് നിർദ്ദേശക തത്വങ്ങളുടെ ഭാഗമായി സ്വയം ഭരണ യൂണിറ്റുകൾ എന്നനിലയിൽ ഗ്രാമ പഞ്ചായത്തുകളെ കുറിച്ചുള്ള സൂചന. അതിനാൽ അവ നിയമപരമായി ഭരണഘടനയുടെ നിർബന്ധിത ഭാഗമല്ല. 1884 ലെ റിപ്പൺ പ്രമേയത്തിൽ സങ്കല്പിച്ചിട്ടുള്ള പ്രാദേശിക സ്വയം ഭരണ ആശയത്തെ ഭരണഘടന അംഗീകരിക്കുക പോലും ചെയ്തിട്ടില്ല. ഭരണഘടനയുടെ 73, 74 ഭേദഗതികളാണ് ചരിത്രപരമായ ഈ തെറ്റ് തിരുത്തി പ്രാദേശിക ഭരണകൂടങ്ങൾക്ക് ഭരണഘടനാ പദവി നല്കിയത്.

ഇന്ത്യൻ ഭരണഘടനയിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നിർവഹണപരവും നികുതിപരവുമായ നിർദ്ദേശങ്ങൾ തുല്യ അധികാരങ്ങളോടെ മൂന്നു പ്രത്യേക ( ഏഴാം) പട്ടികകളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമം വിശദമായി പരിശോധിച്ചാൽ ഭരണഘടനാ പിതാക്കന്മാർ ആശ്രിതത്വത്തിനു പകരം താൽക്കാലികമായ ചില ക്രമീകരണങ്ങൾ നടത്തുകയായിരുന്നു എന്നു കാണാം. 73,74 ഭരണഘടനാ ഭേദഗതികളാണ് ത്രിതല സംവി

ധാനത്തിന്റെ നിർവഹണ,സാമ്പത്തിക അധികാരങ്ങൾ പുന:പരിശോധിച്ച് ഇന്ത്യയ്ക്ക് കൂടുതൽ യുക്തിഭദ്രമായ പൊതു സാമ്പത്തിക ഭരണത്തിനു രൂപം നല്കിയത്. അതിനു പകരമാണ് രണ്ടു പട്ടികകൾ, പതിനൊന്നാം പട്ടികയിൽ പഞ്ചായത്തി രാജ് സ്ഥാപനങ്ങളും പന്ത്രണ്ടാം പട്ടികയിൽ നഗര പ്രാദേശിക ഗവൺമെന്റുകളും എന്ന രണ്ടു ഭേദഗതികൾ കൂടി വരുത്തിയത്. ഈ രണ്ടു പട്ടികയിലും നല്കിയ വിഷയങ്ങൾ സംസ്ഥാന പട്ടികയിൽ നിന്നും കൺകറന്റ് ലിസ്റ്റിൽ നിന്നും വേർതിരിച്ച് എല്ലാവർക്കും തൃപ്തികരമായ വിധത്തിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം നല്കുകയായിരുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടം ഇനിയും കൃത്യമായി നിർവചിക്കപ്പെട്ടിട്ടില്ല. കേരള ഗവൺമെന്റു മാത്രം 73,74 ഭരണഘടനാ ഭേദഗതികളെ അത് അർഹിക്കുന്ന പ്രാധാന്യത്തോടെ മനസിലാക്കുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്തു.

വൈകിയാണെങ്കിലും പഞ്ചായത്തിരാജ് സ്ഥാപിതമായ 2004 ൽ തന്നെ അതിന്റെ ക്ലേശങ്ങൾ കേരളം മനസിലാക്കുകയും സംസ്ഥാന തലത്തിൽ അതിനുള്ള പ്രവർത്തന രൂപരേഖ തയാറാക്കുകയും ചെയ്തു. ഈ പ്രവർത്തന രൂപരേഖ ഇല്ലായിരുന്നെങ്കിൽ വികേന്ദ്രീകരണം ഒരിക്കലും യാഥാർത്ഥ്യമാവുകയില്ലായിരുന്നു.

ഈയവസരത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ അപ്പസ്താലന്മാരെ കുറിച്ച് ലജ്ജ തോന്നുന്ന, നിഷ്ക്രിയമായ മറ്റൊരു മേഖലകൂടി ചൂണ്ടിക്കാണിക്കട്ടെ. സംസ്ഥാന പട്ടികയിലെ അഞ്ചാം നമ്പർ ഇങ്ങനെ വായിക്കുന്നു: പ്രാദേശിക ഭരണകൂടം എന്നാൽ മുനിസിപ്പൽ കോർപ്പറേഷന്റെ അധികാരങ്ങൾ, ഭരണഘടന, ട്രസ്റ്റുകൾ, ജില്ലാ ബോർഡുകൾ, ഖനന പുനരധിവാസ അതോറിട്ടികൾ, തദ്ദേശസ്വയംഭരണത്തിനും ഗ്രാമസ്വരാജിനും വേണ്ടിയുള്ള മറ്റ് അധികാരികൾ (ഇന്ത്യൻ ഭരണഘടന ഏഴാം പട്ടിക, സംസ്ഥാന പട്ടിക 2.)

സത്ഭരണം പ്രതിജ്ഞ ചെയ്ത് അധികാരത്തിൽ എത്തിയിരിക്കുന്ന ഇന്ത്യയുടെ ഇപ്പോഴത്തെ ഗവൺമെന്റ് ഈ വകുപ്പു റദ്ദാക്കിയിട്ട് പതിനൊന്നും പന്ത്രണ്ടും പട്ടികകളിൽ പറയുന്ന പ്രവർത്തികളും ഉപ പ്രവൃത്തികളും സൂചിപ്പിക്കുന്ന പുതിയ പ്രാദേശിക പട്ടിക തയാറാക്കണം.

**ഫെഡറൽ സംവിധാനത്തിൽ നിതി ആയോഗ് ഉയർത്തുന്ന പ്രശ്നങ്ങൾ**

നിഷ്പ്രയോജനകരമായ ബ്രഹ്മാണ്ഡസ്ഥാപനമായി വളർന്നെങ്കിലും മുൻ ആസൂത്രണ കമ്മിഷൻ ചില പ്രധാന വിഷയങ്ങളിൽ രാഷ്ട്രത്തിന് മഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട് എന്ന കാര്യം അംഗീകരിക്കേണ്ടതുണ്ട്. അവിടെ നിന്നു വേണം എല്ലാ പരിഷ്കാരങ്ങളും അഴിച്ചുപണികളും ആരംഭിക്കുവാൻ. ഒന്ന് അത് ദീർഘമായ പഠനത്തിന്റെയും വിചിന്തനത്തിന്റെയും അടിസ്ഥാനത്തിൽ രാജ്യത്തിനു വേണ്ട അഞ്ചു വർഷത്തെ സാമ്പത്തിക വികസനത്തിന്റെ രൂപരേഖ തയാറാക്കിയിരുന്നു. ഭാവിയിൽ ഇത് ഏതു വിധത്തിൽ തുടരണം എന്നു നിശ്ചയിക്കേണ്ടത് നിതി ആയോഗ് ആണ്. ഇന്ത്യ സ്വന്തമായ ഭരണഘടനയെ മുൻനിർത്തി ഫെഡറൽ റിപ്പബ്ലിക് എന്ന നിലയിൽ രൂപീകൃതമായ അന്നു മുതൽ വിഭവ വിതരണ നിർവഹണത്തിനായി പ്രവർത്തനം ആരംഭിച്ചതാണ് ആസൂത്രണ കമ്മിഷൻ. ഭരണഘടനയിലെ 280-ാം വകുപ്പു പ്രകാരമാണ് കേന്ദ്ര ധനകാര്യ കമ്മിഷൻ രൂപവത്കൃതമായത്. സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വരുമാനത്തിലെ ലംബമാന അസന്തുലിതാവസ്ഥയും, ധനവ്യയ ഉത്തരവാദിത്വങ്ങളുടെ തിരശ്ചീന അസന്തുലിതാവസ്ഥയും തിരുത്താനുള്ള നിർബന്ധപൂർവമായ പ്രേരണയിൽ നിന്നായിരുന്നു അതിന്റെ ഉത്ഭവം. ഭരണഘടനയുടെ 282 -ാം വകുപ്പനുസരിച്ചാണ് ആസൂത്രണ കമ്മിഷന് അതിന്റെ വിതരണ ഉത്തരവാദിത്വം, അതായത് പ്രത്യേക സാഹചര്യങ്ങളിൽ പൊതു താല്പര്യങ്ങൾക്കായി സാമ്പത്തിക സഹായം അനുവദിക്കാനുള്ള അധികാരം ലഭിച്ചത്. തീർച്ചയായും ഭരണഘടനാപരമായി അത് ശരിയല്ല. വിഭവവിനിയോഗം സൂത്രവാക്യാടിസ്ഥാനത്തിലായത് 1969 മുതലാണ്. ആ സൂത്രവാക്യം അന്നത്തെ ഉപാധ്യക്ഷൻ ഡി.ആർ ഗാഡ്ഗില്ലിന്റെ പേരിലായി. ഇതു പിന്നീട് സംസ്ഥാനങ്ങളുടെ

ശക്തമായ എതിർപ്പ് നേടിക്കൊണ്ട് പല തവണ പരിഷ്കരിക്കുകയും ചെയ്തു. 243ഐ, 243 വൈ വകുപ്പുകൾ പ്രകാരം നടന്ന 73, 74 ഭരണഘടനാ ഭേദഗതികളാണ് സംസ്ഥാന ധന കമ്മിഷനുകളുടെ രൂപീകരണത്തിനു കാരണമായത്. ഭരണഘടന യുടെ 73, 74 ഭേദഗതികൾ 280-ാം വകുപ്പ് ഭേദ ഗതി ചെയ്ത് സംസ്ഥാന ധന കമ്മിഷന്റെ ശിപാർശ പ്രകാരം പഞ്ചായത്തുകൾക്കും മുനിസി പ്പാലിറ്റികൾക്കും വിഭവവിതരണത്തിന് കേന്ദ്ര ധന കമ്മിഷനെ അധികാരപ്പെടുത്തുകയും ചെയ്തു. ഇന്ത്യൻ സാമ്പത്തിക ഫെഡറലിസത്തിന്റെ ജൈവ ബന്ധം വളരെ വ്യക്തമാണ്. അതിനാൽ ഒരു അഴി ച്ചുപണിക്കും ഇതിനെ കണ്ടില്ലെന്നു നടിക്കാനാവി ല്ല. മൂന്ന് വലിയ നയ നിർമ്മാണങ്ങളിലും പദ്ധതി വിലയിരുത്തലിലുമാണ് ആസൂത്രണ കമ്മിഷൻ വളരെ നിർണായകമായ പങ്കു വഹിച്ചിട്ടുള്ളത്. **നിതി ആയോഗ്** ഒരു ബുദ്ധിജീവി മാത്രമായി പ്രവർത്തിച്ചാൽ അത് ഊന്നൽ നല്കേണ്ടത് ഗവേ ഷണത്തിനും ചർച്ചകൾക്കുമാണ്. എന്നാൽ ഇതു മാത്രമായി തുടരാനും സാധിക്കില്ല.

### സമഗ്ര ആസൂത്രണത്തിലേയ്ക്ക്

ചില സൂചനകൾ ഒഴികെ **നിതി ആയോഗിന്റെ** രൂപരേഖ പൂർണമായും ഇതുവരെ പുറത്തു വന്നിട്ടില്ല. ഇന്ത്യയിൽ സമഗ്ര ആസൂ ത്രണത്തിനുള്ള ആവശ്യകത അംഗീകരിക്കും എന്നാണ് ആ സൂചന. ഭരണഘടനയുടെ 243 ജി, 243 ഡബ്ല്യു, 243 സെഡ് ഡി, 243, സെഡ് ഇ എന്നീ വകുപ്പുകൾക്ക് നിയമപരമായി തന്നെ അടിത്ത ട്ടു മുതലുള്ള ആസൂത്രണം ആവശ്യമാണ്. 243 ജി, 243 ഡബ്ല്യു എന്നിവ പ്രകാരം ഗ്രാമ നഗര തദ്ദേശ ഗവൺമെന്റുകൾക്ക് ഇത്തരം അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നല്കപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തിനും സാമ്പത്തിക വികസന, സാമൂഹ്യ നീതി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിർദ്ദേ ശിച്ചിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഇത് ആവശ്യമാണ്. 243, സെഡ് ഇ പ്രകാരം എല്ലാ സംസ്ഥാനങ്ങളും ജില്ലാ ആസൂത്രണ കമ്മിറ്റികൾ രൂപീകരിക്കണം. ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയാറാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് ജില്ലയ്ക്കു മൊത്തമായി വികസന പദ്ധതി തയാറാക്കേണ്ട ഉത്തരവാദിത്വം ജില്ലാ പ്ലാനിംങ് കമ്മിറ്റികൾക്കാണ്. ഈ പ്ലാനിന്റെ അടി സ്ഥാനത്തിൽ പ്രകൃതി വിഭവങ്ങളുടെ ഫലപ്രദ മായ സംരക്ഷണവും ജില്ലാ ആസൂത്രണ കമ്മിറ്റി കളുടെ ചുമതലയിലാണ്. കൃത്യമായ നയങ്ങൾ വഴി ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ഓരോ പദ്ധതിയുടെയും പ്രവർത്തന സാധുത ഉറപ്പു വരുത്തണമെന്ന് 243 സെഡ് ഡി നിർദ്ദേശി ക്കുന്നു.

രാജ്യത്ത് 2.5 ലക്ഷം പഞ്ചായത്തിരാജ് സ്ഥാപനങ്ങളും 3842 നഗര ഭരണകൂടങ്ങളും അവ യിൽ മൂന്നു ദശലക്ഷം ജനപ്രതിനിധികളുമുണ്ട്. ലോകത്തിൽ മറ്റ് ഒരു രാജ്യത്തും ഇല്ലാത്ത പ്രത്യേക ജനാധിപത്യ സംവിധാനമാണിത്. സ്വയം ഭരണത്തിന്റെ ഈ മഹത്തായ സാധ്യത, ദേശീയലക്ഷ്യം മുൻനിർത്തി വൻ ജനാധിപത്യ ആസൂത്രണ കർമ്മ പരിപാടി നടപ്പാക്കിക്കൊണ്ട് ഏറ്റെടുക്കേണ്ടതാണ്. താഴെ മുതൽ മുകൾ വരെ യുള്ള ആസൂത്രണം വഴി രാജ്യത്ത് ഗ്രമാസഭകൾ, ജില്ലാ സംസ്ഥാന ആസൂത്രണ കമ്മിറ്റികൾ, ജനപ ങ്കാളിത്തത്തിനുള്ള മറ്റ് വേദികൾ എന്നിവ പ്രത്യേ കമായ ചട്ടക്കൂടിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങളോടെ ആരംഭിച്ചിട്ടുണ്ട്. രാഷ്ട്രിയ ഇഛാശക്തി ഉണ്ടെ ങ്കിൽ പ്രാദേശിക ജനാധിപത്യത്തിന് തീർച്ചയായും വഴിയുണ്ട് എന്ന് ഇക്കാര്യത്തിൽ കേരളം മാതൃക കാണിച്ചിരിക്കുന്നു. ജനങ്ങളുടെ പങ്കാളിത്ത ത്തിനും ആസൂത്രണ ബോധവത്ക്കരണത്തിനും കേരളം തുടക്കമിട്ടത് പ്രചാരണം വഴിയാണ്. പിന്നീട് സെൻ കമ്മിറ്റി റിപ്പോർട്ടിന്റെയും മറ്റും അടിസ്ഥാനത്തിൽ അത് സ്ഥാപനവത്ക്കരിക്കപ്പെ ട്ടു. പങ്കാളിത്ത ആസൂത്രണത്തിൽ കേരളം ബഹു തല പ്രക്രിയയാണ് രൂപപ്പെടുത്തിയത്. ആദ്യം ഗ്രാമ സഭയിൽ ജനങ്ങളുടെ ആവശ്യങ്ങൾ വിലയിരു ത്തുന്നു. ഇത് പിന്നീട് ജില്ലാ ആസൂത്രണ കമ്മിറ്റി യുടെ ഭരണാനുമതിക്ക് സമർപ്പിക്കുന്നു. സംസ്ഥാ നത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും മുനിസി പ്പാലിറ്റികളും വികസന റിപ്പോർട്ടുകൾ തയാറാക്കി അച്ചടിച്ചു എന്നത് ചെറിയ കാര്യമല്ല. വികസന സെമിനാറുകളിൽ ചർച്ച ചെയ്താണ് ദീർഘകാല വികസന ലക്ഷ്യങ്ങൾ തീരുമാനിക്കുന്നതും അതി

നുള്ള വിഭവങ്ങൾ കണ്ടെത്തുന്നതും. ഇതാണ് വികസന റിപ്പോർട്ടുകളുടെ ഉള്ളടക്കം. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇത്തരം പദ്ധതികൾ തയാറാക്കാനുള്ള പത്തു പന്ത്രണ്ട് പ്രവർത്തക സമിതികൾ ഉണ്ട്. വികസന റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നതിനായി ഓരോ ഗ്രാമസഭകളിലും മുനിസിപ്പാലിറ്റികളിലും വികസന സെമിനാറുകൾ സംഘടിപ്പിച്ചു. അപ്പോൾ വാർഡു തലത്തിൽ നടന്ന വികസന സംവാദം അതിന്റെ ഉയർന്ന പടിയായ ഗ്രാമതലത്തിലെത്തി. അതായത് ജനകീയ ആസൂത്രണ പ്രചാരണത്തിൽ ഗ്രാമസഭാംഗങ്ങൾ, രാഷ്ടീയ നേതാക്കൾ, സർക്കാർ ജീവനക്കാർ, വിദഗ്ധർ ഉൾപ്പെടെ ഏകദേശം അഞ്ചു ലക്ഷം ആളുകൾ ഈ വികേന്ദ്രീകൃത സംവിധാനത്തിൽ, പ്രശ്നപരിഹാരത്തിനായുള്ള വികസന സെമിനാറുകളിൽ താല്പര്യപൂർവം പങ്കെടുത്തു. എല്ലാ വികസന സെമിനാറുകളും ഒരുപോലെ വിജയമായിരുന്നു എന്ന് ഇതുകൊണ്ട് അർത്ഥമാക്കരുത്. പക്ഷെ അതൊരു വിജയഗാഥ തന്നെയാണ്. ജനങ്ങളെ ഇതിനു തയാറാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് ഇതു സംബന്ധിച്ച് മലയാളത്തിൽ വിശദമായ ലഘു ലേഖകൾ പ്രസിദ്ധീകരിച്ചിരുന്നു. പുതിയ ഗവൺമെന്റിന് താല്പര്യമുള്ള പക്ഷം കേരളത്തിലെ കൊല്ലം ജില്ലയുടെ പദ്ധതി രേഖകൾ താഴെത്തട്ടു മുതലുള്ള വികസനത്തിന് മികച്ച മാർഗ്ഗനിർദ്ദേശ മാതൃകയായി സ്വീകരിക്കാവുന്നതാണ്. പശ്ചിമബംഗാളിലും സമാന മാതൃകകൾ ഉണ്ട്. സാമ്പത്തിക വികസനം, സാമൂഹ്യ നീതി എന്നീ മേഖലകളിൽ ഭരണഘടനാ പ്രകാരമുള്ള ആസൂത്രണം നടപ്പാക്കുന്നതിന് പഞ്ചായത്തി രാജ് സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക പ്രാധാന്യം നല്കേണ്ടതുണ്ട്. ഇത്തരം പദ്ധതി ഒരു സമഗ്ര സങ്കല്പമാണ്. വകുപ്പുതല ആവിഷ്കാരവും നിർവഹണവും ശരിയായ സമീപനമല്ല. ഭരണത്തിലെ വകുപ്പു സമ്പ്രദായം ഇന്ത്യയുടെ ശാപമാണ്. പഞ്ചായത്തുകളുടെ കൈവശം പദ്ധതിവിഹിതം മാത്രമെ ഉള്ളുവെങ്കിൽ അടിസ്ഥാനവികസനം എത്ര ഫലപ്രദമായി നടപ്പാക്കിയാലും അതിന് വലിയ അർത്ഥമുണ്ടാകില്ല. ഉദാഹരണം കർണാടകത്തിലെയും പശ്ചിമ ബംഗാളിലെയും വികേന്ദ്രീകരണം തന്നെ. പദ്ധതി ഫണ്ടുകൾ കൊണ്ടു മാത്രം നടന്ന വികസനമാണത്. പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടത്തുന്നതിനുള്ള സ്വാതന്ത്ര്യവും അതിന് ചെലവഴിക്കാൻ ബാധ്യതകൾ ഇല്ലാത്ത ഫണ്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് വേണം.

**നിതി ആയോഗ്** ആദ്യമായി ചെയ്യേണ്ടത് ആസൂത്രണ കമ്മിഷൻ 2008 ൽ തയാറാക്കിയ സമഗ്ര ആസൂത്രണ രേഖ ഉൾപ്പെടെയുള്ള ഈ മേഖലയിലെ പരിശ്രമങ്ങളെ കുറിച്ച് രാജ്യവ്യാപകമായ പഠനമാണ്. 640 ജില്ലകളും ദീർഘവീക്ഷണത്തോടെ ഇടക്കാല ലക്ഷ്യങ്ങളോടെ വാർഷിക പദ്ധതികൾ തയാറാക്കിയാൽ നാനാത്വത്തിലെ ഏകത്വത്തിന്റെ ഏറ്റവും മികച്ച പ്രകടനമായിരിക്കും അത്. ഈ മേഖലയിൽ, തദ്ദേശ സ്ഥാപനങ്ങൾ വഴി ഇന്ത്യ ശേഖരിച്ച രാജ്യത്തെ ഭൗമസ്ഥാനം, മണ്ണ്, ഭൂഗർഭജലം, വിളകൾ, നദീതടങ്ങൾ, നീർമറികൾ തുടങ്ങി ഭൂമിശാസ്ത്രപരമായ വിവരങ്ങൾ വെറും നിരർത്ഥക സ്വപ്നമല്ല എന്ന് മനസിലാക്കണം. വീടുകളിൽ നിന്നു നിലവിൽ ശേഖരിച്ച ജനസംഖ്യാ വിവരങ്ങൾക്കുമൊപ്പം ഒരു സാമൂഹിക സാമ്പത്തിക സർവെ കൂടി നടത്തിയാൽ അടിത്തട്ടിൽ നിന്നുള്ള വികസനത്തിന് അത് വളരെ പ്രയോജനപ്പെടും. യഥാർത്ഥ ചോദ്യം ഇതാണ്: സാമ്പത്തിക വികസനം സാമൂഹ്യ നീതി എന്നിവയ്ക്കായി ജില്ലാ ആസൂത്രണ സമിതികളെ രാഷ്ട്രീയമായും നിയമപരമായും സാങ്കേതികമായും ഉപ സംസ്ഥാന തലത്തിൽ ശാക്തീകരിക്കാമോ. **നിതി ആയോഗ്** ഇതേക്കുറിച്ചുകൂടി ചിന്തിക്കുന്നത് നല്ലതാണ്.

### കൈമാറ്റ ക്രമീകരണങ്ങളുടെ യുക്തിപരത

മികച്ച സഹകരണ ഫെഡറൽ ഘടനയ്ക്ക് യുക്തിഭദ്രമായ സാമ്പത്തിക കൈമാറ്റം അത്യന്താപേക്ഷിതമാണ്. ഇന്ത്യയുടെ സാമ്പത്തിക ഫെഡറലിസത്തിന് വൈവിധ്യമാർന്ന വഴികളും ലക്ഷ്യങ്ങളും വ്യവസ്ഥകളുമുണ്ട്. ആസൂത്രണ കമ്മീഷന്റെ ധനവിനിയോഗ അധികാരം എടുത്തുകളഞ്ഞതു കൊണ്ട് പ്രശ്നത്തിനു പരിഹരമാവില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഓരോ ബജറ്റിലും തുടർച്ചയായി വർധിപ്പിക്കുന്നുണ്ട്. എന്നാൽ 2011 ലെ ബികെ ചതുർവേദി കമ്മിറ്റിയുടെ

ശിപാർശ പ്രകാരം പദ്ധതികളുടെ എണ്ണം വെട്ടിക്കുറച്ചു വരികയാണ്. പക്ഷെ ഇന്നും അവയുടെ ശക്തമായ സാന്നിധ്യം നിലനില്ക്കുന്നു. അവയെ വീണ്ടും രാജ്യത്തെ ധന കൈമാറ്റ ക്രമീകരണങ്ങളുടെ ഭാഗമാക്കാൻ എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന തല നിർവഹണം മുൻഗണന അനുസരിച്ച് ശല്യപ്പെടുത്തുന്ന വൈകൃതമായിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക നേട്ടങ്ങളിൽ കേരളത്തെ മുന്നിൽ നിറുത്തുകയും പിന്നാക്ക മേഖലകളായ ജാർഖണ്ഡ്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളെ ഇന്ത്യൻ സാഹചര്യങ്ങളുടെ കുപ്പായത്തിൽ പ്രതിഷ്ഠിക്കുകയും ഈ സംസ്ഥനങ്ങളിലേയ്ക്ക് പദ്ധതികൾ ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളാണ് ഇനിയും പരിഹരിക്കാൻ ബാക്കി നില്ക്കുന്നത്.

ലോകത്തിലെ ഏറ്റവും സാമ്പത്തിക കേന്ദ്രീകൃത രാജ്യമാണ് ഇന്ത്യ. ചൈനപോലും ഇന്ത്യയെക്കാൾ എത്രയോ അധികം വികേന്ദ്രീകൃതമാണ്. സാമ്പത്തിക ക്രമീകരണങ്ങളിലെ പ്രശ്നങ്ങൾ കേന്ദ്ര ധന കമ്മിഷന്റെ മാത്രം ചുമലിൽ വച്ചു കൊടുത്താൽ മതിയോ. കഴിഞ്ഞ വർഷങ്ങളിലത്രയും വികസനത്തിലേയ്ക്ക് ഇന്ത്യ കൂടുതൽ അടുക്കുകയായിരുന്നോ അതെ അകലുകയായിരുന്നോ എന്നും പരിശോധിക്കണം. നിതി ആയോഗിന്റെ പുതിയ ഉപാധ്യക്ഷൻ അരവിന്ദ് പനഞ്ജാരിയയാണ് ഈ പഠനം നടത്തേണ്ടത്. ബുദ്ധിജീവികൾക്ക് വെറും അനുമാനങ്ങൾ മാത്രം വച്ച് പഠനം നടത്താനാവില്ല. സ്വാതന്ത്ര്യം ലഭിച്ച് 68 വർഷങ്ങൾ കഴിഞ്ഞിട്ടും ഭാരതത്തിന്റെ തെരുവു വൃത്തിയാക്കാൻ ചൂലുമായി രാജ്യത്തിന്റെ പ്രധാനമന്ത്രിക്ക് നേരിട്ട് ഇറങ്ങേണ്ടി വരിക എത്രയോ ലജ്ജാകരമാണ്. അപ്പോൾ ഇതുവരെ ആരുടെ മുൻഗണനകളും തീരുമാനങ്ങളുമാണ് ഈ രാജ്യത്തിന്റെ ഭാഗധേയത്തെ നിർണയിച്ചുകൊണ്ടിരുന്നത്. ഇതും പരിശോധിക്കപ്പെടേണ്ടതാണ്. പഞ്ചായത്തുകളെ ശാക്തീകരിക്കാൻ, 73,74 ഭരണഘടനാ ഭേദഗതികളുടെ വാക്കും പൊരുളും യാഥാർത്ഥ്യമാക്കാൻ, ഈ രാജ്യത്തെ ഓരോ പൗരനും അവർ എവിടെ വസിക്കുന്നു എന്നു നോക്കാതെ അടിസ്ഥാന ആവശ്യങ്ങളായ ശുചിമുറികൾ, കുടിവെള്ളം, പാർപ്പിടം, വൈദ്യുതി, യാത്രാസൗകര്യം, ഇന്റർനെറ്റ്, ഇതര പൊതു സേവനങ്ങൾ എന്നിവ എത്തിക്കുക എന്നതാണ് അടിയന്തര ആവശ്യം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ വിഭവ സമാഹരണത്തിന് പ്രോത്സാഹിപ്പിക്കുക. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾ വരുമാനത്തിന്റെ 80 ശതമാനം ലഭിച്ചിരുന്ന വസ്തുനികുതി എടുത്തു കളഞ്ഞു. ഇത് സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കും. പൊതു ധന സഹായം അനുവദിക്കണം എന്ന പതിമൂന്നാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്താൻ സഹായകരമായ വലിയ നിർദ്ദേശം തന്നെയാണ്. തിരശ്ചീന അസന്തുലിതാവസ്ഥ ഇന്ത്യയെക്കാൾ വളരെ താഴ്ന്നു നില്ക്കുന്ന കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ പ്രവർത്തിക്കുന്നത് സമീകൃത ധനസഹായത്തിലാണ്. ഇക്കാര്യത്തെ കുറിച്ചും **നിതി ആയോഗിന്** ഭാവിയിൽ ചിന്തിക്കാം.

ചുരുക്കി പറഞ്ഞാൽ ഒരു പ്രത്യേക സഹകരണ ഫെഡറലിസമാണ് ഇന്ത്യയുടേത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യയുടെ അവിഭാജ്യ ഘടകങ്ങളാണ്. വികസനത്തിൽ അനന്ത സാധ്യതകളാണ് അവയ്ക്കുള്ളത്. ബോധപൂർവമായ നയങ്ങളിലൂടെ മാത്രമെ അവയെ ഫലപ്രദമായ ഘടകങ്ങളാക്കി മാറ്റാനാവൂ. എന്നാൽ സാമ്പത്തിക പരിഷ്കാരങ്ങളുടെ പേരിൽ ഇത് നാം മറക്കാൻ സാധ്യതയുണ്ട്. ഇപ്പോൾ ഇത് നിർവഹിക്കാനുള്ള സുവർണ്ണാവസരമാണ്. അതിന് ജനാധിപത്യ ഗവൺമെന്റ് ശരിയായ ദിശാബോധം നല്കണം.പാർശ്വവത്ക്കരിക്കപ്പെട്ടവരും ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ സമൂഹങ്ങളെയും ഇതിൽ ഉൾപ്പെടുത്തണം. അതാണ് യഥാർത്ഥ ധർമം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കലാണ് ഈ ലക്ഷ്യം നേടാനുള്ള മാർഗ്ഗം.

**പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ലേഖകൻ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ ഹോണററി പ്രഫസറാണ്**



# സുപ്രീം കോടതിയുടെ സാമൂഹ്യ നീതി ബഞ്ച്

ഡോ. പി. എൻ. വിജയകുമാർ




**സുപ്രീം കോടതിയുടെ രണ്ടംഗ സാമൂഹ്യ നീതി ബഞ്ച് 2014 ഡിസംബർ 14 ന് നിലവിൽ വന്നു. ചീഫ് ജസ്റ്റിസ് എച്ച്.എൽ. ദത്തു തന്റെ പ്രത്യേക അധികാര പ്രകാരം എം.ബി. ലൊഗുർ, ജസ്റ്റിസ് ഉദയ് ലളിത് എന്നിവരെ ഈ ബഞ്ചിലേയ്ക്ക് നോമിനേറ്റ് ചെയ്യുകയുണ്ടായി. എല്ലാ വെള്ളിയാഴ്ചകളിലും 2 മണി മുതൽ പൊതു താൽപര്യ സ്വഭാവമുള്ള ഹർജികളായിരിക്കും സാമൂഹ്യ നീതി ബഞ്ച് പരിഗണിക്കുക.**

**സു**പ്രീം കോടതിയുടെ പ്രധാന കവാടത്തിൽ ആലേഖനം ചെയ്തിരിക്കുന്നത് ഒരു "ധർമ്മ ചക്രമാണ്" നീതിനിർവ്വഹണത്തിന്റെ നിർഭയമായ മുദ്ര. 1950 ജനുവരി 26 മുതൽ സുപ്രീം കോടതിയുടെ ആസ്ഥാനം ഇന്ത്യൻ പാർലമെന്റ് മന്ദിരം തന്നെയായിരുന്നു. 1958ലാണ് ഇന്ന് നാം കാണുന്ന സുപ്രീം കോടതിയുടെ നീതി സൗധത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഇന്ത്യയുടെ പ്രഥമ ചീഫ് ജസ്റ്റിസായി അവരോധിക്കപ്പെട്ടത് നിയമജ്ഞന്മാരുടെ നിയമജ്ഞനായ ജസ്റ്റിസ് ഹീരാലാൽ ജെ. കനിയയാണ്. തുടർന്ന് 1951 മുതൽ 1954 വരെ ജസ്റ്റിസ് പതഞ്ജലി ശാസ്ത്രി ഇന്ത്യയുടെ ചീഫ് ജസ്റ്റിസായി. പുതിയ കെട്ടിടത്തിലേക്ക് സുപ്രീം കോടതി ആസ്ഥാനം മാറുമ്പോൾ ചീഫ് ജസ്റ്റിസ് ശുദ്ധിരഞ്ജൻ ദാസ് (എസ്. ആർ. ദാസ്) ആയിരുന്നു. കോടതിയുടെ

ഒന്നാം നമ്പർ കോർട്ട് ഹാളിന് 3000 ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ട്. പ്രൗഢഗംഭീരമായ അന്തരീക്ഷം–

ഭരണഘടനയുടെ ആർട്ടിക്കിൾ 141 പ്രകാരം സുപ്രീം കോടതി വിധികൾ രാജ്യത്തിന്റെ എല്ലാ കോടതികൾക്കും ഒരുപോലെ ബാധകമാണ്. ആർട്ടിക്കിൾ 144 പ്രകാരം ഭാരത്തിലെ മുഴുവൻ നിയമ സ്ഥാപനങ്ങളും സുപ്രീം കോടതിയെ സഹായിക്കും വിധം പ്രവർത്തിക്കേണ്ടതും പരമോന്നത നീതിപീഠത്തിന്റെ ഔന്നിത്യം ഉയർത്തിക്കാണ്ടേതുമാണ്.

ഇൻഡ്യൻ ഭരണ ഘടന കാലഘട്ടങ്ങളെ അതിജീവിക്കുകയാണ്. സാമൂഹ്യ-രാഷ്ട്രീയ മാറ്റങ്ങൾ ഭരണഘടനയുടെ സുശക്തമായ സംവിധാനത്തിന് പലപ്പോഴും വെല്ലുവിളികൾ ഉയർത്താറുണ്ട്. ഭരണഘടനാ ശില്പികൾ ഭരണഘടനയുടെ കെട്ടുറപ്പും അതിജീവനവും സുപ്രീംകോടതി ജഡ്ജിമാരുടെ വിവേകബുദ്ധിയിലും വിശാലതയിലും നിയമ പരിജ്ഞാനത്തിലും സുരക്ഷിതമായിരിക്കും എന്നു തന്നെയാണ് വിശ്വസിച്ചത്. ആ വിശ്വാസമാണ് നാളിതുവരെ ഇൻഡ്യൻ ഭരണഘടനയ്ക്കും നീതിന്യായ വ്യവസ്ഥയ്ക്കും തിളക്കമേറ്റിയത്. ന്യായാധിപൻമാരുടെ വ്യക്തിപ്രഭാവം, നിയമ പരിജ്ഞാനം, ജനാധിപത്യത്തോടുള്ള പ്രതിബദ്ധത, സർവ്വോപരി സത്യസന്ധത ഇവയെല്ലാം അവരുടെ വിധിന്യായങ്ങളിൽ പ്രകടമാകുകയാണ്, അവ നീതിപീഠങ്ങളുടെ യശസ്സ് ഉയർത്തുകയും മാനവ രാശിയ്ക്ക് മാർഗ്ഗദർശമാവുകയും ചെയ്യുന്നുണ്ട്. നിയമ സംവിധാനത്തിനേയും അതിജീവിച്ച് നിയമ വ്യാഖ്യാനങ്ങൾക്ക് പര്യായമായി മാറിയ ന്യായാധിപൻമാർ ഇതര രാജ്യങ്ങളിലും ഇൻഡ്യയിലും വിരളമല്ല. ലോഡ് ഡന്നിങ്സ് മുതൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർവരെ നിയമ സാക്ഷാൽക്കാരങ്ങളുടെ ആൾരൂപങ്ങളാണ്.

സാമൂഹ്യ നീതി എന്ന സങ്കല്പം ഇൻഡ്യൻ ഭരണഘടനയിലേയ്ക്ക് കടംകൊണ്ടത് ഡോ.ബി. ആർ.അംബേദ്കർ എന്ന ഭരണഘടനാ ശില്പിയുടെ ഇച്ഛാശക്തിയും അംബേദ്കറുടെ ആശയങ്ങൾക്കു പൂർണ്ണ സഹകരണം പുലർത്തിയ കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയുടെ തീരുമാനങ്ങളുമാണ്. ഭരണഘടനയുടെ ആമുഖം ജീവിച്ചിരിക്കുകയും മൺമറഞ്ഞവരും വരാനിരിക്കുന്നതുമായ തലമുറകളുടെ സങ്കൽപ്പങ്ങളായിരുന്നു. "നാം ഭാരതത്തിലെ ജനങ്ങൾ" എന്ന് ആരംഭിക്കുന്ന പ്രസിദ്ധമായ ആമുഖവാചകം ചരിത്രകാരന്മാരിൽ അതിശ്രേഷ്ഠനും രാഷ്ട്രശില്പിയുമായ പണ്ഡിറ്റ് ജവഹർലാൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിൽ 1946 നവംബർ 20, 21 ദിവസങ്ങളിൽ അവതരിപ്പിച്ച ഒബ്ജക്റ്റീവ് റസലൂഷന്റെ പകർപ്പായിരുന്നു. ഡ്രാഫ്റ്റിങ്ങ് കമ്മറ്റിയും ഭരണഘടനയുടെ നിർമ്മിതിയ്ക്കായി രൂപപ്പെടുത്തിയ മറ്റ് ഉപസമിതിയും ആമുഖം അതേപടി അംഗീകരിക്കുകയായിരുന്നു. ഭരണഘടനയുടെ സ്വഭാവം, കാഴ്ചപ്പാടുകൾ - ലക്ഷ്യപ്രാപ്തി, ഭരണങ്ങളുടെ ദിശാസൂചിക ഇവയെല്ലാം ഉൾക്കൊള്ളുന്ന  മഹാകാവ്യം പോലെ രൂപപ്പെട്ട ഭരണഘടന ഒരൊറ്റ വാചകമായി ചുരുങ്ങുമ്പോഴും അടിസ്ഥാന മൂല്യങ്ങൾക്ക് യാതൊരു മാറ്റമുണ്ടായിരുന്നില്ല. രാഷ്ട്രപിതാവായ മഹാത്മജിയും ഭരണഘടനാ ശില്പികളും സ്വാതന്ത്ര്യസമരം നയിച്ചവരും ഭാരതത്തിലെ ജനങ്ങളും ഒരേ സ്വരത്തിൽ വാഴ്ത്തിയ ഈ ഭരണഘടനയുടെ ആമുഖം ആവശ്യപ്പെടുന്നത് സാമൂഹ്യ നീതി, സാമ്പത്തിക സമത്വം, രാഷ്ട്രീയ നീതി എന്നിവയാണ്. ഭരണഘടനയുടെ ആമുഖത്തിലേയ്ക്ക് എത്തിനോക്കുന്ന ആർക്കും കൃത്യമായും വ്യക്തമായും മനസ്സിലാകുന്ന ആദർശം സാമൂഹ്യ നീതി കൈവരിക്കലെന്ന ലക്ഷ്യമാണ്.

ഭരണത്തിന്റെ-ഭരണഘടനയുടെ ജനാധിപത്യ ആദിമദ്ധ്യാന്തങ്ങൾ ഈ സാമൂഹ്യ നീതി എന്ന ആശയത്തെ സാക്ഷാൽകരിക്കലാണ്. മന്വന്തരങ്ങളായി ജാതിപരമായ വേർതിരിവുകൾ, ഉച്ചനീചത്വങ്ങൾ ജാതി അടിസ്ഥാനപ്പെടുത്തി സാമൂഹ്യ നീതിയും സമൂഹത്തിലെ നിലനിൽപ്പും വേർതിരിച്ചുകാണുന്ന നമ്മുടെ രാജ്യത്ത്, ജാതിക്കതീതമായി ഉയർന്നുവന്ന എല്ലാ ആശയങ്ങളേയും എല്ലാ മത വിശ്വാസങ്ങളേയും തമസ്കരിക്കപ്പെട്ട ഈ രാജ്യത്ത്, സാമൂഹ്യനീതി എന്ന

സങ്കല്പം ഭരണഘടനയുടെ ആദ്യവാക്കായി ഉൾക്കൊള്ളിക്കുമ്പോൾ ചരിത്രം തന്നെ ഒരു പക്ഷെ അൽഭുതപ്പെട്ടിരിക്കാം. അതു സംഭവിച്ചു. തൊട്ടുകൂടായ്മ ഭരണഘടനയുടെ ആർട്ടിക്കിൾ 17 പ്രകാരം നിരോധിക്കപ്പെട്ടു. കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയുടെ ലോകത്തോടുള്ള ആദ്യ പ്രഖ്യാപനം തൊട്ടുകൂടായ്മ ഭാരതത്തിൽ നിരോധിക്കുന്നുവെന്നും എന്തെങ്കിലും തരത്തിൽ തൊട്ടുകൂടായ്മ ആചരിക്കുന്നത് ശിക്ഷാർഹമാണെന്നും ആയിരുന്നു. ഡോ. ബി.ആർ. അംബേദ്കർ എന്ന വിശ്വവിസ്മയം ഒരു പുതിയ ആശയപ്രഖ്യാപനവും ചരിത്രപരമായ തന്റെ ദൗത്യം നിർവ്വഹിക്കുകയായിരുന്നു. ഭരണഘടനയുടെ 14,15,16 ദലങ്ങൾ (ആർട്ടികിൾസ്) സമത്വവും, സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നവയാണ്. നിയമത്തിന്റെ മുമ്പിൽ സർവ്വരും സമൻമാരെന്നും നിയമത്തിന്റെ സമമായ പരിരക്ഷ ഏവർക്കും നിർല്ലോഭം ലഭ്യമാണെന്നും പ്രഖ്യാപിക്കുന്ന ആർട്ടിക്കിൾ 14 സാമൂഹ്യ സമത്വത്തിന്റെ വിശാല വീക്ഷണമാണ്. ഭരണഘടനയിലെ നിരവധി വകുപ്പുകൾ ഉറപ്പുനൽകുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും ഭരണഘടനയുടെ വിഖ്യാതമായ ഈ ആമുഖത്തിന്റെ വെളിച്ചത്തിലാണ്.

സുപ്രീം കോടതിയുടെ രണ്ടംഗ സാമൂഹ്യ നീതി ബഞ്ച് 2014 ഡിസംബർ 14 ന് നിലവിൽ വന്നു. ചീഫ് ജസ്റ്റിസ് എച്ച്.എൽ. ദത്തു തന്റെ പ്രത്യേക അധികാര പ്രകാരം എം.ബി. ലൊഗുർ, ജസ്റ്റിസ് ഉദയ് ലളിത് എന്നിവരെ ഈ ബഞ്ചിലേയ്ക്ക് നോമിനേറ്റ് ചെയ്യുകയുണ്ടായി. എല്ലാ വെള്ളിയാഴ്ചകളിലും 2 മണി മുതൽ പൊതുതാൽപര്യസ്വഭാവമുള്ള ഹർജികളായിരിക്കും സാമൂഹ്യ നീതി ബഞ്ച് പരിഗണിക്കുക. ആദ്യമായി പരിഗണനയക്ക് എടുത്തത് വളരെയധികം ജനശ്രദ്ധ ആകർഷിച്ച *നർമ്മദാ ബചാവോ ആന്തോളൻ* സംബന്ധിയായ നർമ്മദാ ഡാം പ്രോജക്ട് കേസ് ആയിരുന്നു. പ്രശസ്ത അഭിഭാഷകൻ ഫാലി. എസ്. നരിമാൻ ആണ് ആ കേസ് ആദ്യമായി വാദിക്കുന്നത്.

നിയമങ്ങൾ ജനനമരണങ്ങൾക്കും വളർച്ചയ്ക്കും വിധേയമാണ്. പ്രാകൃത മനുഷ്യൻ മുതൽ ജനാധിപത്യ സംസ്കാരം വരെ കൈവരിച്ച നേട്ടങ്ങൾ പരീക്ഷണ ഘട്ടങ്ങളിലൂടെ കൈവന്നവയാണ്. ഏകാധിപത്യത്തിലൂടെ, രാജഭരണങ്ങളിലൂടെ – ഉത്തരവാദിത്തഭരണങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിലൂടെ, നിയമ സങ്കല്പ്പങ്ങൾ വളരുകയും പൗരാണിക നിയമങ്ങൾ പലതും വിസ്മൃതിയിലേയ്ക്ക് ആണ്ടുപോകുന്നതുമാണ്, ചരിത്രം നൽകുന്ന പാഠങ്ങൾ. അതുകൊണ്ടുതന്നെ നിയമം ജീവിക്കുന്നതും ജനന മരണങ്ങൾക്ക് വിധേയവുമായ പ്രതിഭാസമാണെന്നു തന്നെ പറയാം.

**ഇൻഡ്യൻ സുപ്രീം കോടതി:** ഒരു കേന്ദ്രീകൃത നിയമ സംവിധാനം ഇൻഡ്യയിൽ നിലവിൽ വരുന്നത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തുടക്കത്തോടുകൂടിയാണ്. 1935 ലെ ഗവ. ഓഫ് ഇൻഡ്യ ആക്ട് പ്രകാരമാണ് ഇൻഡ്യയിൽ സ്വതന്ത്ര അധികാരവും അപ്പീൽ അധികാരവും ഉൾക്കൊള്ളുന്ന ഒരു ഫെഡറൽ കോടതി നിലവിൽ വന്നത്. ബോംബെ, മദ്രാസ്, കൽക്കട്ട എന്നീ കോടതികളുടെ രൂപീകരണവും അവയ്ക്ക് പ്രചോദനമായി തീർന്ന ചാർട്ടറുകളും നമുക്ക് തൽകാലം വിസ്മരിക്കാം. ഫെഡറൽ കോർട്ട് പ്രിവി കൗൺസിലിന് വഴിമാറി, അങ്ങനെ 1949 ൽ ഭരണഘടന അസംബ്ലി അതിന്റെ അഞ്ചാമത് ആക്ട് പ്രകാരം പ്രിവി കൗൺസിലിന്റെ എല്ലാ അധികാരങ്ങളും റദ്ദ് ചെയ്ത് ഫെഡറൽ കോർട്ടിനെ സ്വതന്ത്രമാക്കുകയും 1950 ജനുവരി 26ന് സുപ്രീം കോടതി എന്ന പരമോന്നത നീതിപീഠത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുകയും ചെയ്തു. ഭരണഘടനയുടെ 145–ാമത് ആർട്ടിക്കിൾ നൽകുന്ന പ്രത്യേക അധികാരങ്ങളോടെയാണ് സുപ്രീം കോടതിയുടെ റൂൾസ് നിലവിൽ വരുന്നത്.

സുപ്രീം കോടതിയുടെ ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും, നയരൂപീകരണവും, ഇൻഡ്യൻ ചീഫ് ജസ്റ്റിസിന്റെ കൽപ്പ

നകളിലൂടെയാണ്. വിവിധ റൂൾസ് കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും ചീഫ് ജസ്റ്റിസിന്റെ അഭിപ്രായമായിരിക്കും നയരൂപീകരണത്തിലെ അവസാന വാക്ക്. കേന്ദ്ര നീതിന്യായ സംവിധാനം ഭരണഘടനയുടെ 4-ാമത് അദ്ധ്യായത്തിൽ 124-മത് ദലം മുതൽ 147-മത് ദലം വരെ വിശദമായി പ്രതിപാദിക്കപ്പെടുന്നു. ഒരു സ്വതന്ത്ര നീതി നിർവ്വഹണ സംവിധാനം - പരമോന്നത നീതിപീഠം - ഭരണഘടനയുടെ കാവലാൾ-സ്വമേധയായും സ്വതന്ത്രവുമായി തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം എന്നിവയ്ക്ക് പുറമെ ഭരണഘടനാ വിധേയമായ വിഷയങ്ങളിൽ ഇൻഡ്യൻ പ്രസിഡന്റിന് മാർഗ്ഗദർശകമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഉള്ള അഡ്വൈസറി ജൂറിസ്ഡിക്ഷനും സമന്വയിപ്പിക്കുന്നതാണ് ഭരണഘടനയിലെ വ്യവസ്ഥകൾ. സുപ്രീം കോടതിയ്ക്ക് ഭരണഘടനാനുസൃതമായി ഇൻഡ്യൻ ജനജീവിതത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കാൻ കഴിയുന്ന തീരുമാനമാണ് സാമൂഹ്യനീതി ബഞ്ച് എന്ന സങ്കല്പം. സുപ്രീം കോടതിയ്ക്ക് അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് പ്രത്യേക റൂൾസ് നിർമ്മിക്കുവാനുള്ള അധികാരം ഭരണഘടനയുടെ പാർട്ട് 4ൽ പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം നൽകപ്പെട്ട അധികാര പരിധിയിൽ നിന്നുകൊണ്ട് സുപ്രീം കോടതി തന്നെ ആവശ്യമായ നിയമ നിർമ്മാണം ആർട്ടിക്കിൾ 145 പ്രകാരം ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതിയോടെ നിർമ്മിക്കുന്നു (Rules of Courts) സുപ്രീംകോടതിയ്ക്ക് റൂൾസ് ഫ്രെയിമിങ്ങ് അധികാരങ്ങൾ നൽകിയിരിക്കുന്നു. കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ വ്യവസ്ഥകളും കോടതി നടപടി ക്രമങ്ങളും ഇവയിൽ ഉൾപ്പെടുന്നു. ആർട്ടിക്കിൾ 145(3) പ്രകാരം ഓരോ വിഷയങ്ങളുടേയും പ്രാധാന്യം അനുസരിച്ച് ജഡ്ജിമാരുടെ എണ്ണം തീരുമാനിക്കുന്നതിന് സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് അധികാരമുണ്ട്.

സുപ്രീംകോടതി റൂൾസ് പ്രാബല്യത്തിൽ വന്നത് 1966 ലാണ്. ഓർഡർ VII റൂൾ 1 പ്രകാരം ഒന്നിലധികം ജഡ്ജിമാരുള്ള ബഞ്ചുകൾ നിർദ്ദേശിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം സുപ്രീം കോടതി ചീഫ് ജസ്റ്റിസിൽ നിക്ഷിപ്തമാണ്.

**ഭരണഘടനാ ബഞ്ചുകൾ** : ഇൻഡ്യൻ ഭരണഘടനയുടെ സാധുതയും ഭരണഘടന വ്യാഖ്യാനങ്ങളും ആവശ്യമായി മാറുന്ന സന്ദർഭങ്ങളിൽ ഭരണഘടനയുടെ പ്രത്യേക ബഞ്ചുകൾ രൂപീകരിക്കേണ്ടതായിവരുന്നു. അത്തരം ബഞ്ചുകളാണ് ശ്രദ്ധേയമായ ഭരണഘടനാ വ്യാഖ്യാനങ്ങൾ നൽകുന്നത്. കേശവാനന്ദ ഭാരതി കേസ്സും എ.കെ. ഗോപാലൻ കേസ്സും ഇത്തരത്തിൽ ജനശ്രദ്ധ ആകർഷിച്ചിരുന്നു. 1973 ലാണ് കേശവാനന്ദ വെർസ്സ് സ്റ്റേറ്റ് ഓഫ് കേരള എന്ന സുപ്രസിദ്ധ വിധിന്യായത്തിൽ ഭരണഘടനയുടെ ആമുഖം തിരുത്തലുകൾക്ക് വിധേയമാണോയെന്ന് പരിശോധിക്കുന്ന ഭരണഘടനാ ബഞ്ചിന്റെ വിധിന്യായം പുറത്തുവരുന്നത്. കേശവാനന്ദ ഭാരതി കേസിന് മുന്നോടിയായി ബറുബറി യൂണിയൻ ആന്റ് എക്സ്ചേഞ്ച് ഓഫ് എൻക്ലേവ്സ്. 1960 ൽ തന്നെ ഭരണഘടനാ ബഞ്ച് പരിഗണിക്കുകയുണ്ടായി. ഭരണഘടനാ ശില്പികളുടെ മനസ്സു തുറക്കുവാനുള്ള താക്കോലാണ് ഭരണഘടനയുടെ ആമുഖമെന്ന് ഈ വിധിന്യായം വ്യക്തമാക്കുന്നു. ചുരുക്കത്തിൽ ഭരണഘടനാ വകുപ്പുകളുടെ പ്രാധാന്യം മനസ്സിലാക്കി ഒന്നിനുപുറകെ ഒന്നായി ഭരണഘടന ബഞ്ചുകൾ നിലവിൽ വന്നു. അന്തർ സംസ്ഥാന തർക്കങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും പുതിയ ജനാധിപത്യ രീതിയിൽ സംവദിക്കുന്നതിന് സുപ്രീംകോടതി പുതിയ ബഞ്ചുകൾ എന്ന സംവിധാനം നിർമ്മിക്കേണ്ടി വരുന്നത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറി.

സാമൂഹ്യ നീതി ഭരണഘടനയുടെ പുതിയ വെല്ലുവിളികളും പുതിയ പരീക്ഷണവുമാണ്. മൗലിക അവകാശങ്ങൾ ആർട്ടിക്കിൾ (ആർട്ടിക്കിൾ 12 മുതൽ) ആർട്ടിക്കിൾ 14 മുതൽ 17 വരെ സാമൂഹ്യനീതിക്ക് കൂടുതൽ ഊന്നലും കൂടുതൽ വ്യക്തതയും നൽകുന്നവയാണ്. സാമൂഹ്യമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും പിന്നാക്കം നിൽക്കുന്നവരെ പരിരക്ഷിക്കലും

ജാതിയുടേയും മതത്തിന്റെയും പേരിലുള്ള വേർതിരിവുകൾക്ക് അതിർത്തിവരമ്പുകൾ നിർണ്ണയിക്കുന്നവയുമാണ് ഈ ആർട്ടിക്കിളുകൾ. ഇൻഡ്യയെപ്പോലെ ജാതീയമായ വേർതിരിവുകൾ മന്വന്തരങ്ങളായി നിലനിൽക്കുകയും ജാതി വ്യവസ്ഥിതി സാമൂഹിക ക്രമത്തിന്റെ അടിത്തറയായി പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഒരു രാജ്യത്ത് ഭരണഘടന സാമൂഹിക മാറ്റത്തേയും കാലഘട്ടത്തേയും അതിജീവിക്കുമോ എന്ന ആശയത്തിൽ ഭരണഘടനാശില്പി തന്നെ സംശയങ്ങൾ പ്രകടിപ്പിച്ചു. ആ സംശയങ്ങൾ വെറും വാക്കുകളായിരുന്നില്ല. ഭരണഘടനാ അസംബ്ലിയിൽ അംബേദ്കർ തന്നെ തന്റെ സംശയം പ്രകടിപ്പിക്കുകയും അവ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. വിസ്മയമായി മാറിയ അംബേദ്കറുടെ വാക്കുകൾ ഉദ്ദരിക്കാതെ ഈ ലേഖനം അവസാനിപ്പിക്കുന്നത് യുക്തിസഹമല്ല. അമേരിക്കൻ ഭരണഘടനയുടെ 13-മത് ഭേദഗതി അടിമവ്യാപാരം നിരോധിച്ചുകൊണ്ടുള്ളതായിരുന്നു. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17 തൊട്ടുകൂടായ്മ ശിക്ഷാർഹമാണെന്ന് പ്രഖ്യാപിക്കുകയും അത് ഭാരതത്തിൽ നിന്നും എന്നന്നേക്കുമായി തുടച്ചു നീക്കുകയാണെന്നും പ്രഖ്യാപിക്കുകയുമായിരുന്നു. 1945 നവംബർ 25 ന് ഭരണഘടനാ അസംബ്ലിയിൽ അംബേദ്ക്കർ പ്രകടിപ്പിച്ച സംശയങ്ങളും ഉത്ഖണ്ഡകളും വീണ്ടും ഇവിടെ ഉദ്ധരിക്കുന്നത് യുക്തിഭദ്രമായിരിക്കുമെന്ന് കരുതുകയാണ്. ഇതിനേക്കാൾ ഭംഗിയായി, ദീർഘവീക്ഷണത്തോടെ ഇൻഡ്യൻ സാമൂഹിക വ്യവസ്ഥിതിയെ മറ്റൊരാൾക്കും ആവിഷ്ക്കരിക്കാനാവില്ല. അംബേദ്ക്കർ ചോദിക്കുന്നു. "ചരിത്രം ആവർത്തിക്കുമോ, ഭാരതീയത ഈ രാജ്യത്തെ വർഗ്ഗ വ്യത്യാസങ്ങൾക്കും വർണ്ണ വ്യത്യാസങ്ങൾക്കും അതീതമായി പ്രതിഷ്ഠിക്കപ്പെടുമോ? എനിക്കറിയില്ല, പക്ഷെ ഇത് നിശ്ചയമായും സംഭവിക്കും. രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രത്തിനുപരിയായി ജാതികളെ പ്രതിഷ്ഠിക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം പ്രതിസന്ധിയിലാകുകയും ഒരുപക്ഷെ എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുകയും ചെയ്യും". ("Will Indians place the country above their creed or will they place creed above country? I do not know. But this much is certain that if the parties place creed above country, our independence will be put in jeopardy a second time and probable be lost forever.") പാർളമെന്റിൽ ഭരണഘടനാ ശില്പി നടത്തിയ പ്രവചനം ഇങ്ങനെയാണ് അവസാനിക്കുന്നത്. എല്ലാ പരിവർത്തനങ്ങൾക്കും ഭരണഘടനാപരമായ മാർഗ്ഗങ്ങൾ അവലംബിക്കണം. അവയക്ക് ധാരാളം മാർഗ്ഗങ്ങൾ നമ്മുടെ ഭരണഘടനയിൽ നിക്ഷിപ്തമാണ്. ഭരണഘടനാനുശ്രിതമല്ലാത്ത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് യാതൊരു ന്യായീകരണവും അവകാശപ്പെടാനാവില്ല. തുടർന്നുവന്ന ഭരണഘടന സുപ്രീം കോടതിയുടെ ഫുൾ ബഞ്ച് 1993 ൽ ഈ സാമൂഹിക പരിവർത്തനത്തെ കൂടുതൽ ചർച്ചാ വിഷയമാക്കി. അംബേദ്കറുടെ സംശയങ്ങൾ അസ്ഥാനത്തായിരുന്നില്ല. ജാതി വ്യവസ്ഥ സാമൂഹിക സ്റ്റാറ്റസ് നിർണ്ണയിക്കുന്ന ഒരു രാജ്യത്ത് വ്യക്തിഗത കഴിവുകളും പ്രാഗൽഭ്യങ്ങളും അവഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ സാമൂഹിക നീതി ഒരു വിദൂര സ്വപ്നമായിരിക്കുന്നു! അതുകൊണ്ടുതന്നെ അതിനായി മുറവിളി കൂട്ടുന്ന ഒരു രാഷ്ട്രീയ പശ്ചാത്തലത്തിൽ സുപ്രീം കോടതിയിൽ ഇപ്രകാരമൊരു ബഞ്ച് ഈ കാലഘട്ടത്തിന്റെ തന്നെ ആവശ്യമാണെന്ന തിരിച്ചറിവ് ശ്ലാഘനീയം തന്നെ. തീരുമാനം കൈക്കൊണ്ട സുപ്രീം കോടതിയ്ക്കും ചീഫ് ജസ്റ്റിസിനും ഭാവുകങ്ങൾ. ഇതൊരു പുതിയ ദിശാബോധമാണ്. വൈകിയാണെങ്കിലും നാം അനുവർത്തിക്കേണ്ട കടമയാണ്.

**കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ ഷെഡ്യൂൾട് കാസ്റ്റ് & ഷെഡ്യൂൾട് ട്രൈബ്സ് ചെയർമാനും മുൻ ജില്ലാ ജഡ്ജിയുമാണ് ലേഖകൻ**

ഫോക്കസ്

# ഡിജിറ്റൽ ഇന്ത്യാ പരിപാടി–പൊതുഭരണ പരിഷ്കരണത്തിനുള്ള മഹത്തായ ഉദ്യമം

**വൈ. കെ. ദ്വിവേദി, നൃപേന്ദ്ര പി. റാണ, അന്റോണിസ് സി. സിമിൻതിരാസ്, ബനിതാ ലാൽ**

**ഇന്ത്യയെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കപ്പെട്ട, വിവര–വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവിധ മന്ത്രാലയങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ തുടക്കം കുറിക്കുന്ന ഒന്നാണ് ഡിജിറ്റൽ ഇന്ത്യാ പരിപാടി. കേന്ദ്ര സർക്കാറിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഈ പരിപാടിക്ക് വേണ്ടി 10,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.**

വിവര-സമ്പർക്ക-സാങ്കേതിക വിദ്യ (ICTs) യെ ആശ്രയിച്ചുകൊണ്ടുള്ള പൊതുഭരണ പരിഷ്കാരങ്ങൾ വിവിധ തലത്തിലുള്ള തല്പര കക്ഷികൾക്ക് ധാരാളം പ്രയോജനങ്ങളും അവസരങ്ങളും പ്രദാനം ചെയ്യാൻ കെല്പുള്ളവയാണ്. പൊതു സ്ഥാപനങ്ങളുടെ കാര്യശേഷി, പ്രതികരണശേഷി, ഫലദായകശേഷി, ഉദ്യോഗസ്ഥ മേധാവിത്വത്തിന്മേലുള്ള നിയന്ത്രണം, മെച്ചപ്പെട്ട സമ്പർക്ക-ഏകോപനശേഷി തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഇതിലൂടെ സാധിക്കുന്നു. ICTs യിലൂടെ ശാക്തീകരിക്കപ്പെടുന്ന ഗവൺമെന്റ് സേവനങ്ങൾ കൂടുതൽ പൗരകേന്ദ്രീകൃതവും എവിടെയും എല്ലാ സമയത്തും പ്രദാനം ചെയ്യാനും പൗരന് സ്വീകരിക്കാനും ഉതകുന്ന തരത്തിലായിരിക്കണം.

1990കൾ മുതൽ തന്നെ ഇ-ഗവേണൻസി രൂപത്തിൽ പരിഷ്കാരങ്ങൾക്കുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. 2006-ൽ തുടക്കം കുറിച്ച ദേശീയ ഇ-ഗവേണൻസ് പദ്ധതി NeGPപ്രസ്തുത തുടക്കത്തിന് ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇ-ഗവേണൻസ് വികസന സൂചികയുടെ കാര്യത്തിൽ ഇന്ത്യ ഇപ്പോൾ 117 ലോകരാജ്യങ്ങളുടെ പിന്നിലാണ്. **യോജനയുടെ** മുൻലക്കത്തിലെ ലേഖനത്തിൽ ഒരുമാതൃകാ വിജ്ഞാന സമൂഹമായ ഇന്ത്യ രൂപാന്തരം പ്രാപിക്കുന്നതിൽ നിന്ന് പിന്നോട്ട് വലിക്കുന്ന ഘടകങ്ങളെ വേർതിരിച്ച് കണ്ടെത്താൻ ശ്രമിച്ചിരുന്നു. അന്ന് കണ്ടെത്തിയിരുന്ന കാരണങ്ങൾ ഇവയാണ്: കേന്ദ്ര സംസ്ഥാന- ജില്ലാ തലങ്ങളിൽ ചിതറകിടക്കുന്ന ICT - സംവിധാനങ്ങളുടെ സമന്വയം നടന്നിട്ടില്ല, ആത്യന്തിക ഗുണഭോക്താവിലേക്ക് ചെന്നെത്താൻ കഴിയുന്നില്ല, പ്രാദേശിക തലങ്ങളിൽ ആവശ്യമായത്ര പൊതുസേവന കേന്ദ്രങ്ങൾ നിലവിലില്ല, ബോധവൽക്കരണത്തിന്റെ, ഗവൺമെന്റ് സൗകര്യങ്ങളുടെ പ്രാപ്യതയുടെ അഭാവം, താഴ്ന്ന നിലയിലുള്ള ഡിജിറ്റൽ സാക്ഷരത, ഇ-സേവനങ്ങൾ പ്രാദേശിക ഭാഷകളിൽ സുലഭമല്ലാത്ത സ്ഥിതി, ജനങ്ങളിൽ നിലനിൽക്കുന്ന വിശ്വാസകുറവ്, വ്യക്തിപരമായ സ്വകാര്യതയെയും സുരക്ഷിതത്വത്തെയും പറ്റിയുള്ള ആശങ്കകൾ എന്നിവയാണ് പ്രധാനമായും

ചൂണ്ടികാണിക്കപ്പെട്ടത്.

ഡിജിറ്റൽ ഇന്ത്യാ പരിപാടി എന്നാണ് ഭരണപരിഷ്കരണ രംഗത്തെ നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്ന പുതിയ പദ്ധതിയുടെ പേര്, ഈ പദ്ധതി പൂർണ്ണ വിജയത്തിൽ എത്തിക്കാൻ കഴിയുമെങ്കിൽ, അത് സാമൂഹ്യ, സാമ്പത്തിക വികസനത്തിന്റെയും പൊതുഭരണ പരിഷ്കരണത്തിന്റെയും മേഖലകളിൽ ശ്രദ്ധേയവും സാർത്ഥകവുമായ പരിവർത്തനങ്ങളിലേക്ക് നയിക്കും. ഡിജിറ്റൽ ഇന്ത്യയെ സംബന്ധിച്ച വിഹഗ വീക്ഷണമാണ് ഈ ലേഖനത്തിലൂടെ ലക്ഷീകരിക്കുന്നത്.

**ഡിജിറ്റൽ ഇന്ത്യ-രൂപരേഖ**

ഇന്ത്യയെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കപ്പെട്ട, വിവര-വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവിധ മന്ത്രാലയങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ തുടക്കം കുറിക്കുന്ന ഒന്നാണ് ഡിജിറ്റൽ ഇന്ത്യാ പരിപാടി (DIP). ഇത് മുൻപ് നിലവിലിരുന്ന NeGP പുനരാവിഷ്കരണമാണെന്ന് പറയാവുന്നതാണ്. കേന്ദ്ര സർക്കാറിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഈ പരിപാടിക്ക് വേണ്ടി 10,000 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2014 ആഗസ്റ്റ് 20-ാം തീയതി DIPക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു. വൻ ലക്ഷ്യങ്ങളുള്ള ഈ പരിപാടി 2018ൽ പൂർത്തീകരിക്കപ്പെടണം. വൻമാറ്റങ്ങളുടെ കാരകത്വം നിക്ഷിപ്തമായിട്ടുള്ള ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ഗവൺമെന്റിന്റെ സർവ്വ പ്രവർത്തന പ്രക്രിയകളെയും പുനർനിർവ്വചിക്കുകയും പൂർണ്ണമായും ഡിജിറ്റൽ ആക്കുകയും തദ്വാരാ ഗവൺമെന്റ് സേവനങ്ങളുടെ ലഭ്യതയും പ്രാപ്യതയും ഇലക്ട്രോണിക് രൂപത്തിൽ സുഗമമാക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്.

DIP ന്റെ ദർശനം മൂന്ന് മുഖ്യ മേഖലകളിൽ കേന്ദ്രീകൃതമാണ്: (1) ICT അടിസ്ഥാന സൗകര്യങ്ങളെ ഓരോ പൗരന്റെയും അടിസ്ഥാന ആവശ്യമായി പരിഗണിക്കുക (2) സദ്ഭരണവും സേവനങ്ങളും നിർലോഭം ലഭ്യമാക്കുക (3) പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണം ഉറപ്പാക്കുക.

ആദ്യം പറഞ്ഞ ICT അടിസ്ഥാന സൗകര്യങ്ങളിൽ നിരവധി കാര്യങ്ങൾ ഉൾപ്പെടുന്നുണ്ട്. ICT അടിസ്ഥാന സൗകര്യങ്ങൾ വെള്ളത്തിനും വൈദ്യുതിക്കും നൽകുന്ന മുൻഗണനയോടെ പൗരന് പ്രദാനം ചെയ്യപ്പെടണം എന്നതാണ് ഈ കാഴ്ചപ്പാട്. എല്ലാ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും അതിവേഗ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തി പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണം യാഥാർത്ഥ്യമാക്കണം; ഓരോ പൗരന്റെയും ഡിജിറ്റൽ തിരിച്ചറിവ് സചേതനമാക്കണം; പൗരന് മൊബൈൽ ഫോൺ, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ ഡിജിറ്റൽ - ധനകാര്യ മേഖലയിൽ വ്യാപരിക്കുന്നതിനും അതിലൂടെ സാമൂഹ്യ - സാമ്പത്തിക ശാക്തീകരണം നേടുന്നതിനും കഴിയണം; പൊതു സേവന കേന്ദ്രങ്ങളുടെ പ്രാപ്യത ഉറപ്പാക്കണം. അവ സേവന പ്രദാന രംഗത്തെ വിവിധ ആവശ്യങ്ങൾ പ്രാദേശികമായി പൂർത്തീകരിക്കാൻ ഉതകുന്ന, ആ രംഗത്തെ അവസാന വാക്ക് ആയിരിക്കണം; ഓരോ പൗരനും ഡിജിറ്റൽ പൊതു സ്ഥലത്ത് (Cloud) ഒരു സ്വകാര്യ ഇടം ലഭ്യമാക്കാൻ ശ്രദ്ധിക്കണം; ഇലക്ട്രോണിക് സേവന ഉല്പന്നങ്ങൾ ഭീതി രഹിതമായും സുരക്ഷിതമായും പ്രയോജനപ്പെടുത്താൻ അനുയോജ്യമായ സൈബർ വേദി സ്ഥാപിതമാകണം.

സദ്ഭരണവും ആവശ്യാധിഷ്ഠിത സേവനവും എന്നതാണ് രണ്ടാമത്തെ പ്രധാന പരിഗണന: വിവിധ ഗവൺമെന്റ് വകുപ്പുകളിൽ നിന്ന് വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട തല്പരകക്ഷികൾക്ക് നൽകിവരുന്ന സേവനങ്ങൾ, ഏക ജാലക സംവിധാനത്തിൽ കൂടി ലഭ്യമാക്കാവുന്ന രൂപത്തിൽ സമരസപ്പെടുത്തേണ്ടതാണ്; അത്തരം സേവനങ്ങൾ മൊബൈൽ - ഓൺ ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ 'തൽസമയ' സ്വഭാവത്തോടെ പ്രദാനം ചെയ്യപ്പെടണം. പൗരന്മാർക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള അർഹതകളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ അവർക്ക് അയത്നമായി ലഭിക്കുന്ന രീതിയിൽ 'cloud' തലത്തിൽ തന്നെ സൂക്ഷിക്കാൻ ശ്രമിക്കണം. അതുപോലെ ബിസിനസ്സ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഗവൺമെന്റ്

സേവനങ്ങൾ സമുചിതമായി ഇലക്ട്രോണിക് സങ്കേതങ്ങളിലേക്ക് മാറ്റേണ്ടതാണ് - കാഷ് ഇല്ലാതെ തന്നെ ധനകാര്യ ഇടപാടുകൾ നടത്താൻ കഴിയുന്ന അവസ്ഥ ഉണ്ടാവണം. തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, വികസനകാര്യങ്ങൾക്കും യോഗ്യമായ വിധത്തിൽ സംയോജിത ഇലക്ട്രോണിക് - ഗവൺമെന്റ് സംവിധാനം അനിവാര്യമാണ്.

മുൻഗണനാ ക്രമത്തിൽ മൂന്നാം സ്ഥാനത്ത് വരുന്നത് പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണമാണ്. ഇതിന്റെ ഉള്ളടക്കങ്ങൾ, ഇന്ത്യൻ പൗരന്മാരെ ഒന്നടങ്കം ഡിജിറ്റൽ സാക്ഷരരാക്കുക; ഡിജിറ്റൽ വിഭവങ്ങൾ വ്യാപകമായി ലഭ്യമാക്കുക; ഗവൺമെന്റ് രേഖകൾ, സാക്ഷിപത്രങ്ങൾ തുടങ്ങിയവ സാർവ്വത്രികമായി ലഭ്യമാക്കുന്നതിനായി 'cloud' ആസ്ഥാനത്ത് നിക്ഷിപ്തമാക്കുക; ഡിജിറ്റൽ വിഭവങ്ങൾ വ്യാപകമായി കൈക്കൊള്ളുന്നതിനെയും ഉപയോഗപ്പെടുത്തുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അവയെ പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കുക; പൊതുജന പങ്കാളിത്തത്തിലൂടെയുള്ള സദ്ഭരണം ലക്ഷ്യമാക്കി ഡിജിറ്റൽ ഉദ്യമങ്ങളിലും കൂട്ടായ്മ സുനിശ്ചിതമാക്കുകയും പൗരന്റെ അർഹതകൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തുകയും വേണം.

ഇവിടെ എടുത്തു പറഞ്ഞ മൂന്ന് സമീപനങ്ങളുടെ സാക്ഷാൽക്കാരത്തിനായി ഡിജിറ്റൽ ഇന്ത്യാ പ്രോഗ്രാം ഒൻപത് നെടുംതൂണുകൾ കണ്ടെത്തിയിരിക്കുന്നു. അവ ഇപ്രകാരം ആകുന്നു (1) ബ്രോഡ് ബാൻഡ് മഹാപാതകൾ (2) മൊബൈൽ ബന്ധം സാർവ്വത്രികമാക്കുക (3) പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് ലഭ്യത (4) ഗവൺമെന്റ് പ്രവർത്തനങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്കരിക്കുന്ന ഇ-ഗവർണൻസ് (5) സേവനങ്ങൾ ഇലക്ട്രോണിക് മാധ്യമത്തിലൂടെ ലഭ്യമാക്കുന്ന ഇ-ക്രാന്തി (6) എല്ലാവർക്കും വിവരങ്ങൾ (7) വൻതോതിലുള്ള ഇലക്ട്രോണിക് ഉല്പാദനം (8) എല്ലാ തൊഴിൽ മേഖലയിലും IT സാന്നിദ്ധ്യം (9) വിളംബര രഹിതമായ ഉപയോഗപ്പെടുത്തൽ. ബ്രോഡ്ബാൻഡ് ഹൈവേ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഗ്രാമ നഗരപ്രദേശങ്ങളെ സമ്പൂർണ്ണമായി ബ്രോഡ് ബാൻഡ് സാന്നിദ്ധ്യ പ്രദേശമാക്കുകയും അതിനെ ദേശീയ വിവര ശൃംഘലയുമായി സമന്വയിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. അതുപോലെ രാജ്യത്തിന്റെ എല്ലാ ഭാഗത്തും മൊബൈൽ ബന്ധം കിട്ടേണ്ടതുണ്ട്. രാജ്യത്തെ 2,50,000 ഗ്രാമപ്രദേശങ്ങളിൽ 2017 മാർച്ചിനുള്ളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക, അതോടൊപ്പം തന്നെ 1,50,000 പോസ്റ്റാഫീസുകളെ ഈ രംഗത്തെ വിവിധോദ്ദേശ സ്ഥാപനങ്ങളാക്കി രൂപാന്തരം ചെയ്യുക എന്നതാണ്. ഗവൺമെന്റ് തലത്തിൽ നിലവിലുള്ള അപേക്ഷാഫോറങ്ങളുടെ ലളിതവൽക്കരണം, ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനും പിൻതുടരാനുള്ള സൗകര്യം, ഓൺ ലൈനായി വിവരങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം, നിലവിലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ സമന്വയം, പൊതു പരാതി പരിഹാര സമ്പ്രദായങ്ങൾ ICT യിലൂടെ സ്വയം പ്രവർത്തന ശേഷിയുള്ളതാക്കുക എന്നീ രംഗങ്ങളിൽ ബിസിനസ്സ് പ്രക്രിയ പുനരാവിഷ്കരിക്കുക എന്നതാണ് നാലാമത്തെ പ്രധാന കർമ്മമേഖല.

അഞ്ചാമത്തെ നെടുംതൂൺ പൗരന്മാർക്ക് വിരൽ സ്പർശനത്തിലൂടെ ഗവൺമെന്റിന്റെ ഏത് സേവനവും നേടിയെടുക്കാവുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ്. ഇ-ക്രാന്തി എന്നാൽ സേവന പ്രദാനത്തിന് ഇലക്ട്രോണിക്ക് മാധ്യമം ഉപയോഗപ്പെടുത്തുക എന്നതാണ്: ഇ-വിദ്യാഭ്യാസം - ഈ - ആരോഗ്യപരിരക്ഷ GIS സങ്കേതം ഉപയോഗപ്പെടുത്തി ആസൂത്രണം, മൊബൈൽ ബാങ്കിംങ്ങ്, മൈക്രോ എ.ടി.എം. എന്നിവയിലൂടെ സാമ്പത്തിക മേഖലയിൽ പൂർണ്ണ ഉൾക്കൊള്ളൽ, പോലീസ്, നീതിന്യായം, ജയിൽ, പ്രോസിക്യൂഷൻ മേഖലകളിൽ ഇ-സംവിധാനങ്ങൾ എന്നിങ്ങനെ വൈപുല്യമാർന്നതാണ് ഇ-ക്രാന്തി പരിപാടി. ഗവൺമെന്റ് തലത്തിലുള്ള എല്ലാ വിവരങ്ങളും രേഖകളും ഓൺലൈൻ പോർട്ടലുകളിൽ ലഭ്യമാക്കിക്കൊണ്ടും സാമൂഹ്യ മാദ്ധ്യമങ്ങളിൽ സജീവ സാന്നിദ്ധ്യം നൽകിക്കൊണ്ടും ജനങ്ങൾക്ക് പുതിയ വിവരങ്ങളും, സന്ദേശങ്ങളും നിരന്തരം ലഭ്യമാക്കിക്കൊണ്ടും എല്ലാവർക്കും വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ ദിശയിലേ

ക്കുള്ള ആറാമത്തെ മുഖ്യ പരിശ്രമം.

രാജ്യത്തിന് ആവശ്യമായ മുഴുവൻ ഇലക്ട്രോണിക് സാധന സാമഗ്രികളും 2020 ആകുമ്പോഴേക്കും പൂർണ്ണമായി ഇന്ത്യയിൽ തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള മുന്നേറ്റമാണ് ഏഴാമത്തേത്. ഉല്പാദന രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന ഘടന ഈ ലക്ഷ്യം നേടുന്നതിന് പര്യാപ്തമല്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ സൂക്ഷ്മതലത്തിൽ വ്യതിയാനങ്ങൾ വരുത്തിയെങ്കിലേ ലക്ഷ്യപ്രാപ്തിയിൽ എത്താൻ കഴിയുകയുള്ളു. എട്ടാമത്തെതും ഏറ്റവും പ്രധാനപ്പെട്ടതും ആയ വിഷയം വിവര-സമ്പർക്ക സാങ്കേതിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഒൻപതാമതായി ഗവൺമെന്റിന്റെ സന്ദേശങ്ങളും ആശംസകളും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നൽകുന്നതിനും ഓഫീസുകളിലെ ഹാജർ നില ബയോമെട്രിക് രീതിയിൽ രേഖപ്പെടുത്തുന്നതിനും ഉള്ള ഐ.ടി വേദി തയ്യാറാക്കുക എന്നതാണ്. Early Harvest Programme എന്നറിയപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

### വിലയിരുത്തലും ശുപാർശകളും

ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ ഉദ്യമം പ്രശംസനീയവും ശ്രദ്ധേയവും ആണെന്ന ഞങ്ങളുടെ വിലയിരുത്തൽ തികച്ചും ബോധപൂർവ്വമായിട്ടുള്ളതാണ്. കാരണം ഇത് സമഗ്രവും സർവ്വതലസ്പർശിയും ആണ്. കൂടാതെ ദീർഘകാല സുസ്ഥിരത നിലനിൽപ് - മുന്നിൽ കണ്ടുകൊണ്ടു കൂടി ഉള്ളതാണ്.

DIP യുടെ സമഗ്ര സ്വഭാവം വ്യക്തമാകുന്നത്, അടിസ്ഥാന സൗകര്യ വികസനം, ഇല്കട്രോണിക് സേവനങ്ങൾ കുറ്റമറ്റതാക്കൽ, പൗരന്മാരുടെ ഇ-സാക്ഷരത എന്നീ കാര്യങ്ങളിൽ നൽകുന്ന ഊന്നലിലൂടെ തന്നെയാണ്. പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണം ഈ മൂന്ന് ഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇതിൽ ഏത് ഘടകത്തിന് തടസ്സം സംഭവിച്ചാലും അത് ഡിജിറ്റൽ ഇന്ത്യ പരിപാടിക്ക് ഹാനികരമായിരിക്കും. നഗര-ഗ്രാമപ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളെയും പ്രയോജന പരിധിയിൽ കൊണ്ടുവരണം. കർക്കശമായ കാഴ്ചപ്പാട് സ്വീകരിച്ചിട്ടുള്ളതും ഇന്റർനെറ്റ് ബന്ധം സുദൃഢമാക്കുന്നതിലേക്കായി ബ്രോഡ്ബാൻഡ് മൊബൈൽ സമന്വയം വിഭാവം ചെയ്തിട്ടുള്ളതും ഡിജിറ്റൽ അസമത്വങ്ങൾ ദൂരീകരിക്കാൻ പ്രത്യേകമായി ശ്രദ്ധപതിപ്പിക്കുന്നു എന്നതും DIP യെ സർവ്വതലസ്പർശിക്കുന്ന കാര്യങ്ങളാണ്.

ഈ പരിപാടിയുടെ ബൃഹദ് സ്വഭാവം, വമ്പിച്ച മാറ്റങ്ങളിലേക്ക് നയിക്കും എന്നത് വൻതോതിൽ നിപുണതയും തൊഴിലവസരങ്ങളും സൃഷ്ടിക്കും എന്നതും DIP യെ ശ്രദ്ധേയമായി പരിപാടിയാക്കുന്നു. ഇതിലൂടെ 1.7 കോടി പ്രത്യക്ഷ തൊഴിലുകളും 8.5 കോടി പരോക്ഷ തൊഴിലുകളും വിഭാവന ചെയ്യപ്പെടുന്നു. DIP പോലെ ഇത്രയും വലിയ മാനങ്ങളുള്ള ഡിജിറ്റൽ പദ്ധതികൾ ഇന്നുവരെ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഗൂഗിൾ, മൈക്രോസോഫ്റ്റ് തുടങ്ങിയ ആഗോള ഐ.ടി സ്ഥാപനങ്ങളും NASS com തുടങ്ങിയ സംഘടനകളും ഈ പരിപാടിയിൽ താല്പര്യം കാണിക്കുന്നു എന്നതും പദ്ധതിയെ ശ്രദ്ധേയമാക്കുന്നു. ഇതിലൂടെ ഡിജിറ്റൽ വിപണനം, ഇലക്ട്രോണിക് വാണിജ്യം, ഗ്രാമപ്രദേശങ്ങളിലെ ചില്ലറവ്യാപാരം എന്നിവയുടെ ഘടനയെയും അനുദിന പ്രവർത്തനങ്ങളെയും അത്യധികമായി സ്വാധീനിക്കപ്പെടും എന്നതും ശ്രദ്ധേയമാണ്. ദേശീയ, ആഗോള മാദ്ധ്യമങ്ങളും വ്യവസായ പ്രമുഖരും DIP യുടെ പ്രശംസനീയ ശ്രദ്ധേയ- സ്വഭാവം മനസ്സിലാക്കി കഴിഞ്ഞിട്ടുണ്ട്.

പദ്ധതി ഭാഗികമായോ പൂർണ്ണമായോ നടപ്പിലാക്കുമ്പോൾ ഇതിന്റെ ഗുണഫലങ്ങൾ അനുഭവവേദ്യമാകുന്നതാണ്. ജീവനക്കാരുടെ ഹാജർനില ബയോമെട്രിക് സംവിധാനങ്ങളിലൂടെ രേഖപ്പെടുത്താൻ ഇപ്പോൾ സാധിക്കുന്നുണ്ട്. എന്നാൽ ഡിജിറ്റൽ സാക്ഷരത തുടങ്ങിയ ഇതര മാനവിക വികസന മേഖലകളിൽ വലിയ പരിശ്രമങ്ങൾ ആവശ്യമാണ്. ഡിജിറ്റൽ സാക്ഷരത, പ്രത്യേകിച്ചും ഗ്രാമവാസികളുടെ കാര്യത്തിൽ, ചിട്ടയായ പരിശ്രമത്തിലൂടെ മാത്രമെ നേടിയെടുക്കാൻ കഴിയുകയുള്ളൂ.

ഡിജിറ്റൽ സാക്ഷരതയിലേക്ക് നയിക്കുന്ന മാന്ത്രിക വിദ്യകൾ ഒന്നും നിലവിലില്ല. വിപണന രംഗത്ത് നിലവിലുള്ളതുപോലെ ടാർഗറ്റ് വിഭാ

ഗത്തെ വേർതിരിച്ച് മനസ്സിലാക്കി വ്യാപനതന്ത്രം മെനയുന്നതിലൂടെ ഈ പ്രക്രിയ സുഗമവും ഫല പ്രദവും ആക്കുവാൻ കഴിയും. പൗരന്മാരെ ഹഠാ ദാകർഷിക്കുന്ന വിപണനോന്മുഖമായ ഒരു ചട്ട ക്കൂട് (CEF) ഡിജിറ്റൽ സാക്ഷരതാ പ്രാപ്തിക്ക് സഹായകരമാകുന്നതാണ്. പ്രത്യേക ജനവിഭാഗ ങ്ങളെ പ്രത്യേകമായി കൈകാര്യം ചെയ്യുക എന്ന താണ് CEF ന്റെ താല്പര്യം.

ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുന്നതിന് DIP ബഹുവിധമായ സമീപനങ്ങളാണ് ഉൾക്കൊള്ളിച്ചി ട്ടുള്ളത്. മൊബൈൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് പോയന്റുകൾ, പൊതുസേവന കേന്ദ്രങ്ങൾ തുട ങ്ങിയവ. ഈ സമീപനങ്ങൾക്ക് വിഘാതമായി തീരുന്ന പ്രധാന സംഗതി വൈദ്യുതി ലഭ്യമല്ലെന്ന തും, ഉള്ള ഇടങ്ങളിൽ അനസ്യൂതമായി ലഭിക്കു ന്നില്ല എന്നതും ആകുന്നു. ആ സ്ഥിതിക്ക് രാജ്യ ത്തിന്റെ പലഭാഗങ്ങളിലും പ്രസ്തുത സമീപനം അപ്രസക്തമാകുന്നുണ്ട്. അതിനാൽ വൈദ്യുതി ലഭ്യമാക്കാനുള്ള ബദൽ സംവിധാനങ്ങളിലൂടെ മാത്രമെ പൊതുസേവന കേന്ദ്രങ്ങളും മറ്റും യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളു. സോളാർ പാനലുകൾ സ്ഥാപിക്കുന്നതിലൂടെ സർക്കാർ സേവനങ്ങളുടെ ഇലക്ട്രോണിക് ലഭ്യത ഉറപ്പാക്കുന്ന പൊതുസേവന കേന്ദ്രങ്ങളെ രാവും പകലും (24x7) പ്രവർത്തനക്ഷമമാക്കു വാൻ സാധിക്കുന്നതാണ്. സോളാർ പാനലു കൾക്ക് മതിയായ ക്ഷമതയുണ്ടെന്ന് ഉറപ്പ് വരു ത്തേണ്ടതാണ്. ഇതിലൂടെ DIP ക്ക് തുടർച്ചയും സുസ്ഥിരതയും വരുത്താൻ കഴിയും. പരോക്ഷ മായി ബദൽ വൈദ്യുതിയുടെ പ്രാധാന്യം ജനമ നസ്സുകളിൽ ഊട്ടിഉറപ്പിക്കാനും സാധിക്കും.

Massive online open courses (MOOCs) അഥവാ ഓൺ ലൈനിലൂടെ വലിയ തോതിൽ ജന ങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാനുള്ള നവീന പരിശ്രമങ്ങൾ ഫലപ്രദം ആകുന്നു. DIP ഈ മേഖലയിൽ മുന്നേറ്റവും വികസനവും നട ത്താൻ സന്നദ്ധമാണ്. ഇത് വളരെ വ്യാപകമായി നടത്തപ്പെടേണ്ടതാണ്. ഗുണഭോക്താക്കളുടെ ഹൃദ യപൂർവ്വമായ പങ്കാളിത്തം ഈ രംഗത്ത് അനിവാ ര്യമാണ്. വളരെയധികം പരീക്ഷണ - മാതൃകാ പദ്ധതികളും പ്രത്യേക പ്രാദേശിക സമൂഹങ്ങളെ കേന്ദ്രീകരിച്ചിള്ള ഗവേഷണങ്ങളുടെ തുല്യപ്രാധാ ന്യം അർഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ വേണം MOOCs ന്റെ വ്യാപകമായ പ്രാരംഭം കുറി ക്കുവാൻ.

സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാലയ ങ്ങൾ, പ്രത്യേകിച്ചും പിന്നാക്ക സംസ്ഥാനങ്ങളിൽ, ആശാസ്യമായ സ്ഥിതില്ല. അദ്ധ്യാപകർക്ക് ഡിജി റ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗ നിപുണ തയിൽ പരിശീലനം ലഭിച്ചിട്ടില്ല. അതിനാൽ വിദ്യാ ലയങ്ങളിൽ കേവലം ഇന്റർനെറ്റ് സ്ഥാപിക്കുന്നത് കൊണ്ട് മാത്രം പ്രയോജനം ലഭിക്കുകയില്ല. വിദ്യാ ഭ്യാസ ഉപാധികൾ നൽകുന്നതിനും, വിദ്യാർത്ഥി രക്ഷാകർത്തൃ സമൂഹങ്ങളെ ശ്രദ്ധാലുക്കളാക്കു ന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പരി ശീലനം ലഭിച്ച അദ്ധ്യാപകർ ആവശ്യമായി വരു ന്നു. ബ്രോഡ് ബാൻഡ് ഉപയോഗത്തിൽ റെക്കോർഡ് സൃഷ്ടിച്ച ദക്ഷിണ കൊറിയക്കാർ നടത്തിയ അടിസ്ഥാന പഠനം നമുക്ക് വഴികാട്ടി യാകുന്നതാണ്. ദക്ഷിണ കൊറിയ ബ്രോഡ് ബാന്റ് ഉപയോഗത്തിൽ ലോകത്തിലെ ഒന്നാമത്തെ രാജ്യ മായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിരിക്കുകയാ ണ്. ഈ നേട്ടത്തിന് പിന്നിൽ ആ രാജ്യത്തിലെ വിദ്യാലയങ്ങളാണ് പ്രധാന പങ്ക് വഹിച്ചത്. ഇതിൽ നിന്നും വ്യക്തമാകുന്നത് ബ്രോഡ് ബാൻഡ് ബന്ധം, ഇ- ബുക്കുകൾ, ഡിജിറ്റൽ നൈപുണ്യം ഇവ സ്കൂളുകൾ കേന്ദ്രീകരിച്ച് ലഭ്യമാക്കുന്നതി ലൂടെ ജന്മസഹജമെന്നപോലെ ഡിജിറ്റൽ കഴിവു കൾ അനായസമായി സമൂഹത്തിൽ സൃഷ്ടിച്ചെ ടുക്കാൻ കഴിയും എന്നതാണ്.

DIP യിലെ ഓരോ പ്രത്യേക ഘടകവും പൂർത്തീകരിക്കപ്പെടുമ്പോൾ അപ്പോൾതന്നെ അവ യുടെ മൂല്യഗണന നടത്തുവാനുള്ള ഏർപ്പാടുകൾ ഇല്ല എന്നു വേണം ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ. "അങ്ങനെ യുള്ള മൂല്യഗണനയിലൂടെയാണ് പദ്ധതി ഘടക ത്തിന്റെ ഉദ്ദിഷ്ട മൂല്യം ലഭ്യമാകുന്നുണ്ടോ എന്നും ഭാവിയിലെ ഇലക്ട്രോണിക് സേവന വികസനത്തി നുള്ള തന്ത്രങ്ങളെ എങ്ങനെ വ്യത്യസ്തമായി, കൈകാര്യം ചെയ്യണം എന്നും വെളിപ്പെടുകയു ള്ളു. പ്രത്യേകിച്ച് അഴിമതിയുടെ അതിപ്രസരമുള്ള ഇന്ത്യയിൽ DIP പോലുള്ള പദ്ധതിയുടെ ഓരോ

പ്രത്യേക ഘടകവും സ്വതന്ത്ര വിമർശനാത്മക നിരീക്ഷണത്തിന് വിധേയമാകേണ്ടതുണ്ട്. ഒരു മൂന്നാം കണ്ണ് പദ്ധതിയെ ശരിയായ പന്ഥാവിലൂടെ നയിക്കുന്നതിന് സഹായകരമായിരിക്കാം. ഈ പ്രവർത്തനം ഇന്ത്യയിലോ പുറത്തോ ഉള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷകരേയും അക്കാദമിക പ്രതിഭകളെയും എല്പിക്കാവുന്നതാണ്. സ്വതന്ത്രവും കർക്കശവുമായ രീതി ശാസ്ത്രം അവലംബിക്കുവാൻ അവർ പ്രാപ്തരാണ്. എന്നാൽ ഇത്തരം സംവിധാനങ്ങൾ ഒന്നും തന്നെ DIP യിൽ ഉൾപ്പെടുത്തികാണുന്നില്ല. അത്തരത്തിലും ഒരു സൂചനയും ലഭ്യമല്ല.

സാങ്കേതിക വിദ്യ, ബിസിനസ്സ്, മാനേജ്മെന്റ്, ഇതര സാമൂഹ്യ ശാസ്ത്രങ്ങൾ ഇവയിലൊക്കെ ഡോക്ടറൽ തലത്തിൽ പഠനങ്ങൾ നടത്തുന്ന സമൂഹത്തെ സംബന്ധിച്ചിടത്തോളം DIP മൂലവത്തായ പഠന അവസരങ്ങളുടെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. ഒരു വിഷയത്തെ മാത്രം കേന്ദ്രീകരിച്ചും ഒന്നിലധികം വിഷയങ്ങളുടെ പാരസ്പര്യം പ്രയോജനപ്പെടുത്തിയും പഠനങ്ങൾ നടത്താൻ അവസരമുണ്ട്. ഈ അവസരങ്ങൾ ഔപചാരികമായി തുറന്ന് കൊടുക്കുകയാണെങ്കിൽ പദ്ധതിയുടെ ഉത്തമ താല്പര്യങ്ങൾക്ക് ഉതകും എന്നതിനുപരിയായി, ബഹുമുഖ വിഷയങ്ങളിൽ ഗവേഷണ സമൂഹത്തെയും ഗവേഷണ സംസ്കാരത്തെയും വികസിപ്പിക്കുന്നതിലേക്ക് നയിക്കുന്നതാണ്. അക്കാദമിക സമൂഹവും പൊതുമേഖലയുമായി പുതിയ ബന്ധങ്ങൾ സൃഷ്ടിക്കപ്പെടും. അതിനാൽ DIP യുടെ മൂല്യഗണനയിൽ അക്കാദമിക സംഭാവനകൾ അഭിലഷണീയമാണ്.

DIP യുടെ സമാരംഭത്തിലൂടെ നമ്മുടെ രാജ്യത്ത് അടിസ്ഥാന പരിവർത്തനത്തിലുള്ള പാത ഒരുക്കിയിരിക്കുകയാണ്. ലക്ഷ്യ സാക്ഷാൽക്കരണം അനായാസമാണെന്ന് തോന്നലുണ്ടെങ്കിലും, അത് ഋജുരേഖയിലൂടെയുള്ള ഒരു മുന്നേറ്റമായിരിക്കുകയില്ല. പ്രസ്താവിക്കപ്പെട്ടുകഴിഞ്ഞ തടസ്സങ്ങൾ എല്ലാം തന്നെ യാഥാർത്ഥ്യങ്ങളാണ്. ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഓരോ പ്രത്യേക പ്രതിബന്ധങ്ങളെയും ദൂരികരിക്കുന്നതിന് നിലവിലുള്ള നാഷണൽ ഇൻഫോർമാറ്റിക് കേന്ദ്രം (NIC) സുസജ്ജമോ സുശക്തമോ അല്ല. ഈ സ്ഥാപനത്തിന് അടിസ്ഥാന സ്വഭാവത്തിലുള്ള രൂപാന്തരവും ഭാവപരിണാമവും കൈവരേണ്ടതുണ്ട്. NIC ക്ക് സംഭവിക്കുന്ന ഈ പരിണാമമായിരിക്കും, ഡിജിറ്റൽ ഇന്ത്യയിലേക്കുള്ള ഇന്ത്യയുടെ വികാസ പരിണാമത്തെ നിർണ്ണയിക്കുക. ഡിജിറ്റൽ ഇന്ത്യയിലേക്കുള്ള നമ്മുടെ യാത്ര അഭംഗുരമായിരിക്കണം. ഒരുനിമിഷ നേരത്തെ താമസമോ തടസ്സമൊ ലക്ഷ്യ പ്രാപ്തിയെ പ്രതികൂലമായി ബാധിക്കും. ഈ യാത്ര തുടങ്ങിയാൽ, അതിന്റെ പുരോഗതി പൗരന്മാരെ തൽസമയം അറിയിക്കുന്നതിനും, അവരെ ഭാഗഭാക്ക് ആക്കുന്നതിനും ഡിജിറ്റൽ ഇന്ത്യയിൽ അർത്ഥപൂർണ്ണമായി പങ്കെടുക്കുവാനും വേണ്ട നിപുണതയും പരിശീലനവും നൽകുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്.

ഡിജിറ്റൽ വിഷയത്തിൽ ഒതുങ്ങാതെ മുഴുവൻ സമൂഹത്തെയും സർവ്വതലസ്പർശിയാക്കാൻ കെല്പുള്ള വലിയ സംരംഭമാണ് ഡിജിറ്റൽ ഇന്ത്യ. ഡിജിറ്റൽ തുല്യത സാമൂഹിക സമത്വത്തിലേക്ക് നയിക്കുന്ന ശക്തിയായി മാറുന്നത് DIP യുടെ വലിയ ശക്തിയായിരിക്കും. DIP നമുക്ക് നൽകുന്നത് കേവലമായ വാഗ്ദാനം മാത്രമല്ല, മുഴുവൻ ഇന്ത്യക്കും ഒരു സമ്മോഹകമായ അവസരം പ്രദാനം ചെയ്യപ്പെടുകയാണ്. ഈ ദർശനം യാഥാർത്ഥ്യമാക്കുന്നതിന് നമ്മളിലും നമ്മുടെ രീതികളിലും സംസ്കാരത്തിലും പരിവർത്തനം ആവശ്യമായിരിക്കുന്നു. DIP അതിനും ഹേതുഭൂതകമാകുന്നു എന്നതും അതിന്റെ മറ്റൊരു സവിശേഷതയാണ്!

DIP അതിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ നേടുമ്പോൾ, ഇന്ത്യ അതിന്റെ ആഗോള മാത്സര്യക്ഷമതയുടെ പാരമ്യത്തിൽ എത്തുകയും സമ്പദ് വ്യവസ്ഥ സുഭദ്രമാവുകയും ദേശീയ വളർച്ച സുസ്ഥിരമാവുകയും ചെയ്യും എന്നത് ആത്മവിശ്വാസത്തോടെ തറപ്പിച്ച് പറയാൻ കഴിയും. ഇന്ത്യയുടെ ഭാവി ശോഭനമാകുന്നു.

**ഇ-ഗവേണൻസ് വിദഗ്ദ്ധരാണ് ലേഖകർ**

# കിഴക്കൻ ഇന്ത്യയുടെ കാർഷിക പരിവർത്തനം: സാധ്യതകളും വെല്ലുവിളികളും

**അൻജാനി കുമാർ, പി.കെ. ജോഷി**

സമ്പന്നമായ പ്രകൃതി വിഭവങ്ങളും അദ്ധ്വാനശക്തിയും മുതൽക്കൂട്ടായുള്ള കിഴക്കൻ ഇന്ത്യയ്ക്ക് രാജ്യത്തിന്റെ കാർഷിക ഉത്പാദനത്തിൽ ഗണ്യമായ സംഭാവന നല്കാൻ കഴിയും. എന്നാൽ കുറഞ്ഞ കാർഷിക ഉത്പാദനം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, മാറ്റമില്ലാതെ തുടരുന്ന ദാരിദ്രം, കുഴഞ്ഞുമറിഞ്ഞ സാമൂഹ്യ സാഹചര്യം, പരിമിതമായ സ്ഥാപന പ്രാപ്തി എന്നിവയുടെ അടിസ്ഥാനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രദേശമായാണ് കിഴക്കൻ മേഖല കണക്കാക്കപ്പെടുന്നത്. പ്രബലമായ കാർഷിക മേഖലയാണെങ്കിലും നിക്ഷേപ-ഉത്പാദന ചക്രം വളരെ പരിതാപകരമായ രീതിയിലാണ് മുന്നോട്ടുപോകുന്നത്. ചെറുകിട കർഷകരുടെ അധീനതയിലാണ് കാർഷികരംഗം. പരിമിതമായ വിഭവങ്ങളാണ് അവയ്ക്ക് മുതൽക്കൂട്ടായുള്ളത്. കാർഷികമേഖല പൊതുവെ പരാജയ സാധ്യതയേറിയ ഒന്നായാണ് കണക്കാക്കപ്പെടുന്നത്. ഇടവിട്ടുണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ്, കീടങ്ങൾ, സസ്യരോഗങ്ങൾ എന്നിവ കൂടാതെ പ്രകൃതി വിഭവങ്ങൾക്കുണ്ടാകുന്ന ക്ഷയവും ഉയർന്ന ഉത്പാദന ചെലവും കുറഞ്ഞ വരുമാനവും കിഴക്കൻ മേഖലയുടെ കാർഷികാഭിവൃദ്ധിയെ പിന്നോട്ടുവലിക്കുന്നു. എന്നാൽ മറുവശത്ത് കാർഷിക മേഖലയ്ക്ക് ഏറ്റവും ഗുണകരമായ ഘടകങ്ങളായ ഉയർന്ന വർഷപാതം, ഭൂഗർഭ ജലം, സൂര്യപ്രകാശം, കാർഷിക തൊഴിലാളികൾ എന്നിവയാൽ അനുഗ്രഹീതമാണ് കിഴക്ക്. കാർഷികസുസ്ഥിരത നിലനിർത്തുന്ന കാര്യത്തിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അനുഗുണമായ മണ്ണും പരിസ്ഥിതിയുമാണ് കിഴക്കൻ ഇന്ത്യയുടേത്.

കിഴക്കൻ മേഖലയിലെ ആറു സംസ്ഥാനങ്ങളിൽ സംഘടിതമായ ഇടപെടൽ വേണ്ടത് ബീഹാർ, ഒഡിഷ എന്നീ സംസ്ഥാനങ്ങളിലാണ്. കാരണം കിഴക്കൻ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ഗ്രാമനിവാസികളും അധിവസിക്കുന്നത് ഈ രണ്ടു

സംസ്ഥാനങ്ങളിലുമായാണ്. ഉപജീവനത്തിനായി കാർഷികമേഖലയെ ആശ്രയിക്കുന്ന പാപ്പരായ ജനങ്ങളാണ് ഇവരിൽ ഭൂരിഭാഗവും. എന്നാൽ അടുത്തക്കാലത്തായി ഈ സംസ്ഥാനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം, സ്ഥാപന വളർച്ച, ഭരണപരിഷ്കരണം, മറ്റു സാമൂഹിക സാമ്പത്തിക സൂചകങ്ങൾ എന്നിവയിലൊക്കെ അതിവേഗ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ രണ്ടു സംസ്ഥാനങ്ങളിലും പൊതുവായുള്ള സാധ്യതകളും പരിമിതികളും കണക്കിലെടുത്തുകൊണ്ട് കാർഷിക വളർച്ചയ്ക്ക് സഹായകമാകുന്ന വിശാലവും സമഗ്രവുമായ വികസനതന്ത്രമാണ് ലേഖനം പ്രതിപാദിക്കുന്നത്.

2000 മുതൽ നിലനിർത്തുന്ന സാമ്പത്തികവളർച്ചയും ഭരണനിർവ്വഹണകാര്യത്തിൽ കൈവരിച്ച നേട്ടങ്ങളും ബീഹാറിന് പൊതുജനശ്രദ്ധ നേടികൊടുത്തിരിക്കുന്നു. 2000-01 മുതൽ 2010-11 വരെയുള്ള കാലഘട്ടം പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്ക് വർഷത്തിൽ 8.4 ശതമാനമാണെന്ന് കാണാൻ കഴിയും. എന്നാലും ദാരിദ്ര്യം, പോഷകാഹാരകുറവ്, കുറഞ്ഞ കാർഷികോത്പാദനം എന്നിവയുടെ ആധിക്യംമൂലം സംസ്ഥാനം വികസനത്തിന്റെ പാതയിൽ മുടന്തുകയാണെന്നുതന്നെ പറയാം. ബീഹാറിലെ ആളോഹരി വരുമാനം രാജ്യത്തിന്റെ മൊത്തം ശരാശരിയുടെ 40 ശതമാനം മാത്രമാണ്. ഇത് മറ്റു 28 സംസ്ഥാനങ്ങളുടേതിനേക്കാളും കുറവാണ്. ദാരിദ്ര്യം സംസ്ഥാനത്ത് വ്യാപകമാണ്. ബീഹാറിലെ 54% ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയാണ്. സംസ്ഥാനത്തെ മൂന്നിൽ രണ്ടു ഭാഗവും പണിയെടുക്കുന്നത് കാർഷികമേഖലയിലാണ്. സംസ്ഥാനത്തെ ദരിദ്രരിൽ 90 ശതമാനം പേരും ഗ്രാമീണരാണ്. ഭൂരിഭാഗം പേരുടെയും ഉപജീവനമാർഗ്ഗം കാർഷികവൃത്തിയും കൂലിവേലയുമാണ്.

ബീഹാറിനെപോലെ ഒഡീഷയും ഉയർന്ന ദാരിദ്ര്യനിരക്ക് നിലനിൽക്കുന്ന സംസ്ഥാനമാണ്. ജനസംഖ്യയുടെ 37 ശതമാനം പേർ ദരിദ്രരാണ്. ദേശീയ ജനസംഖ്യയിൽ 3.5 ശതമാനം പേർ ഒഡീഷയിലാണ്. എന്നാൽ ദേശീയ ജനസംഖ്യയുടെ 4.3 ശതമാനം ദരിദ്രർ അധിവസിക്കുന്നത് ഒഡീഷയിലാണ്. കാർഷികമേഖലയെ ആശ്രയിക്കുന്ന ബഹുഭൂരിപക്ഷമുള്ള ഈ സംസ്ഥാനത്തുനിന്നു അടുത്തകാലത്തായി വൻതോതിലുള്ള ദാരിദ്ര്യവും പട്ടിണിമരണവുമാണ് റിപ്പോർട്ടു ചെയ്യുന്നത്. 2010-11 ൽ സംസ്ഥാനത്തെ ആളോഹരി വരുമാനം 47,000 രൂപയാണ്. ഇതു മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവുള്ളവയിൽ നാലാമതും ദേശീയ ശരാശരിയിൽ നിന്ന് 33 ശതമാനം കുറവുമാണ്. ഒഡീഷ വലിയതോതിൽ ഒരു കാർഷിക സംസ്ഥാനമാണ്. 65 ശതമാനം അദ്ധ്വാനശക്തിയും കാർഷികമേഖലയിലാണ് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ കാർഷികമേഖലയിലെ അഭിവൃദ്ധി സംസ്ഥാനത്തിന്റെ ബഹുഭൂരിപക്ഷത്തിന്റെ ജീവിതനിലവാരത്തിൽ ഗണ്യമായ വളർച്ചയ്ക്ക് വഴിവച്ചേയ്ക്കും.

അടുത്തക്കാലത്തായി നടന്ന ചില പഠനങ്ങൾ ബീഹാറിലെയും ഒഡീഷയിലെയും കാർഷികാഭിവൃദ്ധിക്കു തുരങ്കം വയ്ക്കുന്ന വിവിധങ്ങളായ പരിമിതികൾ ചൂണ്ടിക്കാണിക്കുന്നു. വെള്ളപ്പൊക്ക-വരൾച്ചാ പ്രശ്നങ്ങൾ, തുണ്ടുഭൂമികളുടെ ഉടമസ്ഥത, ശോഷിച്ച സ്ഥാപനങ്ങൾ, ദുർബല ഭരണനിർവ്വഹണം, കാർഷികമേഖലയിലെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവ അവയിൽ ചിലതുമാത്രം. ഈ പഠനങ്ങളിൽ ചൂണ്ടികാണിക്കപ്പെട്ട മറ്റൊരു പ്രധാന കാര്യം പ്രകൃതി വിഭവങ്ങൾ വിവേകത്തോടെ കൈകാര്യം ചെയ്യുകയും, നയങ്ങളും സ്ഥാപനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുകയും, കാർഷികമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്താൽ സംസ്ഥാനത്തിന്റെ വികസനത്തിനും വളർച്ചയ്ക്കുമുള്ള ധാരാളം സാധ്യതകൾ നിലനിൽക്കുന്നുണ്ട് എന്നുകൂടിയാണ്. വിഭവങ്ങൾ പരിമിതമായതിനാൽ സുസ്ഥിരമായ കാർഷിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജനത്തിനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുൻഗണനകൾ നിശ്ചയിച്ചുകൊണ്ട് പ്രാവർത്തികമാക്കേണ്ടതുണ്ട്. കർഷകർ, കാർഷിക വ്യാപാരികൾ, സാമൂഹ്യ

സംഘടനകൾ, സ്വകാര്യ മേഖലകൾ എന്നിവർക്കിടയിൽ ഈ വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചകളുടെയും ദ്വിതീയ സ്ത്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ബീഹാറിലെയും ഒഡീഷയിലെയും കാർഷികമേഖലയിലെ പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പുത്തൻ സാധ്യതകളും സാധ്യമായ ഹ്രസ്വ-ദീർഘ മുൻഗണനകളും നിർദേശിക്കുവാനുമാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

**കാർഷികരംഗത്തെ പ്രകടനം-**
**കാർഷിക സമ്പത്ഘടന**

സാമ്പത്തികവും തൊഴിൽപരവുമായ കാര്യങ്ങളിൽ കാർഷിക രംഗത്തിന്റെ സ്വാധീനം പരമമായതിനാൽ ബീഹാറിലെയും ഒഡീഷയിലെയും കാർഷിക മേഖലയുടെ വികസനം, ആസൂത്രണം, നയരൂപീകരണം എന്നിവ ഉത്കണ്ഠാജനകമാണ്.

ആളുകൾ ഉപജീവനത്തിന് കാർഷികേതര മേഖലകൾ തെരഞ്ഞെടുത്തു തുടങ്ങിയിരിക്കുന്നു. മറുവശത്ത് ദേശീയ ആഭ്യന്തര വളർച്ചാ നിരക്കും സംസ്ഥാന ആഭ്യന്തര വളർച്ചാനിരക്കും താഴ്ന്നു കൊണ്ടിരിക്കുന്നു. ബീഹാറിൽ 1995 ലെ മുൻമൂന്നു കൊല്ലത്തിനിടയിലെ കാർഷിക-അനുബന്ധ മേഖലകളിലെ ആഭ്യന്തരവളർച്ചാനിരക്ക് 47.4 ശതമാനമായിരുന്നെങ്കിൽ 2011 ൽ അത് 26.2 ശതമാനമായി കുറഞ്ഞിരിക്കുന്നു. പ്രവണത ഒഡീഷയിലും മറ്റൊന്നല്ല. പ്രാഥമിക മേഖലയിലെ ആഭ്യന്തര വളർച്ചാനിരക്ക് ആതേ കാലയളവിൽ 45 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറഞ്ഞതായും കാണാം.

കൃഷിയും കന്നുകാലി വളർത്തലും ബീഹാറിലും ഒഡീഷയിലും ഒരുപോലെ പ്രാധാന്യമുള്ള വരുമാനമാർഗ്ഗമാണ്. എന്നാൽ ബീഹാറിൽ കഴിഞ്ഞ ദശകത്തിൽ ഉത്പാദനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ ധാന്യവിളവുകളുടെ പങ്ക് ഗണ്യമായി കുറഞ്ഞു. എന്നാൽ ഒഡീഷയിൽ ഈ പ്രവണത അത്ര വ്യക്തമല്ലെന്നു തന്നെ പറയാം. ഇരു സംസ്ഥാനങ്ങളിലും മത്സ്യബന്ധനം, കന്നുകാലിവളർത്തൽ എന്നീ മേഖലകളിൽ ഗണ്യമായ വളർച്ച കൈവരിച്ചു കൊണ്ട് വൈവിധ്യം നിലനിർത്തുവാൻ പ്രാഥമിക മേഖലക്ക് കഴിഞ്ഞു. ഒഡീസയിൽ വനം മേഖല മെച്ചപ്പെട്ടപ്പോൾ കന്നുകാലിവളർച്ച, മത്സ്യവ്യവസായം എന്നിവ പിറകോട്ടടിച്ചു. ബീഹാറിലും ഒഡീഷയിലും കഴിഞ്ഞ ദശകത്തിൽ കാർഷിക-അനുബന്ധ മേഖലയിൽ നടന്ന പ്രവർത്തനങ്ങൾ ആശാവഹമാണ്. വനം, മരംമുറിക്കൽ എന്നീ മേഖലകളൊഴിച്ച് കാർഷിക - അനുബന്ധമേഖലകളിൽ 2001 -2002 മുതൽ 2011 -12 വരെയുള്ള കാലയളവിൽ വളരെ നല്ല പുരോഗതിയാണ് മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൈവരിച്ചിരിക്കുന്നത്. 2011-2012 ൽ ധാന്യവിളകളിലും കന്നുകാലി വളർച്ചയിലും മാത്രം 4.4 ശതമാനം വാർഷിക വളർച്ച കൈവരിക്കാൻ ബീഹാറിനു കഴിഞ്ഞു. ഒഡീഷയിൽ അത് 4.3 ശതമാനമാണ്.

മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ ബീഹാർ 3.4 ശതമാനവും ഒഡീഷ 3.8 ശതമാനവുമാണ് വാർഷിക വളർച്ച കൈവരിച്ചത്. ബീഹാറിൽ ധാന്യവിളകളുടെ കാര്യം മാറ്റിവച്ചാൽ കന്നുകാലിവളർത്തൽ, മത്സ്യബന്ധനം എന്നീ മേഖലകളിൽ എടുത്തുപറയത്തക്ക നേട്ടമാണ് കൈവരിച്ചത്. ഒഡീഷയിലാകട്ടെ കന്നുകാലിവളർത്തൽ, ധാന്യവിളകൾ എന്നിവ അഭിവൃദ്ധിപ്പെട്ടു. കാർഷികമേഖലയിലും മറ്റ് അനുബന്ധമേഖലയിലുമായി 3.8 ശതമാനം വളർച്ചയാണ് ബീഹാറിലും ഒഡീഷയും ഉണ്ടായത്. ഈ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണെങ്കിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക മേഖലയിൽ വലിയ പുരോഗതി കൈവരിക്കുവാൻ കഴിയും.

**കാർഷികമേഖല നേരിടുന്ന വെല്ലുവിളികൾ**

അടുത്തക്കാലത്തായി വളരെ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ബീഹാറിലെയും ഒഡീഷയിലെയും കാർഷിക രംഗം വിവിധങ്ങളായ വെല്ലുവിളികൾ നേരിടുന്നവയാണ്. സുസ്ഥിരമായ വികസനം സാധ്യമാ

ക്കുന്നതിന് ഈ വെല്ലുവിളികൾ ഗൗരവകരമായി വിശകലനംചെയ്തു പരിഹാരങ്ങൾ കാണേണ്ടതു ണ്ട്.

### കുറഞ്ഞ ധാന്യവിളവും വലിയ പരാജയസാധ്യതയും

ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ പൊതുവേ കാർഷികോൽപാദനം മന്ദഗതിയി ലാണ്. ബീഹാറും ഒഡീഷയും ഇക്കാര്യത്തിൽ അപവാദങ്ങളല്ല. ദേശീയ ധാന്യോത്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ബീഹാറും ഒഡീഷയും വളരെ പിറകിലാണ്. 2009ൽ മുൻ മൂവാണ്ടുകളിലെ ബീഹാറിലെ നെല്ലുത്പാദനം ഹെക്ടറിൽ 1662 കിലോ ആണ്. എന്നാൽ രാജ്യത്തിന്റെ മൊത്തം നെല്ലുല്പാദനം ഒരു ഹെക്ടറിൽ 21689 കി എന്ന നിരക്കിലാണ്. 2009-10 ലെ മുൻ മൂവാണ്ടുകളിലെ കണക്കനുസരിച്ച് ബീഹാറിലെയും ഒഡീഷയി ലെയും ഗോതമ്പുൽപ്പാദനം ഒരു ഹെക്ടറിൽ യഥാക്രമം 2062-ും 1467-ും ആണ്. എന്നാൽ ഈ കാലയളവിലെ ഗോതമ്പുൽപ്പാദനത്തിന്റെ ദേശീയ അനുപാതം ഹെക്ടറിൽ 2850 കിലോ ആണ്. (കേന്ദ്ര കാർഷിക റിപ്പോർട്ട്, 2011). അതുപോലെ ചോളം, പയർ, തുവര, കടുക്, നിലക്കടല, കരിമ്പ് തുടങ്ങിയ വിളകളുടെ ഉത്പാദനവും ദേശീയ ശരാ ശരിയിലും താഴെയായിരുന്നു. പരാജയസാധ്യത ഏറിയ സാഹചര്യങ്ങൾ കാർഷിക വികസന ത്തിനു പലപ്പോഴും വിലങ്ങുതടിയായി നില നിൽക്കുന്നു. ഇത് കൂടുതൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

### ജൈവ-അജൈവ പ്രതിസന്ധികൾ

കിഴക്കൻ രാജ്യങ്ങളിലെ കാർഷിക വികസന ത്തിനു വിവിധങ്ങളായ ജൈവ-അജൈവ ഘടകങ്ങൾ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ബീഹാറിലും ഒഡീഷയിലും നടത്തിയ ചർച്ചകളിൽ വിളകൾക്ക് വിഘാതമാകുന്ന കീടങ്ങളെക്കുറിച്ചും സസ്യരോ ഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. ഇത് 25-40 ശതമാനം വരെ കാർഷിക വളർച്ചാമുരടി പ്പിന് കാരണമാകുന്നു.

കീടനാശിനികളുടെ ഉപയോഗം കിഴക്കൻ രാജ്യങ്ങളിൽ പൊതുവെ കുറവാണ്. അജൈവ പ്രതിസന്ധികളായ വെള്ളപ്പൊക്കം, വരൾച്ച, ചുഴ ലിക്കാറ്റ്, മണ്ണിന്റെ ക്ഷാര-അമ്ല സ്വാഭാവം, വെള്ള ക്കെട്ട് എന്നിവയും ബീഹാറിലും ഒഡീഷയിലും കുറവല്ല. ബീഹാറിലെ കാർഷിക ഭൂമിയുടെ 41 ശത മാനം (2.1 ദശലക്ഷം ഹെക്ടർ) വെള്ളപ്പൊക്ക സാധ്യതയേറിയ പ്രദേശമാണ്. കൂടാതെ മണ്ണിന്റെ ക്ഷാരസ്വഭാവം 30,000 ഹെക്ടറിലെയും അമ്ലത്വം 23,600 ഹെക്ടർ പ്രദേശത്തെയും കാർഷികോത്പാ ദനത്തെ പ്രതികൂലമായി ബാധിച്ചു. ഒഡീഷയിലാ കട്ടെ ഏകദേശം 2.57 ദശലക്ഷം ഹെക്ടർ പ്രദേ ശത്തെ കാർഷികോത്പാദനം പ്രതിസന്ധിയിലാ ണ്. 1.16 ദശലക്ഷം ഹെക്ടർ സ്ഥലത്ത് വെള്ളപ്പൊ ക്കവും 1.26 ദശലക്ഷം ഹെക്ടർ സ്ഥലത്ത് വരൾച്ചയും 0.15 ദശലക്ഷം ഹെക്ടർ സ്ഥലത്ത് ഉപ്പുവെള്ളവും കാർഷിക പ്രശ്നങ്ങൾക്ക് കാരണ മാകുന്നു. കൃഷിക്ക് അത്യന്താപേക്ഷിതമായ ധാതു ക്കളുടെ കുറവും ഒഡീഷയിൽ പ്രധാന കാർഷിക പ്രതിസന്ധിയാണ്. സിങ്ക്, ബോറോൺ, സൾഫർ തുടങ്ങിവയുടെ അപര്യാപ്തത കാർഷികോത്പാ ദനത്തെ ബാധിക്കുന്നുണ്ട്. ഇതു മറികടക്കുന്നതിന് മെച്ചപ്പെട്ട ഇനം വിത്തുകളുപയോഗിക്കാവുന്ന താണ്. കാർഷിക സ്ഥാപനങ്ങളുടെയും സാങ്കേ തിക വിദ്യയുടെയും ഉപയോഗവും മാത്രമല്ല മെച്ച പ്പെട്ട കാർഷികനയങ്ങളും അനിവാര്യമാണ്. സംയോജിത കീടനിയന്ത്രണ, ജലസേചന മാർഗ്ഗ ങ്ങൾ അവലംബിച്ചുകൊണ്ടു മാത്രമേ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സാധി ക്കുകയുള്ളു.

### ചെറു കൈവശഭൂമികൾ

കാർഷിക വികസനത്തിന് വിലങ്ങുതടി യായി നിൽക്കുന്ന മറ്റൊന്ന് ചെറുകൃഷി ഭൂമി കളുടെ ആധിക്യമാണ്. ബീഹാറിലെ ഏകദേശം 90 ശതമാനവും ഒഡീഷയിലെ 60 ശതമാനവും വരുന്ന കൃഷിഭൂമി ഈ ഇനത്തിൽപ്പെടുത്താവു ന്നതാണ്. അത് ബീഹാറിലെ മൊത്തം ഭൂമിയുടെ 53 ശതമാനവും ഒഡീഷയിലെ 27 ശതമാനവും വരും. 2005-2006 ൽ ബീഹാറിലെ ചെറുകൃഷിഭൂ മിയുടെ ശരാശരി വിസ്താരം 0.43 ഹെക്ടറിലും

കുറവാണ്. എന്നാൽ 1995-96 ൽ ഇത് 0.60 ഹെക്ടർ ആയിരുന്നു. ഒഡീഷയിലേതാകട്ടെ ശരാശരി ചെറു കൃഷിഭൂമിയുടെ വ്യാപാതി 1.15 ഹെക്ടറാണ്. ഇത് ഇന്ത്യൻ ശരാശരിയിലും താഴെയാണ്. എന്നാൽ ബീഹാറിലേതിനെക്കാൾ മെച്ചപ്പെട്ടതാണ് ഒഡീഷ യിലെ അവസ്ഥ. ഭൂമിയുടെ ഉടമസ്ഥാവകാശവു മായി ബന്ധപ്പെട്ട് വളരെ വലിയ അസമാനതയാണ് ഇരുസംസ്ഥാനങ്ങളിലും നിലനിൽക്കുന്നത്. ഇട ത്തരവും വലിപ്പമുള്ളതുമായ കൃഷിഭൂമിയുള്ള ഒരു ശതമാനം വരുന്ന കുടുംബങ്ങളുടെ കൈയ്യിലാ ണ് ബീഹാറിലെ 9.3 ശതമാനം കൃഷിഭൂമിയുള്ളത്. എന്നാൽ ഒഡീഷയിൽ 4 ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള 3 ശതമാനം കർഷകരാണുള്ളത്. ഇത് സംസ്ഥാനത്തിന്റെ 17 ശതമാനം ഭൂമി വരും. ഉടമ സ്ഥാവകാശത്തിലുള്ള ഈ അസമാനത സാമ്പ ത്തിക അസമത്വത്തിനും വലിയതോതിൽ കാർഷി കരംഗത്തെ ദുരവസ്ഥയ്ക്കും കാരണമാകുന്നു.

ചെറു കൈവശഭൂമിക്കുപ്പുറമെ ജന്മിയി ല്ലാത്ത കൃഷിഭൂമി, കുടിയായ്മ, പാട്ടക്കരാർ, തുട ങ്ങിയവയും കാർഷികരംഗത്ത് മുതൽ മുടക്കുന്ന തിന് വിഘാതങ്ങളായി നിലനില്ക്കുന്നു. ബീഹാ റിലും ഒഡീഷയിലും കൂടിയായ്മ വ്യവസ്ഥ വ്യാപ കമാണ്. കാർഷിക മുതൽമുടക്ക് തുക കർഷകർ ഓഹരിയിലൂടെയൊ ജന്മിയുടെ ഔദാര്യമായോ ആണ് കണ്ടെത്തുന്നത്. ഒഡീഷയിൽ പാട്ടഭു മിയുടെ ഉത്പാതനത്തിന്റെ 75%വും ഭൂവുടമയുടെ സ്വന്തമാണ്. കർഷകന് സുരക്ഷിതത്വമില്ലാത്ത പാട്ടവ്യവസ്ഥയിൽ കുടികെടപ്പ് കർഷകരെ കൃഷി ഭൂമിയുടെ വികസനം, ജലസേചനം തുടങ്ങിയവ യിൽ മുതൽമുടക്കുന്നതിൽ നിന്ന് പിൻതിരിപ്പിക്കു ന്നു.

**ദുർബലമായ സ്ഥാപനങ്ങൾ**

കാർഷികവികസനത്തിന് ഒഴിച്ചുകൂടാനാ കാത്ത സാമ്പത്തികം, ഇൻഷ്വറൻസ്, മാർക്കറ്റിംഗ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ ബീഹാറിലും ഒഡീഷയിലും വളരെ കുറവാണ് എന്നുമാത്രമല്ല അവയുടെ പ്രവർത്തനങ്ങൾ പൊതുവെ ദുർബലവുമാണ്. കാർഷിക വായ്പ യുടെ കാര്യത്തിൽ ഗണ്യമായ വർദ്ധനവ് ഇക്കാ ലയളവിൽ ഉണ്ടായിരുന്നിട്ടും ബാങ്കിംങ് മേഖല യിൽ അടിസ്ഥാനസൗകര്യങ്ങൾ രണ്ടു സംസ്ഥാ നങ്ങളിലും അപര്യാപ്തമാണ്. ഇത് ബാങ്കിന്റെ സേവനം കൂടുതൽപേർക്ക് ലഭിക്കുന്നതിൽ വിഘാ തമാകുന്നു. ബീഹാറിലെ ഒരു ബാങ്കിന്റെ ബ്രാഞ്ച് പഞ്ചാബിലെ ബ്രാഞ്ചുമായി താരതമ്യം ചെയ്യു മ്പോൾ നാലുമടങ്ങു ജനങ്ങൾക്കായാണ് പ്രവർത്തിക്കുന്നത്. ഒഡീഷയിലെ സ്ഥിതിയും മറ്റൊന്നല്ല. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴ്ന്ന വായ്പ്പാ നിരക്കാണ് ഒഡീഷയിലെ ബാങ്കിങ് മേഖലയുടേത്. കാർഷിക ഇൻഷുറൻസ്, സാങ്കേതികവിദ്യ, മുതൽ മുടക്ക്, കൃഷിവ്യാപന തന്ത്രങ്ങൾ എന്നിവയും ഇരുസം സ്ഥാനങ്ങളിലും മുരടിച്ച അവസ്ഥയിലാണ്. ചെറു കിടകർഷകർക്ക് സഹായകമാകുന്ന വായ്പാ പദ്ധ തികൾ, ഉത്പാദനത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് നൂതനമായ സംവിധാനങ്ങളും സ്ഥാപനങ്ങളും രൂപപ്പെടുത്തുക എന്നതും ഈ മേഖലയിലെ പ്രധാന വെല്ലുവിളിയാണ്.

**അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

അടുത്തക്കാലത്തായി അടിസ്ഥാന സൗക ര്യങ്ങൾ വികസിപ്പിക്കുന്നതിന് ഗൗരവമായ ശ്രമ ങ്ങളാണ് ബീഹാറും ഒഡീഷയും കൈക്കൊണ്ട ത്. എന്നാൽ അവ സംസ്ഥാനങ്ങളുടെ ആവശ്യ ങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപത മാണ്. കാർഷികവിപണന കേന്ദ്രങ്ങൾ അവികസി തവും വളരെ നേരിയ തോതിൽ മാത്രം കാണുന്ന വയുമാണ്. കർഷകർക്ക് തങ്ങളുടെ പ്രധാന വിള കളായ നെല്ല്, ഗോതമ്പ്, ചോളം, മറ്റു കാർഷിക ചരക്കുകൾ എന്നിവയ്ക്ക് താങ്ങുവിലയേക്കാൾ കുറഞ്ഞ വിലയാണ് പലപ്പോഴും ലഭിക്കുന്നത്. കൂടാതെ നിലവിലുള്ള മാർക്കറ്റുകളിൽ പൊതു ഉ പയോഗത്തിനുതകുന്ന കോൾഡ് സ്റ്റോറേജ്, ഗോഡൗൺ, ഗ്രേഡിംഗ് സംവിധാനങ്ങൾ തുട ങ്ങിയവ ലഭ്യമല്ല. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയ്ക്കൊപ്പം, കഴിഞ്ഞ നൂറ്റാണ്ടുക ളിൽ മാറ്റമില്ലാതെ തുടരുന്ന നയങ്ങളും കാർഷിക വിപണത്തിന് പരിമിതികൾ സൃഷ്ടിക്കുന്നു.

ബീഹാറിൽ വ്യാപാരനിയന്ത്രണ നിയമങ്ങളില്ലാത്തതും ഒഡീഷയിൽ മാതൃകാ വിപണന നയം പൂർണ്ണമായി നടപ്പിലാക്കാത്തതും ഈ സംസ്ഥാനങ്ങളിൽ വിപണിവികസനത്തിന് വിലങ്ങുതടിയാകുന്നു.

കാർഷിക വിപണിക്കുപുറമെ ബീഹാറിൽ പൊതു അടിസ്ഥാന സൗകര്യങ്ങളും വളരെയേറെ മോശമായ അവസ്ഥയിലാണ്. മോശമായ റോഡുകളും അവികസിത വൈദ്യുതീകരണവും കാര്യക്ഷമമല്ലാത്ത ജലസേചനവും സംസ്ഥാനത്തിന്റെ പ്രധാമ പരിമിതികളാണ്. റോഡ്-റെയിൽ സംവിധാനങ്ങൾ ഒഡീഷയിൽ മെച്ചമാണെങ്കിലും ഗ്രാമങ്ങളിലെ വൈദ്യുതീകരണവും ജലസേചനവും അവികസിതമാണ്. അടിസ്ഥാന വികസനത്തിന്റെ കാര്യത്തിൽ ഇരുസംസ്ഥാനങ്ങളും വളരെ യേറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

**കിഴക്കൻ ഇന്ത്യയുടെ കാർഷികരംഗം സജീവമാക്കൽ**

ഇന്ത്യയുടെ കിഴക്കൻമേഖലയിലെ കാർഷിക രംഗം സജീവമാക്കുന്നതിനും നിലവിലുള്ള വെല്ലുവിളികൾ നേരിടുന്നതിനും സ്വീകരിക്കാവുന്ന ചില നിർദേശങ്ങൾ താഴെ സംഗ്രഹിക്കുന്നു.

**നിക്ഷേപത്തിന് പ്രാധാന്യം നല്കുക**

സാമ്പത്തിക-സാമൂഹ്യ സേവന മേഖലകളിൽ ചെലവഴിക്കുന്ന വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ കാർഷികമേഖലയിലെ നിക്ഷേപം വളരെ കുറവാണ്. കൃഷി, മൃഗചികിത്സ, ക്ഷീരോത്പാദനം, മത്സ്യ ബന്ധനം തുടങ്ങിയ മേഖലകളിലെ വിഭവ വിഭജനം അതത് മേഖലയിലെ ഉത്പാദനവുമായി താരതമ്യം ചെയ്തല്ല നിർണ്ണയിക്കുന്നത്. കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, കാർഷിക വൈവിധ്യം പ്രോത്സാഹിപ്പിക്കൽ, കാർഷികോത്പാദനം മെച്ചപ്പെടുത്തൽ, വെള്ളപ്പൊക്ക നിയന്ത്രണം, ഡ്രെയിനേജ് വികസനം, മണ്ണ് സംരക്ഷണം തുടങ്ങി ധാരാളം മേഖലകളിൽ കൂടുതൽ നിക്ഷേപം ആവശ്യപ്പെടുന്നു. കന്നുകാലി വികസനത്തിന് പ്രജനനത്തിനും ചികിത്സയ്ക്കും കൂടുതൽ നിക്ഷേപം വേണം. ചെറികിട ക്ഷീരകർഷകർ, ബീഹാറിലെയും ഒഡീഷയിലെയും കുഗ്രാമങ്ങളിലെ വീടുകളിലെ കോഴി വളർത്തൽ തുടങ്ങിയവയ്ക്കും സംസ്ഥാനത്തിന്റെ വികസനത്തിൽ അതിന്റേതായ സംഭാവന ചെയ്യാനുണ്ട്. പഴം പച്ചക്കറി എന്നിവയുടെ ഉത്പാദന വളർച്ചയ്ക്ക് വിപണി വികസനം, കോൾഡ് സ്റ്റോറേജ്, ഗോഡൗൺ തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. കൃഷിയുടെ എല്ലാമേഖലകളിലും സ്വകാര്യപങ്കാളിത്തം ഉറപ്പാക്കുന്നതിനുതകുന്ന മാതൃകകൾ ആവിഷ്കരിക്കണം. കാർഷിക ഗവേഷണവും വ്യാപനവും കുടുതൽ ഊർജ്ജിതമാക്കുകയും ആവശ്യാനുസരണം വിഭവവിഭജനം നടത്തുകയും ചെയ്യണം.

**ഉത്പാദനവിടവ് തടയുക**

സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ മെച്ചപ്പെട്ട കൃഷിരീതികൾ അവലംബിച്ചുകൊണ്ടു കിഴക്കൻ മേഖലയിലെ കാർഷികരംഗത്ത് അത്ഭുതാവഹമായ മാറ്റം കൈവരിക്കാൻ കഴിയും. മെച്ചപ്പെട്ട ഇനം വിത്തിനങ്ങളുടെയും സാങ്കേതിക വിദ്യയിലൂന്നിയ കൃഷിരീതികളുടെയും ഉത്പാദനം വർദ്ധിക്കുമെന്നകാര്യത്തിൽ തർക്കമില്ല. മുൻ നിര പ്രദർശനങ്ങളുടെ പ്രയോഗത്തിലൂടെ മെച്ചപ്പെട്ട ഇനം വിത്തിനങ്ങളുടെ പ്രായോഗികത തെളിയിക്കാൻ സാധിക്കും.

വെള്ളവും മണ്ണും വിവേകത്തോടെ പരിപാലിക്കുക, മെച്ചപ്പെട്ട ഇനം വിത്തിനങ്ങൾ ഉപയോഗിക്കുക, വിഭവ സംരക്ഷണത്തിനുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക, തീവ്രനെല്ലുത്പാദന സംവിധാനങ്ങൾ അവലംബിക്കുക എന്നിവയിലൂടെ കിഴക്കൻ മേഖലയിലെ കാർഷികവികസനം സാധ്യാമാക്കാവുന്നതാണ്.

**കർഷകരെ വിപണിയുമായി ബന്ധിപ്പിക്കുക**

കിഴക്കൻ മേഖലയിലെ കാർഷികരംഗത്ത് ചെറുകിട കർഷകരുടെ ബാഹുല്യമാണുള്ളത്. അവരുടെ പരിതാപകരമായ സാമ്പത്തികസ്ഥിതി കൂടുതൽ വില ലഭിക്കുന്നവയുടെ കൃഷിയിൽ നിന്ന് ഒഴിച്ചുനിർത്തുന്നു. അത്തരം കാർഷികോ

ത്പന്നങ്ങൾ പെട്ടന്നു നശിച്ചുപോകുന്നു എന്നതും മറ്റൊരു കാരണമാണ്. നിലനിൽക്കുന്ന വ്യാപാര വാഴ്ച്ചയിൽ സൂപ്പർമാർക്കറ്റുകൾ അടിച്ചേൽപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ ഗ്രേഡുകളെക്കുറിച്ചും സ്റ്റാൻഡേർഡുകളെക്കുറിച്ചും ഉത്പന്ന ശുചീകരണ മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർക്ക് അറിവില്ല. അതുകൊണ്ടു തന്നെ ചെറുകിട കർഷകരെ കൂടുതൽ വില ലഭിക്കുന്ന ആഭ്യന്തര-ആഗോള വിപണികളുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യതയാണ്. ഇക്കാര്യത്തിൽ വിജയകരമായി പരീക്ഷിച്ച മാതൃകകൾ ധാരാളം പ്രാദേശിക തലത്തിൽ പ്രചാരത്തിലുണ്ട്. അവ പരിഷ്കരിക്കണമെന്നുമാത്രം.

ലാഭകരമായ വിപണിയുമായി കർഷകരെ ബന്ധിപ്പിക്കുന്നതിന് ചില നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. 1. വളർച്ചയ്ക്ക് സാധ്യതയേറിയ മേഖലകളിൽ ഒരു കാർഷിക മണ്ഡലം ആവിഷ്കരിക്കുക. (ഉദാ: ധാന്യങ്ങൾ, പഴം, പച്ചക്കറി, പൗൾട്രി, മത്സ്യം, പാല് തുടങ്ങിയവ); 2. പാട്ടകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മാതൃകാ വിപണന ആക്റ്റ് തിരഞ്ഞെടുക്കുക; 3. വിപണി, കാർഷികോത്പന്നങ്ങളുടെ സംസ്കരണം, ഭൂവികസനം എന്നിവയിൽ സഹകരണമേഖലയുടെ നിക്ഷേപം ആകർഷിക്കുക; 4. കാർഷികമേഖലയിലെ പരാജയസാധ്യത പരിഹരിക്കുന്നതിനും കാർഷികോത്പന്നങ്ങൾക്ക് അർഹമായ വില ഉറപ്പുവരുത്തുന്നതിനും നിയമനിർമ്മാണം നടത്തുക.

**സ്ഥാപനങ്ങളും അടിസ്ഥാനസൗകര്യങ്ങളും ശക്തമാക്കുക**

സ്ഥാപനങ്ങൾ ശക്തമാക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ഇന്ത്യയുടെ കിഴക്കൻ മേഖലയിൽ ധാരാളം കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഇതിലേറ്റവും പ്രഥമമായത് ഭൂപരിഷ്കരണമാണ്. ഭൂരേഖകളിലെ തെറ്റു തിരുത്തുക, ഉടമസ്ഥതയുടെ പേരിലുള്ള തർക്കങ്ങൾ പരിഹരിക്കുക, പാട്ടഭൂമി മാർക്കറ്റിലെ തെറ്റായ പ്രവണതകൾ തിരുത്തുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഇക്കാര്യത്തിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്. ചെറുകിട കർഷകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സഹകരണ മേഖല ശക്തിപ്പെടുത്തുക, പാട്ടകൃഷി, കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയിലൂടെ കൂട്ടുത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അതുപോലെ തന്നെ വായ്പ്പാപദ്ധതികൾ, ഇൻഷ്വറൻസ്, കാർഷിക നിക്ഷേപ-വ്യാപന സേവനങ്ങൾ എന്നിവ ചെറുകിട കർഷകർക്ക് സഹായകരമാണ്. അടിസ്ഥാന സൗകര്യം, ഗ്രാമീണ റോഡു ശൃംഖല, പിപണന സംവിധാനങ്ങൾ, വൈദ്യുതീകരണം എന്നിവ കാർഷിക വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഡ്രെയിനേജ് സംവിധാനം, ജലസേചനം എന്നിവയുടെ വികസനത്തിനും പ്രാധാന്യം നല്കേണ്ടതുണ്ട്.

**അനുക്രമമായ മുൻഗണനാ ഇടപെടലുകൾ**

കാർഷികരംഗത്ത് സുസ്ഥിരവികസനം സാധ്യമാക്കുന്നതിന് വേണ്ട ഉടപെടലുകൾ സത്വരം നടപ്പിലാക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് നടപ്പിൽ വരുത്തേണ്ടതുണ്ട്. ഇന്ത്യയുടെ കിഴക്കൻമേഖലയിൽ കാർഷികോത്പാദനം ത്വരിതപ്പെടുത്തുന്നതിനും, സുസ്ഥിരത കൈവരിക്കുന്നതിനുമുതകുന്ന ഇടപെടലുകൾ വിവിധ തലങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്.

**ഉപസംഹാരം**

കിഴക്കൻ ഇന്ത്യയിലെ കാർഷിക രംഗത്ത് ധാരാളം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ നയങ്ങളുടെയും സ്ഥാപനങ്ങളുടെയും വിപണിയുടെയുടേയും കാലോചിതമായ പരിഷ്കരണം സുസ്ഥിര കാർഷിക വികസനത്തിന് അനിവാര്യമാണ്.

**അൻജാനികുമാർ ന്യൂഡൽഹിയിലെ കാർഷിക ഗവേഷണ സ്ഥാപനമായ ഐ.എഫ് പി.ആർ.ഐയിൽ റിസേർച്ച് ഫെലോയും പി.കെ. ജോഷി ഡയറക്ടറുമാണ്**



# സാങ്കേതിക വിദ്യയും ഹരിത വിപ്ലവവും

## (മുൻ ലക്കത്തിന്റെ തുടർച്ച)

ടിഎൻ ശ്രീനിവാസൻ, പവൻ കട്കർ



**1960 കളുടെ മധ്യത്തിൽ രാജ്യത്ത് അനുഭവപ്പെട്ട ഭക്ഷ്യ ക്ഷാമം പരിഹരിക്കുന്നതിനായി പല ഘടകങ്ങളാണ് നമ്മെ സഹായിച്ചത്. അവയിൽ പ്രധാനം അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളിലൂടെ കാർഷിക മേഖലയിൽ നാം നേടിയ വിജയമാണ്. സാങ്കേതിക വിദ്യയുടെ പിന്തുണയോടെ കൈവരിച്ച ഈ നേട്ടത്തെയാണ് പിന്നീട് ഹരിത വിപ്ലവം എന്നു വിളിച്ചത്.**

**പു**തിയതായി ആരംഭിച്ച എല്ലാ കാർഷിക സർവകലാശാലകളിലെയും ശാസ്ത്രജ്ഞർ കൃഷിക്കാരുമായി ഒരു നല്ല ബന്ധം സ്ഥാപിച്ചു. പരീക്ഷണശാലയിൽ നിന്ന് പാടത്തേയ്ക്ക് എന്നതായിരുന്നു അവരുടെ നയം. അവർ പരിചയപ്പെടുത്തിയ പുതിയ വിത്തിനങ്ങളെ കൃഷിക്കാർ ഇരു കൈകളും നീട്ടി സ്വീകരിച്ചു. നിലം ഒരുക്കുന്നതിന് ട്രാക്ടറുകളും, ജലസേചനത്തിന് കുഴൽ കിണറുകളും ഉപയോഗിച്ചു തുടങ്ങി. സസ്യ സംരക്ഷണത്തിനായി കീടനാശിനികളും രാസവളങ്ങളും പ്രയോഗിച്ചു. ആധുനിക സാങ്കേതിക വിദ്യ കൃഷിയിടങ്ങളിൽ എത്തിയതോടെ രാജ്യത്തെ ഭക്ഷ്യോത്പാദനവും കുത്തനെ ഉയർന്നു.

**രാസ വളങ്ങളുടെ ആഭ്യന്തര ഉത്പാദനത്തിന് സാമ്പത്തിക സഹായം**

അന്തരീക്ഷത്തിലെ നൈട്രജനും ഹൈഡ്രജനും തമ്മിൽ ചേർത്താണ് നൈട്രജൻ വളങ്ങളായ അമോണിയ നിർമ്മിക്കുന്നത്. അതാകട്ടെ സൾഫൂറിക്, നൈട്രിക്, ഫോസ്ഫോറിക് തുടങ്ങിയ അമ്ലങ്ങളുമായി പ്രതിപ്രവർത്തനങ്ങൾ നടത്തുമ്പോഴാണ് അമോണിയം സൾഫേറ്റ്, നൈട്രേറ്റ്, ഫോസ്ഫേറ്റ് പോലുള്ള വളങ്ങൾ ഉണ്ടാകുന്നത്. ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്നതിന് വിവധ മാർഗ്ഗങ്ങൾ ഉണ്ട്. വൈദ്യുതി, നാഫ്ത, പെട്രോളിയം, കൽക്കരി തുടങ്ങിയ ഇന്ധനങ്ങൾ ഇതിനായി ഉപയോഗിക്കപ്പെടുന്നു. ഇന്ധനങ്ങളുടെ ശേഖ

രവും ലഭ്യതയും പലപ്പോഴും പല തരത്തിലായിരിക്കും. വളം നിർമ്മിക്കുന്നതിനു വിവിധ കാലങ്ങളിൽ സ്ഥാപിച്ച ഫാക്ടറികൾ ഇത്തരം വിവിധ ഇന്ധനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അതിനാൽ ഉത്പാദന ചെലവിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നു.വളങ്ങൾക്ക് വലിയ ഡിമാന്റ് ഉണ്ടായപ്പോൾ ഈ ഫാക്ടറികൾ എല്ലാം മുഴുവൻ ശേഷിയും ഉപയോഗിച്ച് ഉത്പാദനം നടത്തി. ഈ കാലഘട്ടത്തിലാണ് ഫെർട്ടിലൈസർ പ്രൈസസ് കമ്മിറ്റിയുടെ ശിപാർശയെ തുടർന്ന് ഗവൺമെന്റ് 1977 ൽ റിട്ടെൻഷൻ പ്രൈസ് സ്കീം (വില നില നിർത്തൽ പദ്ധതി) നടപ്പാക്കിയത്. ഇതുവഴി ഓരോ ഫാക്ടറിക്കും 12 ശതമാനം നികുതി ഇളവ് ലഭിച്ചു. ഒരു നിബന്ധന മാത്രം. ഫാക്ടറികൾ പരമാവധി ശേഷി ഉപയോഗിക്കണം. കർഷകർക്കും വളത്തിന്റെ വിലയിൽ സബ്സിഡികൾ അനുവദിച്ചു. അങ്ങനെ ഉത്പാദകന്റെയും ഉപയോക്താക്കളുടെയും അധിക ബാധ്യത ഗവൺമെന്റ് ഏറ്റെടുത്തു. ഇതിന്റെ ഫലമായി രാസവളങ്ങൾ വളരെ തുഛമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമായി തുടങ്ങി. ഒപ്പം വളം നിർമ്മാണത്തിനായി സംരംഭകർ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്തു.ഹരിതവിപ്ലവത്തെ വിജയത്തിലേയ്ക്കു നയിച്ച ഒരു ഘടകം ഇതായിരുന്നു. എന്നാൽ ഈ വളം സബ്സിഡി നൈട്രജൻ വളമായ യൂറിയായുടെ നിർമ്മാണത്തിൽ മാത്രമെ ഗവൺമെന്റ് നല്കിയുള്ളു. ഇതേസമയം പൊട്ടാഷും ഫോസ്ഫറസും ചേർന്നുള്ള വളങ്ങളത്രയും ഇറക്കുമതി ചെയ്യുകയുമായിരുന്നു(ആസൂത്രണ കമ്മിഷൻ 2011). വില കുറവായിരുന്നതിനാൽ കർഷകർ വളങ്ങൾ ഒരു പിശുക്കും കൂടാതെ ഉപയോഗിക്കുകയും ചെയ്തു. അതായത് 1970 –71 ൽ ഒരു ഹെക്ടറിൽ വെറും 13 കിലോഗ്രാം രാസവളം ഉപയോഗിച്ചിരുന്ന സ്ഥാനത്ത് 1980 –81 ൽ അത് 31 കിലോഗ്രാമായി.

**ജലസേചന സൗകര്യങ്ങളിലെ വർധന**

വിത്തുകൾ, വളങ്ങൾ എന്നിവയ്ക്കു പുറമെ അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷിക്ക് ആവശ്യമായ മൂന്നാമത്തെ ഘടകം കൃത്രിമ ജലസേചനമായിരുന്നു. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾക്ക് അത്ര വലിയ അളവിൽ ജലം ആവശ്യമില്ല. പക്ഷെ, വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും വെള്ളം വേണം. അല്ലെങ്കിൽ വിളവ് കുറയും. കൃഷിയിടങ്ങളിലെ ജലസേചനസൗകര്യങ്ങൾ വേണ്ടത്ര വർധിപ്പിച്ചില്ലായിരുന്നെങ്കിൽ ഇന്ത്യയിൽ ഹരിതവിപ്ലവം സംഭവിക്കുമായിരുന്നില്ല.

**ജലസേചന നയത്തിലെ വീഴ്ച്ചകൾ**

1960 കൾ വരെ ഇന്ത്യയുടെ പൊതു ജലസേചന നയത്തിന്റെ സവിശേഷത സംഭരണികളിൽ ലഭ്യമായ ജലം കൊണ്ട് സംരക്ഷിത ജലസേചനം നടത്തുക എന്നതായിരുന്നു. മഴ ലഭിക്കാതെ കഷ്ടപ്പെടുന്ന എല്ലാ കൃഷിക്കാർക്കും കനാലുകളിലൂടെ അത് തുല്യമായി നല്കിവന്നു. പരമാവധി ആദായം ലഭ്യമാക്കുക എന്നതായിരുന്നു ഈ നയത്തിന്റെ ലക്ഷ്യം. കർഷകരാകട്ടെ പ്രധാന വിളകൾക്കു പകരം കരിമ്പു പോലുള്ള നാണ്യവിളകൾ കൃഷി ചെയ്ത് കൂടുതൽ വരുമാനം ഉണ്ടാക്കി. ഇതു നിരുത്സാഹപ്പെടുത്തുന്നതിനായി ഗവൺമെന്റ് നാണ്യവിളകളിൽ നികുതി ഏർപ്പെടുത്തി. കർഷകർ അതു ഒഴിവാക്കുകയും ചെയ്തു.

അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിലൂടെ കൃഷിക്കാർക്ക് നല്ല ലാഭം ലഭ്യമാക്കണമായിരുന്നു. അതിനാണ് ജലസേചന നയത്തിൽ മാറ്റം വരുത്തിയത്. ജലസേചനം ഒരേ സമയം സംരക്ഷിതവും ഉത്പാദനപരവുമാക്കി. രണ്ടു തലത്തിലാണ് ഈ മാറ്റം നടപ്പാക്കിയത്. ഗവൺമെന്റ് തലത്തിൽ ജലസേചന സൗകര്യങ്ങൾ വർധിപ്പിച്ചു. ഉപരിതല ജലസേചനത്തിനായി കനാൽ സംവിധാനം വ്യാപകമാക്കി, ചെറുകിട ജലസേചന പദ്ധതികളും ഇതിനായി പ്രയോജനപ്പെടുത്തി. കർഷകരുടെ ഭാഗത്തു നിന്ന് ഭൂഗർഭജലം ശേഖരിച്ച് ജലസേചനം നടത്തുന്നതിനായി കുഴൽ കിണറുകൾ നിർമ്മിക്കപ്പെട്ടു. ഇവയുടെ നിർമ്മാണത്തിനാവശ്യമായ പണം ബാങ്കുകളിൽ നിന്നു വായ്പയായും, പമ്പിങ്ങിനുള്ള ഡീസലും വൈദ്യുതിയും സൗജന്യ നിരക്കിലും കർഷകർക്കു ലഭ്യമാക്കി. നയത്തിലുണ്ടായ അടിസ്ഥാനപരമായ ഈ മാറ്റത്തിലൂടെ ജലസേചന സൗകര്യമുള്ള സ്ഥലത്തിന്റെ മൊത്തം വിസ്തൃതി 1970 – 71 ലെ 38.2 ദശലക്ഷം ഹെക്ടറിൽ നിന്ന് 1990 – 91 ൽ 89.4 ദശലക്ഷം ഹെക്ടറിൽ എത്തി. ഇത് കാർഷിക ഉത്പ്പന്നങ്ങളുടെ വിളവിൽ വൻ വർധന ഉണ്ടാക്കി. പ്രത്യേ

കിച്ച് വേനൽ കാല ഉത്പാദനത്തിൽ. ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം കുത്തനെ ഉയർന്നു. 1970 –71 ൽ 108.4 ദശലക്ഷം ടൺ ആയിരുന്ന ധാന്യ ഉത്പാദനം 2012 –13 ൽ 255.36 ദശലക്ഷം ടൺ ആയി.

**കാർഷിക വില നയം**

1965 ലെ പുതിയ കാർഷിക നയം ആദ്യം ഊന്നൽ നല്കിയത് അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് ഉത്പാദനം വർധിപ്പിക്കുക എന്നതിലായിരുന്നു. രണ്ടാമത് ഇത്തരം അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് ഉത്പാദനം വർധിപ്പിക്കുന്ന കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ നല്കുന്നതിനും. അത്യുത്പാദന ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്ത് കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് അവരെ സഹായിക്കാനും പുതിയ നയത്തിൽ തീരുമാനം ഉണ്ടായിരുന്നു. ഇതിൽ ഒന്നാണ് കുറഞ്ഞ താങ്ങുവില നിർണയം. വിളവെടുപ്പ് സമയത്ത് വിപണിയിൽ ഉത്പ്പന്നങ്ങൾക്ക് വില താഴുമ്പോൾ കർഷകരെ സഹായിക്കാൻ ഗവൺമെന്റ് നിശ്ചിത വിലയ്ക്ക് അവ സംഭരിക്കുന്ന സമ്പ്രദായമാണിത്. സത്യത്തിൽ അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് വൻ തോതിൽ കൃഷി ചെയ്യുമ്പോൾ ഉത്പാദനം വർധിക്കുകയും, പൊതുവിപണിയിൽ വിലകൾ താഴുകയും ചെയ്യുമെന്ന് മുൻകൂട്ടി കണ്ട് വിള ഇൻഷുറൻസ് ഏർപ്പെടുത്തേണ്ടതായിരുന്നു. 1965 ൽ കാർഷിക വില നിർണയ കമ്മിഷൻ കാർഷികോത്പ്പന്നങ്ങളുടെ വിലനിർണയിക്കുന്നത് ഉത്പാദകരുടെ (കൃഷിക്കാർ)യും ഉപഭോക്താക്കളുടെയും പൊതു സമൂഹത്തിന്റെയും സമ്പദ്ഘടനയുടെയും താല്പര്യങ്ങൾ കൂടി സംരക്ഷിച്ചുകൊണ്ട് ആയിരിക്കണമെന്ന് ഗവൺമെന്റിനോട് ശിപാർശ ചെയ്യുകയുണ്ടായി. മൂന്നു തരത്തിലുള്ള വിലകളാണ് കാർഷിക വില നിർണയ കമ്മിഷൻ ശിപാർശ ചെയ്തത്. പരമാവധി താങ്ങു വില, സംഭരണവില, വിതരണ വില. ഇതിൽ ആദ്യത്തേത് മുമ്പു സൂചിപ്പിച്ചതാണ്. പൊതു വിപണിയിൽ വിലയിടിയുമ്പോൾ കർഷകരെ സഹായിക്കാനാണിത്. വിലയിടിവിനു തൊട്ടു മുമ്പ് വിപണിയിലുണ്ടായിരുന്ന ശരാശരി വിലയുടെ തൊട്ടടുത്തായിരിക്കണം ഇത്. പൊതവിതരണത്തിനായി ഗവൺമെന്റ് ധാന്യങ്ങൾ വാങ്ങുന്ന വിലയാണിത്. ഇത് താങ്ങു വിലയെക്കാൾ കൂടുതലായിരിക്കും. പക്ഷെ വിപണി വിലയുടെ താഴെയുമായിരിക്കും. മൂന്നാമത്തെ വില റേഷൻ കടകൾ വഴി ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുമ്പോൾ ഈടാക്കുന്ന നാമമാത്രമായ വില. ഇത് സംഭരണ വിലയെക്കാൾ വളരെ താഴെയായിരിക്കും. വാങ്ങൽ, സംഭരണം, ഗതാഗതം എന്നിവയ്ക്ക് ഉണ്ടാകുന്ന ചെലവുകൾ നികത്തുക എന്നതു മാത്രമെ ഇതുകൊണ്ട് ഉദ്ദേശിക്കുന്നുള്ളു. ഉപഭോക്താക്കളുടെ പ്രത്യേകിച്ച് പാവപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടിയാകയാൽ വൻ തോതിൽ സബ്സിഡി ഉണ്ടായിരിക്കും ഇതിന്. നിർഭാഗ്യവശാൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ചില ഉപജാപക സംഘങ്ങൾ ഇടപെട്ടതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങളുടെ സംഭരണവിലയും താങ്ങുവിലയും തമ്മിലുള്ള അന്തരം ഇല്ലാതായിപ്പോയി. അതിനാൽ എത്രയധികം ഭക്ഷ്യധാന്യങ്ങൾ ലഭിച്ചാലും ഗവൺമെന്റ് അത് താങ്ങുവില നല്കി വാങ്ങാൻ തയാറാണ്. മാത്രവുമല്ല ഇടയ്ക്കിടെ താങ്ങുവില വർധിപ്പിക്കുന്നു എന്ന് ഈ ഉപജാപക സംഘം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

**വീഴ്ച്ചകൾ**

താങ്ങുവിലകൾ, സബ്സിഡികൾ, സജ്ജമായ വിപണി തുടങ്ങിയ സംവിധാനങ്ങൾ സംജാതമായതോടെ ഹരിതവിപ്ലവ കാലത്ത് കാർഷിക മേഖലയിൽ വൻ കുതിപ്പാണ് അനുഭവപ്പെട്ടത്. എന്നിരുന്നാലും കാർഷിക നയത്തിന്റെ ഊന്നൽ കാർഷികോത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുക എന്നതിലായിരുന്നു. ഗവൺമെന്റിന്റെ എല്ലാ ഇടപെടലുകളും അതിനുവേണ്ടിയുള്ളതായിരുന്നു. പക്ഷെ ഇവ സുസ്ഥിരമായിരിക്കണം എന്ന കാര്യം ആരും പരിഗണിച്ചില്ല. അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗം മൂലം സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ ഉണ്ടായിട്ടും കർഷകർ അതുപേക്ഷിക്കാതെ വന്നിട്ടും ഇതിനെകുറിച്ച് ആരും ചിന്തിച്ചില്ല.

**വള നയം**

ദശലക്ഷക്കണക്കിന് കർഷകരാണ് അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് കൃഷിക്ക് തയാറായി സ്വമേധയാ മുന്നോട്ടു വന്നത്.

എന്നാൽ യൂറിയയ്ക്കുള്ള സബ്സിഡി മറ്റു വളങ്ങളുടെ ഉപയോഗത്തിൽ വലിയ അസന്തുലിതാവസ്ഥ സൃഷ്ടിച്ചു. ഇത് ശാസ്ത്രീയ ശിപാർശകൾക്ക് എതിരായിരുന്നു. ഈ നീക്കം മണ്ണിന്റെ പുഷ്ടിയെയും തദ്വാര വിളവിനെയും പ്രതികൂലമായി ബാധിച്ചു. മണ്ണിന്റെ ഉത്പാദനക്ഷമത കുത്തനെ താഴുകയായിരുന്നു. വളം നിർമ്മാണ വ്യവസായത്തിന് വൻ തോതിൽ ഇന്ധനം ആവശ്യമാണ് . പ്രകൃതി വാതകം നാഫ്ത, പെട്രോളിയം, കൽക്കരി എന്നിവയാണ് ഇതിന് പൊതുവെ ഉപയോഗിക്കുന്നത്. യൂറിയയുടെ ഉത്പാദനത്തിന് പ്രകൃതി വാതകം, ഉപയോഗിച്ചാൽ താരതമ്യേന ചെലവ് കുറയ്ക്കാൻ സാധിക്കും. മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് വായു മലിനീകരണവും കുറവായിരിക്കും. 2003 ലെ പുത്തൻ വില നയത്തെ തുടർന്ന് നാഫ്ത ഉപയോഗിച്ചിരുന്ന വളം നിർമ്മാണ ഫാക്ടറികൾ ഉത്പാദനം നിർത്തി. നാഫ്ത ഉപയോഗിച്ചിരുന്ന എല്ലാ ഫാക്ടറികളും പ്രകൃതി വാതകത്തിലേയ്ക്ക് മാറിയില്ലെങ്കിൽ 2014 ജൂൺ 30 മുതൽ സബ്സിഡികൾ അനുവദിക്കുന്നതല്ല എന്ന് ഗവൺമെന്റ് പുതിയ ഉത്തരവ് ഇറക്കി. ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം വളം ഉത്പാദനത്തിലെ വില മാറ്റങ്ങൾ ഹരിതവിപ്ലവ സാങ്കേതിക വിദ്യയുടെ അനുബന്ധമായിരുന്നില്ല. അവ വളം നിർമ്മാണ ഫാക്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനായിരുന്നു. ഈ നയത്തിന്റെ മറ്റൊരു വിപരീത ഫലം വളം സബ്സിഡി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ അമിത ഭാരമായിരുന്നു. തുടക്കം മുതൽ ഇന്ത്യാഗവൺമെന്റ് വളം സബ്സിഡി വർധിപ്പിക്കുക മാത്രമെ ചെയ്തിട്ടുള്ളു. വളം സബ്സിഡി വെട്ടിച്ചുരുക്കിയാൽ ഖജനാവിന്റെ ഭാരം കുറയ്ക്കാമായിരുന്നു. ഒപ്പം യൂറിയായുടെ ഉപയോഗവും. ഇതു പക്ഷെ ഭക്ഷ്യധാന്യ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും. കാരണം വളത്തിന്റെ വില വർധിപ്പിച്ചാൽ കർഷകർ അതിന്റെ ഉപയോഗം തന്നെ ഉപേക്ഷിച്ചേക്കാം. അതിനാൽ വളം സബ്സിഡികൾ വെട്ടിച്ചുരുക്കുന്നതിന് രാഷ്ട്രീയ കക്ഷികളും എതിരാണ്.

**ജലസേചന നയത്തിലെ വീഴ്ചകൾ**

രണ്ടു ദശാബ്ദക്കാലം (1965 - 1985) ജലത്തിന് വളരെ തുഛമായ കരമാണ് ഗവൺമെന്റ് ഈടാക്കിയിരുന്നത്. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു മാത്രമായിരുന്നു ഈ നടപടി. 1987 ൽ മാത്രമാണ് ആസൂത്രണ കമ്മിഷന്റെ നിർദ്ദേശപ്രകാരം വെള്ളക്കരം വർധിപ്പിക്കാൻ ഗവൺമെന്റ് തയാറായത്. അതും പ്രവർത്തന ചെലവ് മാത്രം. എന്നിട്ടും പല സംസ്ഥാനങ്ങൾക്കും ജലസേചന പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പണം വെള്ളക്കരത്തിൽ നിന്ന് ഇനിയും ലഭിക്കുന്നില്ല. ഈ നഷ്ടം ഗവൺമെന്റുകളുടെ സാമ്പത്തിക കമ്മി വർധിപ്പിക്കുന്നു. വെള്ളക്കരം വർധിപ്പിക്കാനുള്ള നീക്കങ്ങളെ കർഷകരുടെ സംഘടനകൾ ശക്തമായി എതിർക്കുന്നു. വെള്ളക്കരം ഒരു വശം മാത്രം. ഡീസൽ, വൈദ്യുതി പമ്പിങ് സബ്സിഡിയാണ് മറ്റൊരു വശം. ഇതിന് ഹരിതവിപ്ലവവുമായി അടുത്ത ബന്ധമുണ്ട്.

**ഇന്ധന, വൈദ്യുതി സബ്സിഡി**

കൃഷിയിടം നനയ്ക്കുന്നിന് ഭൂഗർഭജലം വ്യാപകമായി ഉപയോഗിക്കുന്നത് ഗ്രാമങ്ങളിലാണ്. സ്ഥിരമായ ഈ ജലസ്രോതസിന്റെ പ്രാധാന്യവും ഊർജ്ജ സബ്സിഡിയും മനസിലാക്കിയ കൃഷിക്കാർ ഒരു വലിയ വോട്ട് ബാങ്കിനു രൂപം കൊടുത്തിരിക്കുന്നു. മാത്രവുമല്ല കാർഷിക വരുമാനത്തിന് ഇന്ത്യയിൽ നികുതി ഇല്ല. തന്മൂലം ധാരാളം വ്യാജ കർഷകർ അവരുടെ ഇതര വരുമാനങ്ങളെ കാർഷിക വരുമാനങ്ങളാക്കി മാറ്റുന്നു. ഇവരാണ് ഈ വോട്ട് ബാങ്കുകൾ ശക്തമായി നിലനിർത്തുന്നത്. കാർഷിക മേഖലയിലെ ജലസേചന സൗകര്യങ്ങൾക്കായി സൗജന്യ നിരക്കിലും പലപ്പോഴും സൗജന്യമായും വൈദ്യുതി നല്കുന്ന രീതി പാരിസ്ഥിതകവും സാമ്പത്തികവുമായ പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുമുണ്ട്. ഭൂഗർഭജലം അധികമായി പമ്പുചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ, താഴ്ന്ന് പോകുന്ന ഭൂഗർഭ ജലവിതാനം തുടങ്ങിയവ ജലക്ഷാമത്തിനു കാരണമാകുന്നു. പലയിടത്തും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.

ജലസേചനത്തിന് സൗജന്യമായും സൗജന്യ നിരക്കിലും നല്കുന്ന വൈദ്യുതി എല്ലാ തരത്തിലും സാമ്പത്തിക ബാധ്യതകൾ സൃഷ്ടിക്കുന്നു. പലപ്പോഴും വൈദ്യുതി മോഷ്ടിക്കപ്പെടുന്നു. വിതരണത്തിലും പ്രസരണത്തിലും സംഭവിക്കുന്ന

നഷ്ടം വേറെ. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം നഷ്ടങ്ങളെല്ലാം ഇന്ത്യയിൽ വളരെ ഉയർന്ന തോതിലാണ്. കാർഷികാവശ്യങ്ങൾക്കുള്ള സബ്സിഡി വൈദ്യുതി ബോർഡുകൾക്കു വരുത്തുന്ന നഷ്ടം മറ്റു പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. യഥാർത്ഥത്തിൽ രാജ്യത്തെ പ്രവചനാതീതമായ വൈദ്യുതി സബ്സിഡി പാവങ്ങളെ സംബന്ധിച്ച് ഒരു പ്രധാന വിഷയമാണ്. കണക്കുകൾ പ്രകാരം 12.5 ശതമാനം വൈദ്യുതിയാവശ്യങ്ങൾ നിറവേറ്റാൻ നമുക്ക് സാധിക്കുന്നില്ല. നഗരങ്ങളിൽ ദിവസവും നാലു മണിക്കൂർവരെയാണ് പവർകട്ട്. കൃഷിക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നല്കുന്നതു മൂലം അതിന്റെ നഷ്ടം സഹിക്കുന്നത് രാജ്യത്തെ വ്യവസായവാണിജ്യ മേഖലകളാണ്. വ്യാവസായിക ആവശ്യത്തിനുള്ള വൈദ്യുതിക്ക് ചാർജും കൂടുതൽ നല്കണം. കർണാടകത്തിലും ഗുജറാത്തിലും വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക്, സാധാരണ വൈദ്യുതി നിരക്കിനെക്കാൾ 153 ശതമാനം വില കൂടുതലാണ്. വില കൂടുതൽ നല്കിയാലും ഇടയ്ക്കിടെ പവർകട്ടും. ലോകബാങ്കിന്റെ കണക്കു പ്രകാരം ഇന്ത്യയുടെ സാമ്പത്തിക വികസനത്തിനുള്ള ഏക തടസം വളരെ നിലവാരം കുറഞ്ഞ വൈദ്യുതിയും അതിന്റെ വിതരണ സംവിധാനവുമാണ്.

**കാർഷിക സാമഗ്രി വിലയിലെ വീഴ്ച്ചകൾ**

രാജ്യത്തെ ഹരിതവിപ്ലവത്തെ നിലനിർത്തുന്നതിനായി ഭക്ഷ്യധാന്യ കോർപ്പറേഷൻ വഴി നടപ്പാക്കിയ പുതിയ വില നയത്തിനും ചില എതിർ ഫലങ്ങൾ ഉണ്ടായി. ഒന്ന്, സബ്സിഡികൾ സാമൂഹികമായും സാമ്പത്തികമായും വലിയ ഗുണം ചെയ്തില്ല. ഭക്ഷ്യധാന്യ കോർപ്പറേഷൻ വഴി ധാന്യങ്ങൾ സംഭരിക്കുന്നതിനും വാഹനങ്ങളിൽ കൊണ്ടു പോകുന്നതിനും ശേഖരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ കാര്യക്ഷമമായില്ല. സാമ്പത്തിക സമ്മർദ്ദങ്ങൾ കുറയ്ക്കാൻ നടത്തിയ ശ്രമങ്ങളെ രാജ്യത്തെ കാർഷിക ഉപശാലകൾ എതിർത്തു തോല്പ്പിച്ചു കളഞ്ഞു.

രണ്ടാമത് വിലനയം രാജ്യത്തെ പൊതു വിതരണ സമ്പ്രദായവുമായി ചേർന്ന് ഇരട്ട വിപണി സൃഷ്ടിച്ചു. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ന്യായ വില ഷാപ്പുകളും സ്വകാര്യ വ്യക്തികൾ പ്രവർത്തിപ്പിക്കുന്ന പൊതു വിപണിയും. വിലകുറഞ്ഞ വിപണിയിൽ നിന്ന് വില കൂടുതലുള്ള വിപണിയിലേയ്ക്ക് ചരക്കുകൾ ചോർന്നുകൊണ്ടിരുന്നു. ഇതേ തുടർന്നാണ് സ്വകാര്യ മേഖലയിലെ ഭക്ഷ്യധാന്യങ്ങളുടെ ചരക്കു നീക്കം ഗവൺമെന്റ് നിയന്ത്രിച്ചത്. ഇത് കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനും കാരണമായി.

മൂന്നാമത്, കാർഷിക ഉപശാലകൾ പോലുള്ള ഗ്രൂപ്പുകൾ രൂപപ്പെടുകയും വിലനിർണയത്തിലും മറ്റും അവ ഗവൺമെന്റിനു മേൽ സമ്മർദ്ദങ്ങൾ പ്രയോഗിച്ചു തുടങ്ങുകയും ചെയ്തു. ഇതുമൂലമാണ് അന്താരാഷ്ട്ര വിപണിയിൽ ഭക്ഷ്യധാന്യ വില കുതിക്കുമ്പോൾ ഇവിടെ താങ്ങുവില വർധിപ്പിക്കാൻ ഗവൺമെന്റിനു മേൽ സമ്മർദ്ദം ഉണ്ടാകുന്നത്.

നാലാമത്, എല്ലാ കാർഷിക വിപണികളും പൂർണമായി മത്സരക്ഷമമല്ല. വിലകളിലെ മാറ്റങ്ങൾ എല്ലായിടത്തുമുണ്ട്. വിപണി നയങ്ങളും വ്യത്യസ്തമാണ്. 2002 ലും മറ്റും മിച്ചം വന്ന ധാന്യങ്ങൾ സബ്സിഡിയോടെ കയറ്റുമതി ചെയ്യേണ്ടി വന്നു. അന്ന് 82 ദശലക്ഷം ടണ്ണായിരുന്നു ന്മുടെ ഭക്ഷ്യധാന്യ ശേഖരം.

അഞ്ചാമതായി, ഉറുഗ്വേ ഉച്ചകോടി പോലുള്ള ചില കരാറുകളും ഇന്ത്യയുടെ കാർഷിക മേഖലയിലെ പ്രതിജ്ഞാബദ്ധതയെ പ്രതികൂലമായി ബാധിച്ചു. പ്രത്യേകിച്ച് ഭക്ഷ്യസുരക്ഷയെ. 2001 ൽ ദോഹ ഉഭയകക്ഷി വ്യാപാര കരാറിലും ഇന്ത്യ ഒപ്പുവച്ചു. ഹരിതവിപ്ലവത്തെ പിന്തുണയ്ക്കുന്നതിനായി നേരത്തെ നടപ്പാക്കിയ ചില നയങ്ങളും നടത്തിയ ഇടപെടലുകളും മൂലം ഇന്ത്യ ഇപ്പോൾ എടുക്കുന്ന വ്യാപാര തീരുമാനങ്ങൾ കൊണ്ട് വലിയ പ്രയോജനം ഇല്ല എന്നതാണ് സത്യം.

**ഉപസംഹാരം**

1960 കളുടെ മധ്യത്തിൽ രാജ്യത്ത് അനുഭവപ്പെട്ട ഭക്ഷ്യ ക്ഷാമം പരിഹരിക്കുന്നതിനായി പല ഘടകങ്ങളാണ് നമ്മെ സഹായിച്ചത്. അവയിൽ പ്രധാനം, അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളിലൂടെ കാർഷിക മേഖലയിൽ നാം നേടിയ വിജയമാണ്. സാങ്കേതിക വിദ്യയുടെ പിന്തുണയോടെ കൈവരിച്ച ഈ നേട്ടത്തെയാണ് പിന്നീട് ഹരിത വിപ്ലവം എന്നു വിളിച്ചത്.

ലോകപ്രശസ്തരായ കാർഷിക ശാസ്ത്ര

ജ്ഞരുടെ സഹായത്തോടെ 1965-ലാണ് നാം പുതിയ കാർഷിക തന്ത്രങ്ങൾ ആവിഷ്കരിച്ചത്. പുതിയ സാങ്കേതിക വിദ്യയും അത്യുത്പാദന ശേഷിയുള്ള വിത്തുകളും പുതിയ വളങ്ങളും എല്ലാം രാജ്യത്ത് കാർഷിക മേഖലയിൽ ഉപയോഗിച്ചു. ഹരിത വിപ്ലവത്തിന്റെ വിജയത്തിന് പല നയങ്ങളുടെയും സ്ഥാപനങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഇടപെടൽ ഉണ്ടായി. ഇത് രാജ്യത്ത് സാമ്പത്തികവും പാരിസ്ഥിതികവുമായ പല വീഴ്ച്ചകൾക്കും കാരണമായി. അവയുടെ വിശകലനമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിച്ചത്.

ഹരിതവിപ്ലവവുമായി ബന്ധപ്പെട്ട നയങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ഇടപെടലുകളിൽ ഒരു പൊതു പ്രമേയം കാണാൻ സാധിക്കും. ഇന്ത്യയിൽ ഹരിത വിപ്ലവത്തിന്റെ വിജയത്തിനായി സംഭാവനകൾ നല്കിയ എല്ലാ ഘടകങ്ങളും കുത്തനെ കുറഞ്ഞ കാർഷിക ഉത്പാദനവും ഉത്പാദനക്ഷമതയും പോലെ അതു വരുത്തിവച്ച പാരിസ്ഥിതികവും സാമ്പത്തികവുമായ വീഴ്ച്ചകളുടെ പേരിൽ ഇന്നു ദുഖിക്കുകയാണ്. പലതും സാമൂഹിക നന്മയ്ക്കു വേണ്ടിയായിരുന്നില്ല. രാഷ്ട്രിയ ലക്ഷ്യങ്ങൾ മുൻ നിർത്തിയായിരുന്നു. അതിനാൽ ഈ നയങ്ങളുടെ പുനർ വിചിന്തനത്തിനു സമയമായിരിക്കുന്നു. അവയുടെ സാമൂഹിക നന്മകൾ നിലനിർത്തിക്കൊണ്ടുള്ള ഒരു പരിഷ്കരണത്തിന് ഗവൺമെന്റ് സാവകാശം നടപടികൾ ആരംഭിക്കണം. ഇതു വഴി വന്നു ഭവിച്ച എല്ലാ പ്രശ്നങ്ങൾക്കും സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരങ്ങൾ കാണേണ്ടിയിരിക്കുന്നു.

**ഈ ലേഖനത്തോട് ഹരിതവിപ്ലവത്തിന്റെ ശില്പി ഡോ.എംഎസ് സ്വാമിനാഥന്റെ പ്രതികരണം**

“1960 കളിൽ ഇന്ത്യയെ ഹരിതവിപ്ലവത്തിലേയ്ക്കു നയിച്ച സാങ്കേതികവും നയപരവുമായ ഇടപെടലുകളെ, പ്രൊഫ.ടിഎൻ ശ്രീനിവാസനും ശ്രീ. പവൻ കട്ക്കറും ചേർന്ന് വിശകലനം ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. വിവിധ വകുപ്പുകൾ ചേർന്ന് ഒരുമയോടെ പ്രവർത്തിച്ചതിന്റെ ഫലമായി സംഭവിച്ച ശ്രുതിമധുരമായ ഒരു സംഗീതമായി ഹരിത വിപ്ലവത്തെ കാണാനാണ് എനിക്ക് ഇപ്പോഴും ഇഷ്ടം. സാങ്കേതിക വിദ്യയുടെ ഏകോപനം, രാജ്യത്തിന്റെ പൊതു നയം, കർഷകരുടെ ഉത്സാഹം എന്നിവ മൂലമാണ് നെല്ല്, ഗോതമ്പ് തുടങ്ങിയ വിളകളിൽ വൻ ഉത്പാദന വർധന നേടാൻ 1960 കളിൽ നമുക്കു സാധിച്ചത്. രാജ്യത്തെ സാധാരണക്കാരായ കർഷകർ സാങ്കേതിക വിദ്യയും സേവനങ്ങളും വിത്തും വളവും നയങ്ങളും കൊണ്ടു സാധിച്ച ഈ നേട്ടത്തെ മാത്രമല്ല, സാങ്കേതിക വിദ്യയുടെ ദുരുപയോഗം മൂലം വന്നുചേർന്ന അനന്തര ഫലങ്ങളെയും ലേഖകർ വിശകലനം ചെയ്തതിൽ സന്തോഷമുണ്ട്. അതുകൊണ്ടാണ് പരിസ്ഥിതിയെ ഹനിക്കാതെ ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള ആവശ്യകതയെ സൂചിപ്പിക്കുന്നതിന് നിത്യ ഹരിത വിപ്ലവം എന്ന പുതിയ വാക്ക് ഞാൻ ഉപയോഗിക്കുന്നത്. നിർഭാഗ്യവശാൽ ഹരിതവിപ്ലവത്തിൽ ഭൂഗർഭജലത്തിന്റെ ഉപയോഗം മുതൽ വളപ്രയോഗം, ഊർജ്ജ വിനിയോഗം തുടങ്ങിയവയിലെല്ലാം വീഴ്ച്ചകൾ സംഭവിച്ചു. നാം സബ്സിഡികൾ നല്കിയത് പാരിസ്ഥിതിക ആത്മഹത്യയ്ക്കായിരുന്നു. എങ്കിലും 60 കളിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നാഷണൽ സീഡ് കോർപ്പറേഷൻ, കാർഷിക വില നിർണയ കമ്മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ നിർവഹിച്ച നിർണായകമായ സേവനത്തെ കുറിച്ച് ലേഖനം ചർച്ച ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ആത്യന്തികമായി അവസരങ്ങൾക്കും വിപണികൾക്കും മാത്രമെ കർഷകരെ ഉത്തേജിപ്പിക്കാനും ഉത്പാദനം വർധിപ്പിക്കാനും സാധിക്കുകയുള്ളു. ഇന്ത്യയുടെ കാർഷിക രൂപാന്തരീകരണത്തിന്റെ ചരിത്രത്തിൽ താല്പര്യമുള്ള എല്ലാവരും ഈ ലേഖനം ഇഷ്ടപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. എന്തു തന്നെ ആയാലും കപ്പലിൽ നിന്ന് വായിലേയ്ക്ക് എന്ന അവസ്ഥയിൽ (വല്ലവരുടെയും ഔദാര്യത്തിൽ) നിന്ന്, സ്വന്തമായി ഉത്പാദിപ്പിച്ച ഭക്ഷണത്തിന് അവകാശികളായി നാം ഉയർന്നിരിക്കുന്നു എന്ന വസ്തുത നമുക്ക് വളരെ അഭിമാനകരമല്ലേ. അതെ, തീർച്ചയായും അതെ”.

**ശ്രീനിവാസൻ മദ്രാസ് ഐഐറ്റി പ്രഫസറും കട്കർ അമേരിക്കയിലെ റാന്റ് കോർപറേഷൻ പോളിസി അനലിസ്റ്റുമാണ്.**

പ്രത്യേക ലേഖനം

# അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളും വളരുന്ന വിപണികളും

**അലോക് ഷീൽ**

**വളർച്ചാ മുരടിപ്പ്, വിദേശ നാണ്യ പ്രതിസന്ധി, ധനകമ്മി, അനാരോഗ്യകരമായി പെരുകുന്ന കടം തുടങ്ങി വികസ്വര സമ്പദ് വ്യവസ്ഥകളുടേതായി കണക്കാക്കിയിരുന്ന പല പ്രശ്നങ്ങളും ഇപ്പോൾ വികസിത സമ്പദ് വ്യവസ്ഥകളുടെയും ഭാഗമാണ്. ഘടനാപരമായ മാറ്റങ്ങൾക്കും പരിഷ്കരണങ്ങൾക്കും അവരും സന്നദ്ധമായിക്കഴിഞ്ഞു. എന്നാൽ ഇതിന് അനുസൃതമായി ബ്രെറ്റൻവുഡ് സ്ഥാപനങ്ങളുടെ ഓഹരി ഘടനയിൽ മാറ്റം വരേണ്ടതുണ്ട്.**

**ര**ണ്ടാം ലോക മഹായുദ്ധത്തിന് ശേഷം അമേരിക്കൻ ഐക്യനാടുകളിലെ ബ്രെറ്റൺ വുഡ്സിൽ ചേർന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ഒപ്പുവച്ച ഉടമ്പടിയനുസരിച്ച് നിലവിൽ വന്ന സ്ഥാപനങ്ങളാണ് ലോക ബാങ്കും അന്താരാഷ്ട്ര നാണയ നിധിയും. അതിനാൽ ബ്രെറ്റൺ വുഡ്സ് സ്ഥാപനങ്ങൾ എന്ന് ഈ അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങൾ അറിയപ്പെടുന്നു.

യുദ്ധം നാമാവശേഷമാക്കിയ യൂറോപ്പിന്റെ പുനർ നിർമ്മാണത്തിന് അമേരിക്കയുടെ വിഭവങ്ങൾ എത്തിക്കുകയെന്നതായിരുന്നു ലോകബാങ്കിന്റെ ലക്ഷ്യം. 1930 കളിലെ മാന്ദ്യത്തെ തുടർന്ന് തകർച്ചയിലായ അന്താരാഷ്ട്ര ധനസംവിധാനത്തെ സ്ഥിരതപ്പെടുത്തുകയായിരുന്നു ഐ.എം. എഫിന്റെ ലക്ഷ്യം.

യൂറോപ്പിന്റെ ത്വരിത ഗതിയിലുള്ള പുനർ നിർമ്മാണത്തിനും 1971 ൽ അമേരിക്ക സ്വർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നാണയത്തിന്റെ മൂല്യ നിർണ്ണയം ഉപേക്ഷിച്ചതിനെ തുടർന്ന് പ്രധാന കറൻസികൾ രംഗത്ത് വന്നതിനും ശേഷം വികസ്വര രാജ്യങ്ങളുടെ ആവശ്യങ്ങൾ നേരിടാൻ ലോകബാങ്കും ഐം.എം.എഫും പ്രവർത്തന സജ്ജമായി.

വികസ്വര രാജ്യങ്ങളിൽ മൂലധനത്തിന്റെ അപര്യാപ്തത രൂക്ഷമായിരുന്നത് ഘടനാപരമായ

രണ്ട് തരം കമ്മികൾക്കിടയാക്കി. വിദേശ നിക്ഷേപങ്ങൾ എത്തിപ്പിടിക്കാൻ അവരെ പ്രാപ്തരാക്കിയ കറന്റ് അക്കൗണ്ട് കമ്മി, ഗവൺമെന്റുകൾ ധന കമ്മി നേരിടാൻ ഇടയാക്കിയ സേവിംഗ്സ് കമ്മി എന്നിവയാണവ. ധനകമ്മി പലപ്പോഴും കറന്റ് അക്കൗണ്ട് കമ്മിയിലേക്ക് വഴുതിവീഴുകയും ചെയ്യും. നിക്ഷേപവുമായി ബന്ധപ്പെട്ട ആഭ്യന്തര സേവിംഗ്സ്, മൊത്തം സഞ്ചിത ധനവുമായി ബന്ധപ്പെട്ട പൊതു നീക്കിയിരിപ്പ് എന്നീ ഇരട്ട കമ്മികൾ വികസ്വര രാജ്യങ്ങളിലെ വളർച്ചയുടെ പ്രധാന വിലങ്ങുതടിയായി കണക്കാക്കുന്നു.

വികസ്വര രാജ്യങ്ങളിലേക്കുള്ള സ്വകാര്യ മൂലധന പ്രവാഹം പരിമിതമായതിനാൽ അവർ ഉഭയകക്ഷി സഹായത്തെയും ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, ഇന്റർ അമേരിക്ക വികസന ബാങ്ക്, ആഫ്രിക്ക വികസനബാങ്ക് പോലുള്ള മേഖലാ ധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിക്കുന്നു. അടിസ്ഥാനസൗകര്യ മേഖലയിലെ വികസനത്തിന് ഭൗതികവും സാമൂഹ്യവുമായ തലത്തിൽ ലോകബാങ്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

ഇത്തരം സാമ്പത്തിക സഹായത്തിന്റെ ആവശ്യം പലപ്പോഴും അതത് രാജ്യങ്ങളിലെ കറൻസിയിലാണ്. വിദേശ നാണയത്തിലുള്ള ലോകബാങ്ക് സഹായം സൗജന്യ നിരക്കിലുള്ളതുമല്ല. എന്നിരുന്നാലും വിനിമയ നിരക്കിലെ പ്രതികൂല ഘടകങ്ങൾ അവഗണിച്ചും വികസ്വര രാജ്യങ്ങൾ അതിന് മുൻഗണന നൽകുന്നത് കാണാം. ആഭ്യന്തര വിപണിയിൽനിന്ന് കടമെടുക്കുന്നതിലും വിദേശ നാണയത്തിലുള്ള സഹായത്തിന് വികസ്വര രാജ്യങ്ങൾ മുൻഗണന നൽകാൻ കാരണം വിദേശ നാണ്യ കരുതൽ ശേഖരത്തിൽ വരാവുന്ന വിടവാണ്. വികസ്വര രാജ്യങ്ങളിലേക്കുള്ള മൂലധന പ്രവാഹം പൊടുന്നനെ നിലയ്ക്കാൻ പോലും സാധ്യതയുള്ളതിനാൽ ഐ.എം.എഫിന് ഇത്തരം സന്ദർഭങ്ങൾ നേരിടാൻ പ്രത്യേക സംവിധാനമുണ്ട്. 1991 ലെ ഗൾഫ് യുദ്ധത്തെ തുടർന്ന് ഇന്ത്യയുടെ വിദേശ നാണ്യ കരുതൽ ധനം ഒരു ബില്യൺ ഡോളർ എന്ന നിലയിലേക്ക് കൂപ്പുകുത്തി. ഈ പ്രതിസന്ധിയെ തുടർന്ന് വിദേശ കടം അടച്ചു തീർക്കാനുള്ള ഇന്ത്യയുടെ കഴിവിൽ ലോക രാജ്യങ്ങൾക്ക് വിശ്വാസം നഷ്ടമായ സ്ഥിതി വന്നു. ഇന്ത്യയുടെ വായ്പാ നിലവാരത്തിലും ഇടിവ് നേരിട്ടു. തുടർന്ന് കടുത്ത നിബന്ധനകളോടുകൂടിയ സാമ്പത്തിക സഹായ പദ്ധതി ഐ.എം.എഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചു. ഇന്ത്യയുടെ സാമ്പത്തിക നയങ്ങൾ സമൂലമായി ഉടച്ചു വാർക്കാനും ഉദാരവൽക്കരണം നടപ്പാക്കാനും ഇത് ഇടയാക്കി.

ഉഭയകക്ഷി-ബഹുകക്ഷി മാർഗ്ഗങ്ങളിലൂടെ വിദേശ നാണയം രാജ്യത്ത് എത്തിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക, അന്താരാഷ്ട്ര ധനക്രയ സ്ഥാപനങ്ങളിലേക്കുള്ള പരിമിത പ്രവേശനം മുൻനിർത്തി വിദേശ വാണിജ്യ കടമെടുപ്പ് പിടിച്ചു നിർത്തുക എന്നിവയിലായിരുന്നു ഇക്കാലത്ത് ധനമന്ത്രാലയത്തിന് കീഴിലെ വിദേശ ധനകാര്യ വിഭാഗത്തിന്റെ പ്രാഥമിക മുൻഗണന. വിദേശ നാണയവിനിമയ നിരക്ക് നിശ്ചയിക്കുകയും വിദേശ നാണയം അനുവദിക്കുന്നത് പ്രത്യേക വിദേശ നാണയ വിനിമയ ബജറ്റിലൂടെ ക്രമപ്പെടുത്തുകയും ചെയ്തു. ക്രൂഡോയിൽ ഇറക്കുമതിക്ക് വേണ്ടിവരുന്ന വൻതോതിലുള്ള വിദേശ നാണ്യ ആവശ്യം നേരിടാനായി സാമ്പത്തിക കാര്യവകുപ്പിൽ പ്രത്യേക വിഭാഗം തന്നെ ഉണ്ടായിരുന്നു. വിദേശ വ്യാപാര വിഭാഗത്തിന്റെ ലക്ഷ്യം വിദേശ നാണയത്തിന്റെ പരിപാലനവും ഇറക്കുമതിക്ക് പകരം വയ്ക്കലുമായി. സാമ്പത്തിക കാര്യവകുപ്പിലെ സുപ്രധാന വിഭാഗങ്ങൾ ഫണ്ട് ബാങ്കും വിദേശ വാണിജ്യ കടമെടുപ്പ് സംഘവും ആയിരുന്നു. ലോകബാങ്ക്, എ.ഡി.ബി, ഐ.എം.എഫ്, എന്നിവയിലൂടെയുള്ള വിദേശ നാണ്യത്തിലുള്ള കടമെടുപ്പ് പരമാവധിയാക്കുകയെന്നതിന് ഫണ്ട് ബാങ്ക് വിഭാഗം ഊന്നൽ നൽകി. വികസിത രാജ്യങ്ങളിൽ നിന്ന് പ്രത്യേക സഹായം ലഭ്യമാക്കാൻ ഉഭയകക്ഷി സഹായ വിഭാഗം ഉണർന്ന് പ്രവർത്തിച്ചു. നിശ്ചിത വ്യവസ്ഥകൾ അടിസ്ഥാനമാക്കി വിദേശ വായ്പകൾ സ്വീകരിക്കുന്നതിന് ആവശ്യമായ നയരൂപീകരണവും അനുമതി നൽകലും മറ്റും മൂന്നാമത്തെ വിഭാഗം

നോക്കി. തുറന്ന മൂലധന വിപണിയുടെ അഭാവ ത്തിൽ വിദേശ നിക്ഷേപം എന്നത് ഉണ്ടായിരുന്നി ല്ലെന്ന് പറയാം.

എന്നാൽ 1991 പ്രതിസന്ധിയെ തുടർന്ന് സാമ്പത്തിക ഉദാരവൽക്കരണം നടപ്പാക്കിയ തോടെ വിദേശ നാണയം അപൂർവ വസ്തു അല്ലാ തായി. വിദേശ നാണയ വിനിമയം, പെട്രോളിയം ഇറക്കുമതി ബജറ്റ് എന്നിവ ചരിത്രത്തിൽ മറഞ്ഞു. വിദേശ വാണിജ്യ കടമെടുപ്പിനുള്ള അധികാരം റിസർവ്വ് ബാങ്കിന് നൽകി. സാമ്പത്തിക കാര്യ വകുപ്പിൽ വിദേശ നിക്ഷേപ വിഭാഗത്തിന് പ്രാമുഖ്യം കൈവന്നു. ലോക വ്യാപാര സംഘട നയുമായി വാണിജ്യ മന്ത്രാലയം നേരിട്ട് ചർച്ചകൾ ആരംഭിച്ചതോടെ വ്യാപാര നയം സംബന്ധിച്ച് വിദേശ വ്യാപാര വിഭാഗത്തിന്റെ പ്രാധാന്യം അസ്തമിച്ചു. ഉഭയകക്ഷി, ബഹുകക്ഷി വിഭാഗ ങ്ങൾ നില നിൽക്കുന്നുണ്ടെങ്കിലും വിദേശ സഹാ യത്തോടൊപ്പം അവയുടെ കാലവും കഴിഞ്ഞു വെന്ന് പറയാം. മാറ്റത്തിന്റെ കാറ്റിന് അനുസരിച്ച് നിൽക്കാൻ മാത്രമെ ഇനി അവർക്ക് സാധിക്കൂ.

വിശാലമായ ആഗോള സമ്പദ്‌രംഗത്തെ വൻ മാററങ്ങളുടെ പ്രതിഫലനം മാത്രമായിരുന്നു ഇവിടെയും ഉണ്ടായത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടെ പ്രധാന വികസ്വര രാജ്യങ്ങൾ അഥവാ വളർന്നു വരുന്ന വിപണികൾ അവയുടെ സമ്പദ് വ്യവസ്ഥകൾ തുറന്നു കൊടുത്തു. വിദേ ശത്ത് നിന്നുള്ള ആവശ്യത്തെ തങ്ങളുടെ വളർച്ചാ യന്ത്രമായി അവ മാറ്റി. കറന്റ് അക്കൗണ്ടുകളിൽ പണം കുന്നുകൂടി. സമ്പന്നരായി മാറിയ അവർ മൂലധനത്തിന്റെ ഇറക്കുമതിക്കാർ എന്നതിനുപ കരം കയറ്റുമതിക്കാരായി മാറി. വിദേശ നാണയ കരുതൽ ശേഖരം വൻതോതിൽ വർദ്ധിക്കാൻ ഇത് ഇടയാക്കി. ഇന്ത്യയെ പോലുള്ള വളർന്നുവരുന്ന വിപണികളിൽ പോലും മൂലധന പ്രവാഹം അവർക്ക് സ്വീകരിക്കാൻ കഴിയുന്നതിലും അപ്പു റമായി. വിദേശ മൂലധനം പൊടുന്നനെ നിലയ്ക്കു ന്നതിന് എതിരെ കരുതൽ ധനം സ്വരൂപിക്കാൻ ഈ സ്ഥിതിയിൽ അവർക്ക് കഴിഞ്ഞു. ഇതോടെ ഐ.എം.എഫിന് പ്രധാന ഇടപാടുകാർ ഇല്ലെന്ന അവസ്ഥയാണ് ഉടലെടുത്തത്.

വികസ്വര സമ്പദ് വ്യവസ്ഥകളിൽ സ്വകാര്യമൂലധനം എത്തിത്തുടങ്ങിയതോടെ വിദേ ശനാണയവുമായി ബന്ധപ്പെട്ട കമ്മി നേരിടാൻ അവർക്ക് കഴിഞ്ഞതാണ് ഐ.എം.എഫിന്റെ വായ്പകൾക്ക് ആവശ്യക്കാർ കുറയാൻ കാരണ മായത്. എന്നാൽ ലോകബാങ്കിന്റെ കാര്യത്തിൽ ആവശ്യം നേരിടാൻ കഴിയാതെ വന്നതായിരുന്നു പ്രശ്നം. അടിസ്ഥാനസൗകര്യപദ്ധതികൾക്ക് വായ്പനൽകാൻ മടിച്ചതും അതിവേഗം വളരുന്ന വികസ്വരരാജ്യങ്ങളിലെ വിപണികൾക്ക് അനുസൃ തമായി വിഭവങ്ങൾ നൽകാൻ കഴിയാ തിരുന്നതുമാണ് ലോകബാങ്കിന് പ്രതിസന്ധി സൃഷ്ടിച്ചത്.

അടിസ്ഥാനസൗകര്യ പദ്ധതികളിൽനിന്ന് ശ്രദ്ധമാറ്റി സാമൂഹ്യ ജീവിതമാർഗ്ഗ പദ്ധതികളി ലൂടെ നേരിട്ട് ദാരിദ്യത്തെ അകറ്റാൻ ലോകബാങ്ക് ശ്രമിച്ചത് എന്തിനെന്ന് വ്യക്തമല്ല.

ദാരിദ്ര്യം എന്നത് കുറഞ്ഞ ഉല്പാദനക്ഷ മതയുടെ മറ്റൊരുപേർതന്നെ ആയതിനാൽ ദാരി ദ്ര്യത്തിൽനിന്ന് പുറത്തേക്കുള്ള മാർഗ്ഗം എന്നനി ലയിൽ മികച്ച ഉല്പാദനക്ഷമതയിലുള്ള ശ്രദ്ധമാ റി. എന്നാൽ ഇന്ത്യ ഇപ്പോൾ കണ്ടെത്തുന്നതു പോലെ ഭൗതികമായ അടിസ്ഥാനസൗകര്യങ്ങ ളിലെ പോരായ്മ മൂലധനത്തിന്റെ ഉല്പാദനക്ഷ മത കുറയ്ക്കുന്നുണ്ട്. അതുപോലെതന്നെ സാമൂഹ്യ അടിസ്ഥാനസൗകര്യങ്ങളിലെ കുറവ് തൊഴിലാളികളുടെ ഉല്പാദനക്ഷമതയെ പ്രതികൂ ലമായി ബാധിക്കും. ജീവിതനിലവാരം ഉയർത്താ നുള്ള പദ്ധതികൾ സാമൂഹ്യ സുരക്ഷാ ഉപാധി എന്ന നിലയിൽ ഫലപ്രദമായേക്കാം. എന്നാൽ ദാരിദ്യത്തിൽനിന്ന് പുറത്തുകടക്കാൻ അവ സഹാ യിക്കില്ല എന്ന് കാണാം. വ്യവസായവൽകൃതവും ആഗോളീകൃതവുമായ ഒരു ലോകത്തിൽ ചെറിയ ഉത്പാദകർക്ക് പിടിച്ചുനിൽക്കാൻ പ്രയാസമാണെ ന്നത് തന്നെ കാരണം. ഇതിനുള്ള യുദ്ധം വ്യവ സായ വിപ്ലവത്തിന്റെ കാലത്ത് തന്നെ അവസാ നിച്ചുവല്ലോ. നിക്ഷേപങ്ങളിൽ വന്ന ഇടിവ് മൂല മല്ല ഇന്ത്യയുടെ വളർച്ചാ നിരക്ക് കഴിഞ്ഞവർഷ

ങ്ങളിൽ കുറയാൻ ഇടയായത്. മറിച്ച് ഭരണപരവും അടിസ്ഥാനസൗകര്യവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ മൂലം ഈ നിക്ഷേപങ്ങളിൽനിന്നുള്ള ഉത്പാദനം കുത്തനെ കുറഞ്ഞതാണ് വളർച്ചയെ ബാധിച്ചത്.

ബ്രറ്റൺവുഡ് സ്ഥാപനങ്ങളിലെ വിഭവ പോരായ്മ പെരുപ്പിച്ച് കാണിക്കാൻ പല കാരണങ്ങൾ ഇടയാക്കി. അവയുടെ മുഖ്യനടത്തിപ്പുകാരായ വികസിത രാജ്യങ്ങൾ അവയുടെ വളർച്ചയുടെ ഘട്ടം പിന്നിട്ട് പ്രായാധിക്യത്തിലായതും വർധിത ധനകമ്മി നേരിട്ടതും ആണ് ബ്രറ്റൺവുഡ് സ്ഥാപനങ്ങളേയും ബാധിച്ചത്. ബ്രറ്റൺവുഡ് സ്ഥാപനങ്ങളുടെ വിഭവങ്ങളെ പരിപോഷിപ്പിക്കാൻ വികസിത രാജ്യങ്ങൾ മടികാട്ടിയെന്നും പറയാം. അതിവേഗം വളരുന്ന വികസ്വര രാജ്യങ്ങളിലെ വിപണികളിലാകും ഇത് പ്രതിഫലിപ്പിക്കുകയെന്ന് വികസിത രാജ്യങ്ങൾ കണക്കുകൂട്ടിയതാണ് കൂടുതൽ പണം ഒഴുക്കുന്നതിൽ നിന്ന് അവരെ തടഞ്ഞത്. ഇന്ത്യയിൽ ലോക ബാങ്ക് സഹായത്തോടെയുള്ള അനേകം പദ്ധതികൾ ഉണ്ട്. എന്നിരുന്നാലും സ്ഥിരമായി പ്രതിസന്ധി നേരിടുന്ന വരുമാനം കുറഞ്ഞ വികസ്വര രാജ്യങ്ങളെ സഹായിക്കാൻ ബ്രറ്റൺവുഡ് സ്ഥാപനങ്ങളുടെ വിഭവ ലഭ്യത മതിയാവുന്നതാണ്.

ജി-20 രാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ ആഗോള പ്രതിസന്ധി മറികടക്കാൻ അടുത്തിടെ എടുത്ത നടപടികൾ ഐ.എം.എഫിന്റെ ചുമതലയും വിഭവങ്ങളും പോഷിപ്പിച്ചു. നിധിയുടെ വിഭവങ്ങൾ മൂന്നിരട്ടിയായി വർദ്ധിച്ചു. വൻതോതിൽ ഉള്ളതും കയറ്റിറക്കങ്ങൾ സ്വാഭാവികവുമായ മൂലധന പ്രവാഹം പതിവായ ലോകത്ത് വിദേശ നാണയ കരുതൽ ശേഖര പ്രതിസന്ധി നേരിടാൻ ഇത് പര്യാപ്തമായി. വളർന്നുവരുന്ന വിപണികളിൽ വലിയവയ്ക്ക് വൻ കരുതൽ നിക്ഷേപം ഉള്ള സാഹചര്യത്തിൽ അവർക്ക് സഹായം ആവശ്യമായി വരുന്നില്ല. നേരെ മറിച്ച് യൂറോപ്പിന്റെ പ്രാന്തങ്ങളിലുള്ള ചില വികസിത സമ്പദ് വ്യവസ്ഥകൾക്കാണ് ഇത്തരം സഹായം ഇപ്പോൾ ആവശ്യം. വളർന്നുവരുന്ന സമ്പദ് വ്യവസ്ഥകൾ ഐ.എം.എഫിന്റെ ഭണ്ഡാരങ്ങൾ നിറയ്ക്കാനാണ് ഇന്ന് ഉപയോഗപ്പെടുന്നത്. പ്രധാന ആഗോള കറൻസിയായ ഡോളറിന്റെ ഉടമസ്ഥരായ അമേരിക്കയും വളർന്നുവരുന്ന പ്രധാന സമ്പദ് വ്യവസ്ഥകൾ പ്രത്യേകിച്ച് ചൈനയും ആണ് വൻതോതിൽ വിദേശ നാണയം ശേഖരിച്ച് വച്ചിട്ടുള്ളത്, ഐ.എം.എഫിലും കൂടുതൽ, ഒരു പക്ഷേ.

ലോകബാങ്ക് വായ്പകളിലും വർദ്ധനവ് ഉണ്ടായി. എന്നാൽ പ്രതിസന്ധിക്കാലത്ത് ഇത് താൽക്കാലികമായിരുന്നു. വിദേശവും സ്വദേശവുമായ സ്വകാര്യ മൂലധനം താൽക്കാലികമായി പിൻവലിച്ചതോടെ ഉണ്ടായ വിടവ് നികത്താനാണ് ഇത് ഉപകരിച്ചത്. എന്നാൽ ലോകബാങ്കിന്റെ വായ്പാശേഷി ഉയർത്താൻ ജി-20 രാഷ്ട്രങ്ങൾ മതിയായ സഹായം എത്തിക്കാതിരുന്നത് അതിന്റെ ക്രയശേഷിയെ ബാധിച്ചുവെന്നും കാണാം. മതിയായ സഹായം അഥവാ മൂലധനം, എത്തിച്ചിരുന്നുവെങ്കിൽ ആഗോള നിക്ഷേപ ഇടിവ് നേരിടാനും വികസ്വര രാജ്യങ്ങളിലെ മികച്ച വളർച്ചാനിരക്ക് നിലനിർത്താൻ സഹായം എത്തിക്കുവാനും ലോകബാങ്കിന് കഴിയുമായിരുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് വികസിത രാജ്യങ്ങളിലെ ആവശ്യം ഇടിഞ്ഞതിനെ തുടർന്ന് ആഗോള സമ്പദ് രംഗം നേരിട്ട വളർച്ചാമുരടിപ്പ് മാറ്റാനും വളർച്ചാ യന്ത്രമായി മാറാനും ഈ നടപടി ഉപകരിക്കുമായിരുന്നു. അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് സഹായം എത്തിക്കുന്ന തരത്തിൽ ലോകബാങ്ക് തന്ത്രത്തിൽ വന്ന മാറ്റം സ്വാഗതാർഹമാണ്.

### ബ്രറ്റൺവുഡ് സ്ഥാപനങ്ങളെ സംബന്ധിച്ച് വികസിത രാജ്യങ്ങൾ എവിടെ നിൽക്കുന്നു?

ലോകബാങ്കിനെ സംബന്ധിച്ച് ഇന്ത്യ ഉൾപ്പെടെ പല വികസ്വര രാജ്യങ്ങളും വൻകിട കടമെടുപ്പുകാരായി തന്നെ തുടരും. വികസനപരമായ, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യമേഖലയിൽ, അവരുടെ ആവശ്യങ്ങൾ വിപുലമായത് തന്നെ കാരണം. വൻതോതിൽ വിദേശ നാണയ കരുതൽ ശേഖരമുള്ള വളർന്നുവരുന്ന പല സമ്പദ് വ്യവസ്ഥകളും തങ്ങളുടെ സ്വന്തം കറൻസിയിലെ

ആഭ്യന്തര ആവശ്യങ്ങൾ നേരിടാൻ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ സഹായം തേടുന്നതിന് കാരണം അന്വേഷിക്കേണ്ടിയിരിക്കുന്നു. ആഗോള ആഘാതങ്ങൾക്ക് കൂടുതൽ സാധ്യതകൾ ഉയർത്തി തങ്ങളുടെ വിദേശ കടം പെരുപ്പിക്കാൻ ഇത് ഇടയാക്കുന്നുവെന്നത് വസ്തുതയായി അവശേഷിക്കുന്നു. വികസ്വര രാജ്യങ്ങളിലേക്കുള്ള മൂലധന പ്രവാഹത്തിലെ വർധന അടിസ്ഥാനപരമായി സ്വകാര്യമേഖലയുമായി ബന്ധപ്പെട്ടതാണ്. അടിസ്ഥാനസൗകര്യ മേഖലക്കും സാമൂഹ്യമേഖലക്കുമുള്ള പൊതുനിക്ഷേപം കണ്ടെത്താൻ പല വികസ്വര രാഷ്ട്ര ഗവൺമെന്റുകളും നന്നേ വിഷമിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രതിഭാസം. എന്നിരുന്നാലും ആഭ്യന്തര വിപണിയിൽ നിന്ന് കടമെടുത്തുകൊണ്ട് തങ്ങളുടെ വികസന ആവശ്യങ്ങൾ നേരിടാൻ അവർക്ക് കഴിയും. പരസ്പരം ശത്രുതാ മനോഭാവമുള്ള അയൽരാജ്യങ്ങൾക്ക് സഹകരിക്കാനുള്ള ആത്മവിശ്വാസം നൽകാനും നിക്ഷേപകർക്ക് പണം ഇറക്കുവാനുമുള്ള ധൈര്യംപകരാനും, അതിർത്തികളെ കോർത്തിണക്കി അടിസ്ഥാന സൗകര്യപദ്ധതികൾക്ക് ധനസഹായം നൽകുവാനും ഏകോപിപ്പിക്കുവാനും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

ഇതൊക്കെയാണെങ്കിലും വളർന്നുവരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിൽ പലതിലും ആഭ്യന്തര വിഭവ ലഭ്യതയെ അപേക്ഷിച്ച് ലോകബാങ്കിന്റെ സഹായത്തിന്റെ തോത് പരിമിതമാണ്. ഐ.എം.എഫ് നെ പോലെ ലോകബാങ്കിന്റെ ഖജനാവ് നിറയ്ക്കാൻ ജി-20 രാഷ്ട്രങ്ങൾ താല്പര്യം കാട്ടാത്തതാണ് കാരണം. പല പരമ്പരാഗത ദാതാക്കളെക്കാളും ഉയർന്ന വളർച്ചാ നിരക്കുള്ളതും സാമ്പത്തികമായി ഉയർന്ന സ്ഥിതിയുള്ളതും കരുതൽ ശേഖരം ഉള്ളതുമായ വളരുന്ന വിപണികളിലേക്ക് ഈ അധിക മുതൽ മുടക്ക് എത്തുമെന്ന തിരിച്ചറിവാണ് ജി-20 രാജ്യങ്ങളെ ഭരിക്കുന്നത്. നേരെമറിച്ച് വൻതോതിൽ വികസന ആവശ്യങ്ങൾ മുന്നിലുള്ളതിനാൽ ഇന്ത്യ ഉൾപ്പെടെ പല വളർന്നുവരുന്ന സമ്പദ് വ്യവസ്ഥകൾക്കും ഇതേ തോതിൽ വിഭവലഭ്യതയെ സഹായിക്കാൻ കഴിയുന്ന സ്ഥിതിയും ഇല്ലെന്ന് പറയേണ്ടിയിരിക്കുന്നു. വികസിത രാജ്യങ്ങളിലെ പോലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ തരത്തിൽ ഭൗതിക സാമൂഹ്യ തലങ്ങളിൽ നിക്ഷേപം ആവശ്യമായിരിക്കെ മറ്റ് പ്രതിബദ്ധത ഏറ്റെടുക്കുന്നത് ആഭ്യന്തരമായി നീതികരിക്കാൻ വികസ്വര രാജ്യഗവൺമെന്റുകൾ ബുദ്ധിമുട്ട് നേരിട്ടേക്കാം.

ഇതെ വാദം തന്നെ ഐ.എം.എഫ് നുള്ള സംഭാവനകൾക്കും ബാധകമാണ്. പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളെ അപേക്ഷിച്ച് പ്രതിശീർഷ വരുമാനം പലമടങ്ങുള്ള യൂറോ സോൺ രാജ്യങ്ങളെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ ഈ ധനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ഇന്ത്യയിൽ നിന്ന് പുറത്തേക്കുള്ള വിദേശ നാണ്യത്തിന്റെ ഒഴുക്ക് തൊണ്ണൂറുകളിലേതിനേക്കാൾ വർദ്ധിച്ച തോതിലായിരുന്നു എങ്കിലും വിദേശ നാണയകരുതൽ ശേഖരം വൻതോതിലുള്ളതാണ് പ്രതിസന്ധിയിൽപ്പെടാതെ രാജ്യത്തെ രക്ഷിച്ചു നിർത്തിയത്. ദീർഘകാലാടിസ്ഥാനത്തിൽ, ഇന്ത്യയിലേക്കുള്ള ആകെ മൂലധനം കറന്റ് അക്കൗണ്ട് കമ്മിയെ കവച്ചുവയ്ക്കുമെന്നാണ് പ്രതീക്ഷ. കമ്മിയും മിച്ചവും തമ്മിലുള്ള സന്തുലന ഇനമായി പെട്രോളിയം വില കണക്കാക്കിയാണ് ഈ അനുമാനം. കഴിഞ്ഞ കുറെ കാലത്തെ പ്രവണതയുടെ തുടർച്ചയായി ഇന്ത്യ വിദേശ മൂലധനത്തിന്റെ ഒരു പ്രധാന ലക്ഷ്യസ്ഥാനമായി തന്നെ തുടരുമെന്ന് കരുതാം. തങ്ങളുടെ കനത്ത വിദേശ നാണയ ശേഖരത്തിന്റെ ബലത്തിൽ ഭാവിയിൽ ഇന്ത്യ ഐ.എം.എഫ് ദാതാവ് എന്ന നിലയിലാകും അല്ലാതെ സ്വീകർത്താവ് എന്ന നിലയിലായിരിക്കില്ല എന്ന് ചുരുക്കം. മറ്റ് വളർന്നുവരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളോടൊപ്പം ഐ.എം.എഫ് ലേക്ക് കാര്യമായ സംഭാവന നൽകാൻ ഇന്ത്യയും കുറെ വർഷങ്ങളായി പ്രതിബദ്ധത അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

അതിനാൽ തന്ത്രപരമായി ഇന്ത്യ ഉൾപ്പെടെ പല വികസ്വര രാജ്യങ്ങളും രണ്ട് ബ്രെറ്റൺവുഡ് സ്ഥാപനങ്ങളിലും വ്യത്യസ്ത നിലപാടായിരിക്കും സ്വീകരിക്കുകയെന്ന് കരുതാം. വോട്ടവകാശ

ത്തിലെ തുല്യത, മുതിർന്ന എക്സിക്യൂട്ടീവ് പദവികൾ തുടങ്ങി ഭരണപരമായ കാര്യങ്ങൾ വികസ്വര രാജ്യങ്ങൾക്ക് പരമ പ്രധാനമാണെങ്കിലും ഭരണപരമായ ആശങ്കകൾ തന്നെയാണ് മുമ്പിൽ നിൽക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഐ.എം.എഫ് ന് ഭരണപരമായ പരിഷ്കാരങ്ങൾ അനിവാര്യമാണെന്ന് കാണാം. ഉടമസ്ഥാവകാശം ഉണ്ടെന്ന തോന്നൽ വർദ്ധിക്കുന്നതോടെ വളർന്നുവരുന്ന സമ്പദ് വ്യവസ്ഥകൾ കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കാൻ തക്ക ആത്മവിശ്വാസം നേടുകയും ചെയ്യും.

ലോക ബാങ്കിന്റെ കാര്യത്തിൽ പല വികസ്വര രാജ്യങ്ങളും പുതിയ പദ്ധതികളുടെയും പദ്ധതി നടത്തിപ്പിന്റെയും കാര്യത്തിൽ അതത് രാജ്യം അഥവാ ഉഭയകക്ഷി തലത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ച് കാണുന്നത്. എന്നാൽ ഐ.എം.എഫിന്റെ കാര്യത്തിൽ അവർ ബഹുകക്ഷി തലത്തിലേക്ക് മാറേണ്ടിവരുന്നു. ബ്രറ്റൺവുഡ് സ്ഥാപനങ്ങൾ ഇതുവരെ തങ്ങളുടെ ശ്രദ്ധ വികസ്വര രാജ്യങ്ങളിൽ മാത്രമാണ് കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ ഐ.എം.എഫിന്റെ കാര്യത്തിൽ എങ്കിലും ശ്രദ്ധ യൂറോപ്യൻ രാജ്യങ്ങളിലേക്ക് മാറുകയാണ്. കാരണം അവരാണ് ഐ.എം.എഫ് വായ്പകൾ പ്രയോജനപ്പെടുത്തുന്നവരിൽ മുന്നിൽ. വളർച്ചാ മുരടിപ്പ്, വിദേശ നാണ്യ പ്രതിസന്ധി, ധനകമ്മി, അനാരോഗ്യകരമായി പെരുകുന്ന കടം തുടങ്ങി വികസ്വര സമ്പദ് വ്യവസ്ഥകളുടേതായി കണക്കാക്കിയിരുന്ന പല പ്രശ്നങ്ങളും ഇപ്പോൾ വികസിത സമ്പദ് വ്യവസ്ഥകളുടെയും ഭാഗമാണ്. ഘടനാപരമായ മാറ്റങ്ങൾക്കും പരിഷ്കരണങ്ങൾക്കും അവരും സന്നദ്ധമായിക്കഴിഞ്ഞു. എന്നാൽ ഇതിന് അനുസൃതമായി ബ്രറ്റൺവുഡ് സ്ഥാപനങ്ങളുടെ ഓഹരി ഘടനയിൽ മാറ്റം വരേണ്ടതുണ്ട്. ഇന്ത്യ ഉൾപ്പെട്ട ബ്രിക്സ് രാജ്യങ്ങൾ ഇത്തരം തന്ത്രപരമായ പ്രശ്നങ്ങൾ ജി–20 സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവന്നു. ജി–20 ലെ ധാരണ പ്രതിഫലിപ്പിക്കുന്ന ഭരണ സംവിധാനം ബ്രറ്റൺവുഡ് സ്ഥാപനങ്ങളിലും കൊണ്ടുവരികയാണ് വേണ്ടത്. വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളും നിരീക്ഷണം, പ്രവചനം, ആഗോള–മേഖലാ വളർച്ചാ സ്ഥിതി തുടങ്ങിയ കാര്യങ്ങളിൽ ഇന്നത്തേതിലും സജീവ പങ്കാളിത്തം വഹിക്കേണ്ടതുണ്ട്. വികസിത-വികസ്വര രാജ്യങ്ങൾ ഇതിന്റെ പരിധിയിൽ വരണം.

ചുരുക്കത്തിൽ, ആഗോള രാഷ്ട്രീയസമ്പദ് രംഗത്തെ ചടുലമാറ്റങ്ങൾക്കനുസരിച്ച് തങ്ങളുടെ ഭരണസംവിധനാം മാറ്റുന്നതിൽ ബ്രറ്റൺവുഡ് സ്ഥാപനങ്ങൾ വിജയംകണ്ടില്ലെന്ന് പറയാം. യൂറോപ്യൻ പദ്ധതിയുടെ വിജയത്തിന്ശേഷം അവയുടെ വിഭവങ്ങൾ കാര്യമാത്രമായി വളരുന്നത് നിലച്ചു, ഉയർന്നുവരുന്ന സാമ്പത്തിക ശക്തികളായ ബ്രിക്സ് രാജ്യങ്ങളുടെ വോട്ടിങ് വിഹിതം ആഗോള ജി.ഡി.പി.യിൽ അവരുടെ വിഹിതത്തിന്റെ പകുതിയും വാങ്ങൽശേഷിയുടെ മൂന്നിലൊന്നും മാത്രമാണ്.

ബ്രറ്റൻവുഡ് ഇരട്ടകൾ വെളിവാക്കുന്നതനുസരിച്ച് വളർന്നുവരുന്ന സമ്പദ് വ്യവസ്ഥകൾ തങ്ങളുടെ വർദ്ധിച്ച നീക്കിയിരിപ്പ് കൈകാര്യംചെയ്യാൻ പകരം സ്ഥാപനങ്ങൾക്ക് രൂപംനൽകിവരികയാണ്. പൂർവേഷ്യയിൽ **ഏഷ്യൻ അടിസ്ഥാന സൗകര്യവികസന** ചിയാംഗ്മായി ദൗത്യം എന്നിവയും ബ്രിക്സ് കൂട്ടായ്മയുടെ **പുതിയ വികസനബാങ്കും** ഉദാഹരണം. ഐ.എം.എഫ്. ഉം ലോക ബാങ്കും നിർവഹിച്ചുപോന്ന ചുമതലകൾ ഇനി വഹിക്കാൻ ഇവ രംഗത്ത് വന്നുകഴിഞ്ഞു. യുദ്ധാനന്തര കാലഘട്ടത്തിൽ അമേരിക്കയും യൂറോപ്പും സഹകരിച്ച് മുന്നേറിയ രീതിയിൽ രാഷ്ട്രീയ സഹകരണം കാഴ്ചവയ്ക്കാൻ വളർന്നുവരുന്ന സാമ്പത്തിക ശക്തികൾക്കു കഴിയുമോ എന്നതാണ് ഇനി കാത്തിരുന്നു കാണേണ്ടത്.

**സാമ്പത്തികകാര്യ വിദഗ്ദ്ധനും**
**മുതിർന്ന ഐ.എ.എസ്**
**ഉദ്യോഗസ്ഥനുമാണ് ലേഖകൻ**



# വില കുറഞ്ഞാൽ പോരാ, നിക്ഷേപം വർധിക്കണം

റ്റി. സി. മാത്യു




**പച്ചക്കറി, പഴം, ധാന്യങ്ങൾ തുടങ്ങി ആനുകാലികമായി കയറിയിറങ്ങുന്ന ഇനങ്ങളുടെ വിലത്താഴ്ചയും അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിൽ വിലയിടിവും സുസ്ഥിര പ്രതിഭാസങ്ങളല്ല. കയറ്റുമതി കുറവും ഇറക്കുമതി കൂടുതലുമുള്ള ഇന്ത്യയിലെ വിലക്കയറ്റത്തെ ബാധിക്കുന്ന മറ്റു ഘടകങ്ങളും പ്രധാനമാണ്.**

**വി**ലക്കയറ്റം പൂജ്യം ശതമാനം. പെട്രോൾ വില തുടർച്ചയായ ഒൻപത് തവണ കുറച്ചു. കയറ്റുമതി ഏഴു ശതമാനം വർധിച്ചു. അടുത്ത 12 മാസവും ഉപഭോക്തൃ വിലക്കയറ്റം രണ്ടു ശതമാനത്തിനടുത്തായിരിക്കുമെന്നു റിസർവ് ബാങ്ക് റിപ്പോർട്ട്. നവംബറിൽ വാണിജ്യകമ്മി 18 മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിലെത്തി. സെപ്റ്റംബറിൽ അവസാനിച്ച ത്രൈമാസത്തിൽ രാജ്യത്തിന്റെ കറന്റ് അക്കൗണ്ട് കമ്മി അഞ്ചു ത്രൈമാസങ്ങളിലെ ഏറ്റവും ഉയർന്നതായി. നവംബർ ഒടുവിൽ ധനകമ്മി ബജറ്റിൽ കണക്കാക്കിയതിന്റെ 98 ശതമാനമായി.

ഒറ്റനോട്ടത്തിൽ വിശ്വസിക്കാൻ കഴിയാത്ത വിവരങ്ങൾ! നവംബറിൽ മൊത്തവിലസൂചിക പ്രകാരം വിലക്കയറ്റത്തോതു പൂജ്യം ശതമാനം. അതായത്, കഴിഞ്ഞ നവംബറിലെ നിലവാരത്തിലാണു മൊത്തവില ഈ നവംബറിലും. ചില്ലറവില ആധാരമാക്കിയുള്ള ഉപഭോക്തൃ വിലക്കയറ്റം 4.4 ശതമാനം മാത്രം.

## നിരക്കു കുറഞ്ഞില്ല

ഇങ്ങനെയൊക്കെ സംഭവിച്ചിട്ടും പലിശ

കാര്യമായി കുറയ്ക്കാൻ റിസർവ് ബാങ്ക് തയാറാകുന്നില്ല. 2014ൽ ഒരിക്കൽപോലും നിരക്കു കുറയ്ക്കാൻ തയാറായില്ല റിസർവ് ബാങ്ക്. വിലക്കയറ്റ പ്രവണത മാറിയിട്ടില്ലെന്നാണു ബാങ്ക് ഓരോ തവണയും പറഞ്ഞത്. ഏറ്റവുമൊടുവിൽ പുറത്തിറക്കിയ ധനകാര്യഭദ്രതാ റിപ്പോർട്ടിൽ വ്യക്തമായി പറയുന്നു: **"അന്താരാഷ്ട്ര ക്രൂഡ് ഓയിൽ വില ഇപ്പോഴത്തെ നിലയിൽ തുടരുകയും അടുത്ത കാലവർഷം പതിവുമഴ ലഭിക്കുകയും ചെയ്താൽ അടുത്ത 12 മാസം ചില്ലറവിലകൾ ആറു ശതമാനം തോതിൽ വർധിക്കുമെന്നാണ് ഏറ്റവും പുതിയ നിഗമനങ്ങൾ."**




ക്രൂഡ് വില കൂടുകയോ മഴ കുറയുകയോ രണ്ടുംകൂടിയോ സംഭവിച്ചാൽ ചില്ലറവിലകൾ ഈ നിലവാരത്തിലല്ല കയറുക എന്നർഥം. അടിസ്ഥാനപരമായി വിലക്കയറ്റ പ്രവണത മാറിയിട്ടില്ലെന്നാണു റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. അപ്പോൾ വിലക്കയറ്റനിരക്കു ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന (Inflation targetting) റിസർവ് ബാങ്കിനു പലിശ കുറയ്ക്കാൻ തക്ക സാഹചര്യമായിട്ടില്ല.

പച്ചക്കറി, പഴം, ധാന്യങ്ങൾ തുടങ്ങി ആനുകാലികമായി കയറിയിറങ്ങുന്ന ഇനങ്ങളുടെ വിലത്താഴ്ചയും അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിൽ വിലയിടിവും സുസ്ഥിര പ്രതിഭാസങ്ങളല്ല. കയറ്റുമതി കുറവും ഇറക്കുമതി കൂടുതലുമുള്ള ഇന്ത്യയിലെ വിലക്കയറ്റത്തെ ബാധിക്കുന്ന മറ്റു ഘടകങ്ങളും പ്രധാനമാണ്.

**രൂപയുടെ നിരക്ക്**

വിലനിലവാരത്തെ നിർണായകമായി സ്വാധീനിക്കുന്ന ഒരു ഘടകം രൂപയുടെ വിനിമയ നിരക്കാണ്. ക്രൂഡ് ഓയിലിന്റെയോ സ്വർണത്തിന്റെയോ ഒക്കെ അന്താരാഷ്ട്ര വിലയിടിവ് ഇവിടെ അതേപടി അനുഭവപ്പെടാത്തത് അതുകൊണ്ടാണ്.

വിദേശത്തു സ്വർണവില ഔൺസിന് 1889.70 ഡോളർ വന്നു 2011-ൽ. 2014ൽ ആ വില 1200 ഡോളറായി താണു. താഴ്ച ഏകദേശം 37 ശതമാനം. പക്ഷേ, കേരളത്തിൽ ആഭരണസ്വർണത്തിന്റെ വില ഇക്കാലത്ത് കുറഞ്ഞത് 24,000ൽ നിന്ന് 20,000 ലേക്കു മാത്രം. വെറും 16 ശതമാനം താഴ്ച.

അതല്ലെങ്കിൽ ക്രൂഡ് വില നോക്കുക. 2014 ജൂണിൽ 115 ഡോളറുണ്ടായിരുന്നു ഒരു വീപ്പ ക്രൂഡിന്. ഡിസംബറിൽ അത് 57 ഡോളറായി. നേരേ പകുതി. പക്ഷേ, പെട്രോളിനു കുറഞ്ഞത് ലിറ്ററിന് 12 രൂപ മാത്രം. ഏകദേശം 16 ശതമാനം.

**എന്തുകൊണ്ട്?**

രൂപയുടെ വിനിമയനിരക്കിലെ മാറ്റംകൊണ്ട്. 2011ൽ 18 ശതമാനം, 2012ൽ മൂന്നു ശതമാനം 2013ൽ 11 ശതമാനം, 2014ൽ 1.99 ശതമാനം എന്നിങ്ങനെ രൂപയുടെ വിനിമയനിരക്ക് കുറഞ്ഞു.

വിനിമയനിരക്കു താഴുമ്പോൾ വിദേശ സാമഗ്രികളുടെ വില കൂടും. അതു രാജ്യത്തു വിലക്കയറ്റം വർധിപ്പിക്കും.

**രൂപയെ പിടിച്ചുനിറുത്താൻ**

എന്നാൽ, രൂപയുടെ നിരക്കു പിടിച്ചുനിറുത്താൻ നോക്കുന്നുണ്ടോ? നോക്കുന്നുണ്ട്. പക്ഷേ, ഫലിക്കുന്നില്ല.

കാരണങ്ങൾ പലതാണ്. ഒന്നാമത്തേത്, ഇറക്കുമതി കൂടിയും കയറ്റുമതി കുറഞ്ഞും നിൽക്കുന്നത്. ഇതു വാണിജ്യകമ്മി ഉണ്ടാക്കുന്നു. ഈ

കമ്മി നികത്താൻ മാത്രം മറ്റിനങ്ങളിൽ വരവില്ല. തന്മൂലം കറന്റ് അക്കൗണ്ടിൽ കമ്മിയാകും. ഇതു മറികടക്കാൻ സഹായിക്കുന്നതു വിദേശത്തുനിന്നുള്ള മൂലധന വരവാണ്. നിരക്കു പിടിച്ചുനിറുത്തുമ്പോൾ ഈ വരവു കുറയും.

രണ്ടാമത്തെ കാരണം നിരക്കു പിടിച്ചുനിറുത്താൻ മാത്രം വിദേശനാണയം നമ്മുടെ കൈയിലില്ല എന്നതാണ്. ഡിസംബർ ഒടുവിൽ നമുക്കുള്ളതു 32,000 കോടി ഡോളർ മാത്രം. സ്വർണം അടക്കമാണിത്. നവംബറിലെ തോതിലാണെങ്കിൽ ഏഴര മാസത്തെ ഇറക്കുമതിക്കു മാത്രം തികയുന്ന തുക. ഒരു കറൻസിയെ പിടിച്ചുനിറുത്താൻ ശ്രമിക്കുമ്പോൾ കരുതൽ ശേഖരം ഇതൊന്നും പോരാ.

### നയ തളർച്ച

റിസർവ് ബാങ്ക് പലിശനിരക്കു കുറയ്ക്കാൻ തയാറാകാത്തതാണു സാമ്പത്തികവളർച്ച പലരും ആഗ്രഹിച്ചതുപോലെ ഉയരാത്തതിനു കാരണം എന്നാണു വ്യവസായമേഖല പറയുന്നത്. എന്നാൽ, മറിച്ചുള്ള അഭിപ്രായങ്ങളുമുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷത്തെ നയപരമായ തളർച്ച (Policy paralysis) കഴിഞ്ഞ രണ്ടു വർഷം വളർച്ച അഞ്ചു ശതമാനത്തിൽ താഴെയാകാൻ കാരണമായി എന്നു പലരും ചൂണ്ടിക്കാട്ടുന്നു. പക്ഷേ, നയതളർച്ച മാത്രമല്ല, ചില നിയമങ്ങളുടെ കർശന നടത്തിപ്പും മറ്റും പ്രശ്നമായി എന്ന വസ്തുതയുമുണ്ട്. പരിസ്ഥിതി നിയമങ്ങൾ കർശനമാക്കി നടപ്പാക്കാൻ ആരംഭിച്ചതു പദ്ധതികൾക്ക് അനുമതി കിട്ടാൻ കാലതാമസമുണ്ടാക്കി. ചില കോടതിവിധികളും (ഉദാഹരണം: ഇരുമ്പയിരു ഖനന നിരോധനം) പ്രശ്നം സൃഷ്ടിച്ചു.

നരേന്ദ്ര മോദി പ്രധാനമന്ത്രിയായശേഷം ഇത്തരം കുറെയേറെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടായി. മൂന്നു ലക്ഷം കോടി രൂപയുടെ പദ്ധതികളാണു പരിസ്ഥിതി മന്ത്രാലയവും പ്രധാനമന്ത്രിയുടെ ഓഫീസുമൊക്കെ കഴിഞ്ഞ മാസങ്ങളിൽ അനുവദിച്ചത്. പക്ഷേ, രാജ്യത്തു മൂലധന നിക്ഷേപം വർധിക്കുന്നില്ല. പുതിയ ഫാക്ടറികൾ തുടങ്ങുന്നതും യന്ത്രസാമഗ്രികൾക്ക് ഓർഡർ ലഭിക്കുന്നതുമൊക്കെ ഇപ്പോഴും മന്ദഗതിയിൽ തന്നെ.

നയതളർച്ച മാറി; വ്യവസായാനുകൂല നടപടികൾ ഉണ്ടായി; തത്കാലത്തേക്ക് വിലക്കയറ്റം താഴെയെത്തി; പക്ഷേ, ബാങ്കുകളിൽ വായ്പാപേക്ഷകൾ കൂടുന്നില്ല.

### ലാഭപ്രതീക്ഷ വന്നില്ല

പലിശനിരക്ക് ഉയർന്നുനിൽക്കുന്നു എന്നു പറയുന്നത് അത്ര ശരിയായ ആക്ഷേപമല്ല. ഇതിലും വളരെ ഉയർന്ന പലിശ നിലനിന്ന കാലത്തും വായ്പാവർധന ഇതിലേറെയായിരുന്നു.

അപ്പോൾ എന്താണു കുഴപ്പം?

ലാഭസാധ്യത മുന്നിൽ കണ്ടാണല്ലോ മൂലധനനിക്ഷേപം. ലാഭസാധ്യത കാണുന്നില്ല. ലാഭം കിട്ടും എന്ന ധാരണ ഉണ്ടായാൽ പലിശനിരക്കു പ്രശ്നമാകില്ല. ലാഭസാധ്യത എങ്ങനെയുണ്ടാകും? രാജ്യത്തു ഡിമാൻഡ് വർധിക്കണം. ഡിമാൻഡ് വർധിക്കാൻ സാമ്പത്തികവളർച്ച കൂടണം. പക്ഷേ, വളർച്ച കുറവായാൽ എന്തു ചെയ്യും?



വളർച്ച കൂട്ടാൻ കൃത്രിമവഴി തേടണം. സമ്പദ്ഘടനയ്ക്ക് ഉത്തേജനം നല്കണം. അതിന് ഉത്തേജകപദ്ധതി വേണം.

### ഉത്തേജകം ദൃശ്യമല്ല

പക്ഷേ, കുറച്ചു വർഷമായി നമ്മൾ ചെയ്യുന്നതു മറിച്ചാണ്. ഉത്തേജകം ഇല്ലെന്നു മാത്രമല്ല,

പതിവ് വികസനപ്രവർത്തനങ്ങൾ പോലും നടത്തുന്നില്ല. കേന്ദ്രഗവൺമെന്റിന്റെ പദ്ധതിച്ചെലവ് നോക്കിയാൽ ഇതു വ്യക്തമാകും.

**കേന്ദ്ര പദ്ധതിച്ചെലവ്**
**(തുക കോടി രൂപയിൽ)**

| വർഷം | ബജറ്റിൽ പറഞ്ഞത് | യഥാർഥ ചെലവ് |
|---|---|---|
| 2009-10 | 3,25,149 | 3,03,391 |
| 2010-11 | 3,73,092 | 3,79,029 |
| 2011-12 | 4,41,547 | 4,12,372 |
| 2012-13 | 5,21,025 | 4,13,625 |
| 2013-14 | 5,55,322 | 4,75,532 |

**ചെലവു കുറച്ചാൽ വളരില്ല**

ഒന്നൊഴികെ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ബജറ്റിൽ നിർദേശിച്ചതിലും കുറച്ചേ പദ്ധതിചെലവ് നടന്നുള്ളൂ. വികസന പ്രവർത്തനത്തിനു തുക കുറയുമ്പോൾ വികസനം കുറയും; സ്വാഭാവികം.

ധനകമ്മി പിടിച്ചുനിർത്താൻ കണ്ടെത്തിയ മാർഗം പദ്ധതിച്ചെലവ് കുറയ്ക്കലാണ്. അതിന്റെ നേരിട്ടുള്ള ഫലമാണ് ജിഡിപി വളർച്ചാത്തോതു പകുതിയോളമായി കുറഞ്ഞതിൽ കണ്ടത്.

ബജറ്റിൽ നീക്കിവയ്ക്കുന്നതു ചെലവാക്കുന്നില്ല എന്നു മാത്രമല്ല, ഓരോ വർഷവും പദ്ധതിച്ചെലവ് ജിഡിപിയുടെ അനുപാതത്തിലും കുറഞ്ഞുവരുകയാണ്. 2009-10ൽ ജിഡിപിയുടെ അഞ്ചു ശതമാനം പദ്ധതിച്ചെലവായിരുന്നു. 2012-13 ആയപ്പോൾ അതു നാലു ശതമാനമായി താണു.

സമ്പദ്ഘടനയിൽ ആവശ്യമായ മൂലധന നിക്ഷേപത്തിൽ നിന്നു ഗവൺമെന്റ് പിന്മാറുന്നതാണു നാം കണ്ടത്. ഗവൺമെന്റ് പിന്മാറി, സ്വകാര്യമേഖല വന്നതുമില്ല. അപ്പോഴാണ് ഒൻപതു ശതമാനത്തിനു മുകളിലെത്തിയിരുന്ന ജിഡിപി വളർച്ച 4.7 ശതമാനത്തിലേക്കു താണത്.

പരിസ്ഥിതി, വനാവകാശ നിയമങ്ങളും ഭൂമി ഏറ്റെടുക്കലിനുള്ള കടുത്ത നിബന്ധനകളും മറ്റും മൂലധനനിക്ഷേപം വരുന്നതിനു തടസമായിരുന്നു. അവയിൽ പലതിനും കേന്ദ്രസർക്കാർ ഇപ്പോൾ പരിഹാരം കണ്ടിട്ടുണ്ട്.

**വളരാൻ പണം മുടക്കണം**

എന്നാൽ, നയപരമായ പരിഹാരങ്ങളോ തീരുമാനങ്ങളോ മാത്രം പോരാ. ഗവൺമെന്റ് മുൻകൈയെടുത്തു കുറേ അടിസ്ഥാനസൗകര്യ വികസനം നടത്തണം. സ്വകാര്യ-പൊതു പങ്കാളിത്ത (പിപിപി) മോഡൽ പരാജയപ്പെട്ട നിലയ്ക്ക് ഇത് അനിവാര്യമാണ്.

ഇതിനു രണ്ടുമൂന്നു മാർഗങ്ങളുണ്ട്. ഒന്ന് ധനകമ്മിയിലെ കടുത്ത നിലപാട് മാറ്റുക. അതു കൂടുതൽ കടമെടുത്തു വികസനപദ്ധതികൾ കൂട്ടാൻ വഴിതെളിക്കും. പക്ഷേ, ഭാവിയിൽ ബജറ്റിനു പ്രശ്നമാകും. അന്താരാഷ്ട്ര റേറ്റിംഗും താഴും.

രണ്ടാമത്തേത് നികുതി വർധിപ്പിച്ചു വരുമാനം കൂട്ടലാണ്. പല കോണുകളിൽനിന്നുമുള്ള സമ്മർദം ഇതിനു തടസമാകുന്നു.

മൂന്നാമത്തെ മാർഗം, ബഹുരാഷ്ട്ര വികസന ഏജൻസികളിൽനിന്നു വലിയ വായ്പകൾ എടുക്കുന്നതാണ്. ദീർഘകാല വായ്പകൾ കിട്ടുമെങ്കിലും ഇന്ത്യ പലപ്പോഴും അവയ്ക്ക് അർഹത നേടാറില്ല.

എളുപ്പമാർഗം ഈ മൂന്നു വഴികളും പ്രയോജനപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിന് തീവ്രയത്നം നടത്തുകയാണ്. അതു തൊഴിലും സമ്പത്തും കൊണ്ടുവരും. ജിഡിപി വളർച്ചാത്തോത് കൂട്ടും.

**ദീപിക അസോസിയേറ്റ് എഡിറ്ററാണ് ലേഖകൻ**

# പെൺകുട്ടിയെ സംരക്ഷിക്കു പെൺകുട്ടിയെ പഠിപ്പിക്കു

**ര**ണ്ടായിരത്തി പതിനൊന്നിലെ സെൻസസ്സ് അനുസരിച്ച് രാജ്യത്ത് പെൺകുട്ടികളുടെ ജനന നിരക്കിൽ ഗണ്യമായ ഇടിവാണ് സംഭവിച്ചിരിക്കുന്നത്. ആയിരം ആൺകുട്ടികൾക്ക് കേവലം തൊള്ളായിരത്തി പതിനെട്ട് പെൺകുട്ടികൾ മാത്രമാണുള്ളത്. ഇത് എക്കാലത്തേയും കുറഞ്ഞ നിരക്കാണ്. പെൺകുട്ടികളെ രക്ഷിക്കുന്നതിനായി സത്വര നടപടികളുടെ ആവശ്യകതയിലേക്കാണ് ഈ ഇടിവ് വിരൽ ചൂണ്ടുന്നത്. ഇതിനായി കേന്ദ്ര ഗവൺമെന്റ് അടുത്ത കാലത്ത് പ്രഖ്യാപിച്ചതാണ് ***"ബേഠി ബചാവോ, ബേഠിപഠാവോ"*** എന്ന പദ്ധതി. പെൺകുട്ടികളുടെ ജനന നിരക്ക് കുറയുന്നതിന് തടയിടാൻ രാജ്യവ്യാപകമായി വൻപ്രചാരണത്തിനും വിവിധ തലങ്ങളിലായി സസൂക്ഷ്മ ഇടപെടലിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി പെൺകുട്ടികളുടെ ജനന നിരക്കിൽ കുറവ് രേഖപ്പെടുത്തിയ 100 ജില്ലകളാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ഓരോ സംസ്ഥാനത്തും ഏറ്റവും കുറഞ്ഞത് ഒരു ജില്ലയെങ്കിലും ഇതിലുൾപ്പെടും. ജില്ലകൾ തെരഞ്ഞെടുക്കുന്നതിന് മൂന്ന് മാനദണ്ഡങ്ങളാണുള്ളത്.

1. **പെൺകുട്ടികളുടെ ജനന നിരക്കിൽ ദേശീയ ശരാശരിക്കു താഴെയുള്ള ജില്ലകൾ.**
2. **ദേശീയ ശരാശരിക്കു മുകളിലാണെങ്കിലും പെൺ ജനന നിരക്കിൽ ഇപ്പോൾ കുറവ് കാണിക്കുന്ന ജില്ലകൾ,**
3. **ദേശീയ ശരാശരിക്കു മുകളിലാണെങ്കിലും മാറ്റത്തിന്റെ പ്രവണതയുള്ള ജില്ലകൾ**

പദ്ധതിയ്ക്കായി നൂറു കോടിരൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. മറ്റൊരു നൂറു കോടി രൂപ പെൺകുട്ടികളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള പദ്ധതിയ്ക്കായി പ്രത്യേക വിഹിതവുമുണ്ട്. ഇതിന് പുറമേ ദേശിയ, സംസ്ഥാന തലങ്ങളിൽ കോർപറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതയ്ക്കു കീഴിൽ കൂടുതൽ വിഭവങ്ങൾ സ്വരൂപിക്കാൻ കഴിയും. പദ്ധതിക്കായി ആകെ തിട്ടപ്പെടുത്തിയിരിക്കുന്ന 200 കോടി രൂപയിൽ 115 കോടിയും ഈ സാമ്പത്തിക വർഷംതന്നെ ലഭ്യമാക്കും.

**– നൂതന പദ്ധതിയുടെ പൊതുവായ ലക്ഷ്യം പെൺ ഭ്രൂണഹത്യയ്ക്കു തടയിട്ട് പെൺകുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുകയാണ്.**

**– പെൺകുട്ടികളുടെ ജനനനിരക്കിൽ കോട്ടം സംഭവിച്ചിട്ടുള്ള നൂറ് ജില്ലകളിൽ സ്ഥിതി മാറ്റി പ്രതിവർഷം പത്ത് പോയിന്റെങ്കിലും മെച്ചപ്പെടുത്തുക.**

**– അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണ നിരക്കിൽ പെൺകുട്ടികളുടെ മരണ നിരക്ക് കുറച്ചു കൊണ്ടുവരിക. രണ്ടായിരത്തി പതിനൊന്നു മുതൽ രണ്ടായിരത്തി പതിനേഴ് വരെയുള്ള കാലഘട്ടത്തിൽ നിരക്ക് പകുതിയായി കുറയ്ക്കുക.**

**– അഞ്ചു വയസ്സിനു താഴെയുള്ള പെൺകുട്ടികളിലെ വിളർച്ച, ഭാരക്കുറവ് എന്നിവ കുറയ്ക്കാനായി ഈ വിഭാഗത്തിന്റെ പോഷകാഹാര നില മെച്ചപ്പെടുത്തുക.**

**സംയോജിത ശിശു വികസന പദ്ധതി**

സാർവത്രികമാക്കി പെൺകുട്ടികൾക്കുള്ള കരുതലും സംരക്ഷണവും നിരന്തരം മെച്ചപ്പെടുത്തുക.

2013-14 സെക്കന്ററി വിദ്യാഭ്യാസത്തിൽ 76 ശതമാനമായിരുന്ന പെൺകുട്ടികളുടെ എൻറോൾമെന്റ് 2017 ആകുമ്പോഴേക്കും 79 ശതമാനമാക്കുക.

നൂറ് ജില്ലകളിലും 2017 ആകുമ്പോഴേക്കും ഓരോ വിദ്യാലയത്തിലും പെൺകുട്ടികളുടെ ടോയ്‌ലെറ്റ് ലഭ്യമാക്കുക.

-ലൈംഗീക ചൂഷണത്തിൽ നിന്ന് പെൺകുട്ടികളെ രക്ഷിക്കുന്നതിനുള്ള സംരക്ഷിത ചുറ്റുപാട് പ്രോത്സാഹിപ്പിക്കുക.

**മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള കർമ്മ പദ്ധതി**

**സാമൂഹിക മേഖലയിൽ അവബോധം സൃഷ്ടിക്കാൻ തുടർച്ചയായ പ്രചാരണ പ്രവർത്തനങ്ങൾ**

**സത്ഭരണത്തിന്റെ ഭാഗമായി പൊതു ചർച്ചകളിൽ പെൺകുട്ടികളുടെ ജനനനിരക്കിലുള്ള കുറവ് പ്രതിപാദിക്കുക.**

**പെൺകുട്ടികളുടെ ജനനനിരക്കിൽ കുറവു രേഖപ്പെടുത്തുന്ന ജില്ലകളിലും നഗരങ്ങളിലും സംയോജിതവും തീവ്രവുമായ പ്രവർത്തനങ്ങൾ**

**സ്ത്രീകൾ, യുവജന ഗ്രൂപ്പുകൾ എന്നിവയെ ഉൾപ്പെടുത്തി തദ്ദേശ ഭരണ തലങ്ങളിൽ സാമൂഹ്യമാറ്റത്തിന് പ്രവർത്തിക്കുക.**

പെൺകുട്ടികളുടെ ജനനനിരക്ക് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഇത് നൂറ് ജില്ലകളിലും വേഗത്തിലുള്ള ഫലം ഉണ്ടാക്കും. ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയം, മാനവ വിഭവശേഷി മന്ത്രാലയം എന്നിവയുടെ ഉപദേശമനുസരിച്ച് വിവിധതല കർമ്മ പദ്ധതിയാണ് ഇതിനായി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതിയിലെ നിർദേശങ്ങൾ അനുസരിച്ച് സമൂഹത്തിൽ ഈ പ്രശ്നത്തെ കുറിച്ച് ഉണർവ്വുണ്ടാക്കാനായി ***ബേഠി ജൻ മഹോത്സവ്, നാരി കീ ചൗപാൾ, മൻ കി ബാത്ത്*** എന്നീ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. പെൺകുട്ടികളെ രക്ഷിക്കാനായുള്ള ***ബേഠി ബചാവോ, ബേഠി പഠാവോ*** പദ്ധതിയുടെ ആഘോഷത്തിനായി ഓരോ മാസവും ഒരു പ്രത്യേക ദിവസം തിരഞ്ഞെടുക്കാം. എല്ലാ വർഷവും ജനുവരി ഇരുപത്തിനാല് ദേശീയ പെൺ ശിശുദിനമായി ആഘോഷിക്കാം. ഇതിൽ പഞ്ചായത്തീ രാജ് സ്ഥാപനങ്ങളിലെ അംഗങ്ങൾ, നിയമ സഭാംഗങ്ങൾ, പാർലമെന്റംഗങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിക്കണം. പെൺകുട്ടികളെയും സ്ത്രീകളെയും ശാക്തികരിക്കേണ്ടതിന്റെയും ലിംഗ സമത്വം ഉറപ്പാക്കേണ്ടതിന്റെയും പ്രാധാന്യം എടുത്തുകാട്ടാൻ അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കാവുന്നതാണ്. പെൺകുട്ടിയുടെ സുരക്ഷ, വിദ്യാഭ്യാസം എന്നിവയ്ക്കായി ഒരു പ്രത്യേക പ്രതിജ്ഞ ഗവൺമെന്റ് സ്വീകരിക്കുകയും അത് ദേശീയ പെൺ ശിശുദിനത്തിൽ എടുക്കുകയും വേണം.

# നിങ്ങൾക്കറിയാമോ

## സിബിൽസ്കോർ

ഇന്ത്യയിലെ ആദ്യത്തെ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി (CIC) യായ ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ (ഇന്ത്യ) ലിമിറ്റഡ് അഥവാ സിബിൽ (CIBIL) സ്ഥാപിതമായത് 2000-ആഗസ്റ്റിലാണ്. ഇന്ത്യൻ സാമ്പത്തികരംഗത്ത് സുപ്രധാന പങ്ക് സിബിലിന് ഉണ്ട്. വായ്പാ ദാതാക്കൾക്ക് തങ്ങളുടെ ബിസിനസ്സ് തടസ്സംകൂടാതെ നടത്തുന്നതിനും വായ്പ ആഗ്രഹിക്കുന്നവർക്ക് ഭേദപ്പെട്ട നിരക്കിൽ അനായാസേന വായ്പ ലഭ്യമാക്കുന്നതിനും സിബിലിന്റെ സഹായം തേടാവുന്നതാണ്. വ്യക്തികളുടെ വായ്പാ തിരിച്ചടവ്, ക്രഡിറ്റ് കാർഡ് എന്നിവയുടെ വിവരങ്ങൾ സിബിൽ ശേഖരിക്കുന്നു. അംഗത്വ ബാങ്കുകളും ക്രെഡിറ്റ് സ്ഥാപനങ്ങളും തങ്ങളുടെ കൈവശമുള്ള രേഖകൾ സിബിലിന് കൈമാറുകയും അതുപയോഗിച്ച് സിബിൽ ക്രെഡിറ്റ് ഇൻഫർമേഷൻ റിപ്പോർട്ട് (CIR) തയ്യാറാക്കുകയും ചെയ്യും. ഈ റിപ്പോർട്ട് അനുസരിച്ച് ഒരു വ്യക്തിയുടെ ക്രെഡിറ്റ് സ്കോർ കണ്ടെത്തുന്നു. വായ്പക്ക് അപേക്ഷിക്കുന്നവരുടെ ക്രെഡിറ്റ് സ്കോർ അനുസരിച്ചാണ് ദാതാക്കൾ, വായ്പ അനുവദിക്കുന്നത്. സിബിൽ തനതായ റെക്കോർഡുകളിൽ ഒരു മാറ്റവും വരുത്താറില്ല. വായ്പാ ദാതാവ് ആദ്യം ശ്രദ്ധിക്കുന്നത് വ്യക്തികളുടെ ക്രെഡീട് സ്കോർ ആയിരിക്കും. സ്കോർ മെച്ചപ്പെട്ടതാണെങ്കിൽ വായ്പ അനുവദിച്ചുകിട്ടാൻ എളുപ്പമായിരിക്കും. സിബിൽ സ്കോർ നിർണയിക്കുന്നതിന് പല മാനദണ്ഡങ്ങളും ഉണ്ട്. അവയിൽ പ്രധാനപ്പെട്ടത് നിങ്ങൾ മുൻപെടുത്ത വായ്പകളുടെയും അവയുടെ തിരിച്ചടവിന്റെയും വിവരങ്ങളാണ്. നിങ്ങളുടെ ക്രെഡിറ്റ് സ്കോർ നിർണയിക്കുന്നതിൽ 35 ശതമാനവും ഈ വിവരങ്ങൾക്കനുസരിച്ചാണ്. ഒരു പ്രാവശ്യം വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ പോലും അത് നിങ്ങളുടെ ക്രെഡിറ്റ് സ്കോറിനെ പ്രതികൂലമായി ബാധിച്ചേക്കാം.

ഏകദേശം 92 ശതമാനം ആൾക്കാരും ക്രെഡിറ്റ് സ്ക്കോറിനെകുറിച്ചും, വായ്പ തിരിച്ചടക്കുന്നതിൽ വരുത്തുന്ന വീഴ്ചകളുടെ ഭവിഷ്യത്തിനെപ്പറ്റിയും ബോധവാൻമാരല്ല എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിനാൽ ഇന്ത്യയിൽ വായ്പാ അവബോധം ജനങ്ങളിൽ വളർത്തിയെടുക്കേണ്ടതുണ്ട്.

## സൂക്ഷ്മാണു വ്യവസ്ഥ

ജോഷ്വാലെഡർ ബർഗാണ് സൂക്ഷ്മാണു വ്യവസ്ഥ എന്ന പദത്തിന്റെ വക്താവ്. മനുഷ്യശരീരത്തിലെ അന്നനാളി, സ്തനഗ്രന്ഥി, തുപ്പൽ, കഫം, കണ്ണിനകത്തുള്ള ചർമ്മപാളി എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന സൂക്ഷ്മാണുക്കളാണ് മൈക്രോബയോം എന്നറിയപ്പെടുന്നത്. ഈ സൂക്ഷ്മണുക്കൾ ജീവന്റെ നിലനിൽപ്പിനാവശ്യമായ പല പ്രവർത്തനങ്ങളും ചെയ്യുന്നവയാണ്. ഘടനാപരമായി സങ്കീർണ്ണവും വ്യത്യസ്ഥവുമാണ്. ഭക്ഷണം ദഹിക്കുന്നതിനും കാർബോ ഹൈഡ്രേറ്റിൽ നിന്ന് ഊർജ്ജം ഉണ്ടാക്കുന്നതിനും ഈ സൂക്ഷ്മാണുക്കൾ ഉപകരിക്കുന്നു. രോഗം പരത്തുന്ന അന്യബാക്ടീരിയകൾ, ഫംഗസുകൾ, പരാന്നഭോജികൾ, വിഷ വസ്തുക്കൾ, വൈറസുകൾ എന്നിവയെല്ലാം നമ്മുടെ ഭക്ഷണത്തിലൂടെ ശരീരത്തിൽ എത്തിപ്പെടാൻ സാധ്യതയുണ്ട്. മൈക്രോബയോമുകൾ അവയെ തുരത്തുന്നതിന് സഹായിക്കുന്നു. ശരീരത്തിനാവശ്യമായ എൻസൈമുകൾ ഉത്പാദിപ്പിക്കുന്നതും ഇവതന്നെയാണ്. വൈറ്റമിൻ $B_1$, $B_2$, $B_3$, $B_6$, $B_{12}$, $K_{21}$ ഫോളിക് ആസിഡ്, പാൻടോതെനിക്ക് ആസിഡ് എന്നിവയുടെ ഉത്പാദനത്തിനും സ്റ്റിറോൾസ്, സെനോബയോട്ടിക് എന്നിവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും മൈക്രോബയോമുകൾ സഹായകകരമാണ്. പ്രോബയോട്ട് എന്നറിയപ്പെടുന്ന സൂക്ഷ്മാണു കുടലിലെ ആസിഡിറ്റി കൂട്ടുകയും ഉപദ്രവകാരികളായ ബാക്ടീരിയയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

മനുഷ്യ ശരീരത്തിൽ ഏതാണ്ട് 100 ട്രില്ല്യൻ സൂക്ഷ്മാണുക്കൾ ഉണ്ട്. മനുഷ്യശരീര കോശങ്ങളെക്കാൾ 10 മടങ്ങ് കൂടുതൽ സൂക്ഷ്മാണു കോശങ്ങൾ ഉണ്ടെങ്കിലും അവയുടെ ഭാരം ഏകദേശം 200 ഗ്രാം മാത്രമേ ഉള്ളു. ഇവയുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധന വരാത്തിടത്തോളം മൈക്രോബയോമുകൾ രോഗകാരികളല്ല. മനുഷ്യശരീരത്തിലുള്ള മൈക്രോബുകൾ ബാക്ടീരിയ ഗണത്തിൽപ്പെട്ടവയല്ല - ഏകകോശ അണുക്കളായ ആർക്കിയ (Archaea) ഗണത്തിൽപെട്ട ഇവ മനുഷ്യ ശരീരത്തിന് ദോഷം വരുത്താതെ സഹവർത്തിക്കുന്നു.

# ദേശീയ വ്യവഹാര നയം

അടുത്ത കാലത്താണ് ഇന്ത്യാ ഗവൺമെന്റ് ദേശീയ വ്യവഹാര നയം രൂപീകരിച്ചത്. ഗവൺമെന്റും, നിരവധി ഗവൺമെന്റ് സ്ഥാപനങ്ങളും വിവിധ കേസുകളുമായി ബന്ധപ്പെട്ട് നിരന്തരം കോടതികളിൽ ഹാജരാകേണ്ട സാഹചര്യങ്ങൾ വർധിക്കുന്ന പശ്ചാത്തലത്തിലാണ് ഇത്തരമൊരു നയ ത്തിന്റെ രൂപീകരണം. ഗവൺമെന്റിനെ ഉത്തരവാദിത്വവും കാര്യപ്രാപ്തിയുമുള്ള ഒരു വ്യവഹാ രിയാക്കുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. കോടതികളിൽ ഗവൺമെന്റിന്റെ കേസുകൾ പരമാവധി കുറയ്ക്കുക, കേസുകളുടെ ദൈർഘ്യം 15 -ൽ നിന്നു മൂന്നു വർഷമായി ചുരുക്കുക, അങ്ങനെ ദേശീയ നിയമ ദൗത്യത്തിന്റെ ലക്ഷ്യം നേടുക തുടങ്ങിയവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുക. പൗരന്മാരുടെ അവ കാശങ്ങൾ, പ്രത്യേകിച്ച് മൗലികാവകാശങ്ങൾ സംരക്ഷിക്കുക ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവാണ് ഈ നിയമത്തിന്റെ മറ്റൊരടിസ്ഥാനം. ഗവൺമെന്റിനു വേണ്ടി വ്യവഹാരങ്ങൾ നട ത്തുന്നവർ ഈ തത്വം മറക്കാൻ പാടില്ല.

**ദൗത്യ പ്രഖ്യാപനം:** ഗവൺമെന്റ് ഇനി മുതൽ പര പ്രേരണ മൂലം പ്രവർത്തിക്കുന്ന ഒരു വ്യവഹാരിയാ കാൻ പാടില്ല. കാര്യങ്ങൾ കോടതിയുടെ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കുക എന്ന സമീപനവും ഒഴി വാക്കണം. അതുപോലെ അനാവശ്യമായ കേസുകളും . മാത്രവുമല്ല, നീതിന്യായ മേഖലയിലെ പരി ഷ്കാരങ്ങളും, ഗവൺമെന്റും പൊതു സ്ഥാപനങ്ങളും നേരിടുന്ന പ്രതിസന്ധികളും ഗവൺമെന്റിനു വേണ്ടി ഹാജരാകുന്നവർ വിസ്മരിക്കരുത്. ക്ഷേമപദ്ധതികൾ, സാമൂഹ്യ പരിഷ്കരണം, ദുർബല വിഭാ ഗങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങി ഗവൺമെന്റിന്റെ സഹായം അത്യാവശ്യമായ മേഖലകൾക്കാണ് മുൻഗണന നല്കേണ്ടത്.


**ഗുണഭോക്താക്കളും ഉത്തരവാദിത്വവും:** ഈ നിയമം പൂർണമായി വിജയിക്കണമെങ്കിൽ നിയമ മന്ത്രാ ലയം, വിവിധ വകുപ്പ് അധ്യക്ഷന്മാർ, ഗവൺമെന്റിന്റെ നിയമ ഉദ്യോഗസ്ഥർ, വ്യവഹാരവുമായി ബന്ധ പ്പെട്ട മറ്റ് ഓഫീസർമാർ തുടങ്ങിയ അതിന്റെ ഗുണഭോക്താക്കൾ അവരുടെ ഉത്തരവാദിത്വം ആത്മാർത്ഥ മായി പാലിക്കണം.നിയമം കർശനമായി നടപ്പാക്കുകയും വേണം. വകുപ്പ് അധ്യക്ഷനാണ് ഉത്തരവാദി ത്വപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കുക. ഉത്തരവാദിത്വമാണ് ഈ നിയമത്തിന്റെ ആണിക്കല്ല്. എല്ലാ തല ങ്ങളിലും അത് ഉറപ്പാക്കണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കോടതികളിൽ ഹാജരാകുന്നവർ, അഭിഭാഷ കർ എല്ലാവർക്കും ഈ ഉത്തരവാദിത്വ ബോധം വേണം. നിയമത്തിന്റെ നടത്തിപ്പും ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും നിരീക്ഷിക്കാൻ ഉന്നതാധികാര കമ്മിറ്റികൾ ഉണ്ടാകും. ഗവൺമെന്റിന്റെ പാനലിൽ ഉൾപ്പെടുത്തേണ്ടവരുടെ കഴിവും പ്രാപ്തിയും മുൻകൂട്ടി പരിശോധിക്കുന്നതിന് സ്ക്രീനിംങ് കമ്മിറ്റി കളെ നിയമിക്കും. സാമർത്ഥ്യം, വൈദഗ്ധ്യം, പ്രത്യേക യോഗ്യത എന്നിവയ്ക്കായിരിക്കും മുൻഗണന.

**ദൗത്യ നിർവഹണ രീതികൾ:** കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് ഗവേഷണ സൗകര്യങ്ങൾ തുടങ്ങി എല്ലാ വിധ ആധുനിക സജ്ജീകരണങ്ങളും ഗവൺമെന്റിന്റെ അഭിഭാഷകർക്ക് ലഭ്യമാക്കും. കേസുകൾ നട ത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ്. കേസ് നടത്തിപ്പ് വൈകുന്നുണ്ടോ, ശരിയായ ദിശയിലാണോ പോകുന്നത് തുടങ്ങിയ കാര്യങ്ങളും അദ്ദേഹം കൃത്യമായി പരിശോധിക്കണം. അപൂർണമായി വിശദീകരണങ്ങൾ നല്കുന്ന ഏർപ്പാട് ഇനി ഇല്ല. അങ്ങിനെ വന്നാൽ ഉത്തരവാദിത്വം അഭിഭാഷകനായിരിക്കും. അനാവശ്യമായി കേസുകൾ മാറ്റി വച്ചാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ അക്കാര്യം മേലുദ്യോഗസ്ഥനെ അറിയിക്കണം. മേലുദ്യോഗസ്ഥൻ അക്കാര്യം പരിശോധിച്ച് കേസ് മാറ്റി വയ്ക്കുന്നതിന്റെ കാര്യകാരണങ്ങൾ വിലയിരുത്തണം. അലംഭാവമോ കുറ്റങ്ങളോ ശ്രദ്ധയിൽപെട്ടാൽ ഇത്തരം സംഭവങ്ങൾ ഉന്നതാധികാര സമിതിയുടെ തീരുമാനത്തിനു വിടും. വീഴ്ച്ച അഭിഭാഷകരുടെ ഭാഗത്തു നിന്നാണെങ്കിൽ സസ്പെൻഷനോ ഗവൺമെന്റ് പാനലിൽ നിന്ന് പുറത്താക്കലോ ഉറപ്പ്.

**പൊതു താല്പര്യ വ്യവഹാരം:** പൊതു താല്പര്യ വ്യവഹാരങ്ങൾ സന്തുലിതമായ കാഴ്ച്ചപ്പാടിൽ കൈകാര്യം ചെയ്യണം. ഗവൺമെന്റുകൾ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ കോടതിക്കു സാധിക്കുന്നു എന്ന ധാരണയാണ് പൊതു താല്പര്യ ഹർജികളുടെ അടിസ്ഥാനം. പൊതു താല്പര്യ ഹർജികളുടെ പ്രളയ ത്തിനു കാരണം ഗവൺമെന്റിന്റെ അനാസ്ഥയാണ് എന്നൊരു കാഴ്ച്ചപ്പാടും ഉണ്ട്. ഈ കാഴ്ച്ചപ്പാടാണ് മാറേണ്ടത്.

**കാലതാമസം:** വൈകുന്ന കേസുകൾ പുനപരിശോധിച്ച് കാര്യങ്ങൾ പഠിച്ച് വിലയിരുത്തി അവയെയോ ഗ്യതയനുസരിച്ച് തരം തിരിക്കേണ്ടത് അറ്റോർണി ജനറലിന്റെയും സൊളിസിറ്റർ ജനറലിന്റെയും ഓഫീ സുകളുടെ ഉത്തരവാദിത്വമാണ്. ഇത്തരം കേസുകൾ ലിസ്റ്റ് ചെയ്ത് വിഷയക്രമത്തിൽ തരം തിരിക്ക ണം. കേസിന്റെ വിഷയവും ഗൗരവ നിലവാരവും അനുസരിച്ചുള്ള തരം തരിവാണ് നടത്തേണ്ടത്. ഈ തരംതിരിവിനും പാനലുകളെ നിയമിക്കണം. അവർ കേസുകൾ പഠിച്ച് പിൻവലിക്കേണ്ടവ പ്രത്യേകം കണ്ടെത്തും. ഇതെല്ലാം സമയ ബന്ധിതമായി നടക്കണം.

**Yojana (Malayalam) February 2015 Rs. 10 RNI. 22588/72 Postal Regn. Regd. KL/TV (S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/ 2015-17
Published on 1/2/2015




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – രാജേഷ് കെ. ഝാ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം., എഡിറ്റർ – ആർ.കെ. പിള്ള**